# ഇവൻ യേശു

## ഒരു മനുഷ്യപുത്രന്റെ ജീവിതകഥ



242.

അലോഷ്യസ് ഡി. ഫെർണാന്റസ്

ജനജാഗൃതി പ്രസാധകസംഘം

# ഇവൻ യേശു

ഒരു മനുഷ്യപുത്രന്റെ ജീവിതകഥ

PG Library & Research Center

# ഇവൻ യേശു

## ഒരു മനുഷ്യപുത്രന്റെ ജീവിതകഥ

8622

**അലോഷ്യസ് ഡി. ഫെർണാന്റസ്**

PC Library & Research Center

**2009**

ജനജാഗൃതി പ്രസാധകസംഘം

പുന്നപ്ര നോർത്ത് പി. ഒ. ആലപ്പുഴ - 688 014

242

2009

**Ivan Yesu**

(Events in life-experiences)

**Aloysius D. Fernandez**

© Aloysius D. Fernandez

All rights reserved. No part of this publication may be reproduced or transmitted, in any form or by any means, without written permission from the Author.

*Cover Design:*
Bijo Varghese

*Published by:*
Janajagrthy Prasadhaka Sangham, Punnapra North P. O.
Alappuzha - 688 014
Phone: 0477 - 2287602
e-mail: oraeditors@gmail.com

ISBN: 978-81-7495-208-0

# ഒരു വാക്ക്

യേശുവിന്റെ ജീവിതകഥയെഴുതാൻ ഞാനാളല്ല. പിന്നെ ഈ സാഹസത്തിനു എന്നെ പ്രേരിപ്പിച്ചതിന്റെ പിന്നിൽ നീണ്ടൊരു അനുഭവകഥയുണ്ട്. കഴിഞ്ഞ 39 വർഷത്തെ ഒദ്യോഗികവും അനൗദ്യോഗികവുമായ വൈദികജീവിതസരണിയിൽ കേൾക്കേണ്ടിവന്ന തീർത്തും അരോചകവും വേദനാജനകവുമായ സ്ഥിരം പല്ലവിയുണ്ട്: യേശു എല്ലാ പ്രശ്നത്തിനും ഉത്തരം, യേശു ക്രൈസ്തവരുടെ കുത്തക, യേശു ഏക രക്ഷകൻ തുടങ്ങിയവ. അങ്ങനെ യേശുവും ക്രിസ്ത്യാനികളും രക്ഷിക്കപ്പെട്ടവരും തമ്മിൽ ഏതോ നിഗൂഢബന്ധമുള്ളതുപോലെ. ഇവിടെ നിക്ഷിപ്തതാല്പര്യം ഉണ്ടെന്നാണ് എന്റെ നിരീക്ഷണം.

യേശു ആരുടെയും കുത്തകയല്ല. മനുഷ്യവംശത്തിന്റെ സമ്പത്താണ്. ലോകത്തെ ഓരോ വ്യക്തിക്കും ഈ സമ്പത്തിൽ അവകാശവും അധികാരവുമുണ്ട്. യേശുവിനെ കുത്തകയാക്കി ക്രിസ്തീയ കാരാഗൃഹത്തിൽ വച്ചിരിക്കുന്നവരിൽ നിന്നു വിമോചിപ്പിക്കുക എന്ന ഉത്തരവാദിത്വം ഏതു മാനവന്റെയും ധർമ്മമാണ്. ഈ വസ്തുതയെ എങ്ങനെ കാര്യക്ഷമമായി ജനസമക്ഷം അവതരിപ്പിക്കാമെന്ന ചിന്തയുടെ പ്രതിഫലനമാണീ ലഘുഗ്രന്ഥം. അതുകൊണ്ടുതന്നെ അതിനൊരു അവതാരിക ആവശ്യമില്ല. യേശുവിനെപ്പറ്റിയുള്ള എന്റെ ഹൃദയത്തുടിപ്പുകൾ ജനസമക്ഷം അവതരിപ്പിക്കുക മാത്രം ചെയ്യട്ടെ. സദയം സ്വീകരിച്ചാലും.

ഈ കുറിപ്പിനു ധാരാളം പേരുടെ പിന്തുണയും സഹകരണവും ലഭിച്ചിട്ടുണ്ട്. എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. പ്രത്യേകിച്ച് സർവ്വശ്രീ എൻ.ജി. ശാസ്ത്രി, സി. പി. സുധാകരൻ, കൊച്ചുമോൾ എം. റ്റി., ഡെൽസൺ എം. സ്കറിയ, ഒ. പി. പ്രസന്നകുമാർ എന്നിവർക്കും ഇതിന്റെ പ്രസിദ്ധീകരണച്ചുമതല ഏറ്റെടുത്ത ജനജാഗൃതി പ്രസാധകസംഘത്തിനും നന്ദിയുടെ കൂപ്പുകൈ.

**അലോഷ്യസ് ഡി. ഫെർണാന്റസ്**

## അലോഷ്യസ് ഡി. ഫെർണാന്റസ്

കൊല്ലം ജില്ലയിലെ കുമ്പളത്തു വലിയവിളപൊയ്കയിൽ 1947 ആഗസ്റ്റ് 29 നു ജനനം. അച്ഛൻ, ദാവീദ് വി. ഫെർണാന്റസ്. അമ്മ, ത്രേസ്യാമ്മ. 10 മക്കളിൽ അവസാനത്തെയാൾ.

സ്കൂൾ വിദ്യാഭ്യാസം: കുമ്പളത്ത് സെന്റ് മേരീസ് സ്കൂൾ, തങ്കശ്ശേരി ഇൻഫന്റ് ജീസസ്. 9 വർഷത്തെ സെമിനാരി വിദ്യാഭ്യാസം. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ബി.ഡി., അമേരിക്കയിലെ ബോസ്റ്റൺ കോളേജിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം. 1970 ൽ പൗരോഹിത്യം സ്വീകരിച്ചു.

ബാംഗ്ലൂർ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കമ്മ്യൂണിറ്റി ഓർഗനൈസേഷൻ കോഴ്സിൽ സർട്ടിഫിക്കറ്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസും അമേരിക്കൻ കൗൺസിലേഴ്സ് അസോസിയേഷനും ട്രാഡയും സംയുക്തമായി നടത്തിയ അഡ്വാൻസ്ഡ് സൈക്കോ തെറാപ്പിയിലും കൗൺസിലിംഗിലും ഡിപ്ലോമ, ന്യൂഡൽഹിയിലെ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സോഷ്യൽ വർക്കേഴ്സ് പ്രൊമോഷൻ കോഴ്സിൽ ഡിപ്ലോമ, ഡോ. എം. എം. തോമസിൽ നിന്ന് സോഷ്യൽ ആക്ഷനെപ്പറ്റിയും ഫാ. സെബാസ്റ്റ്യൻ കാപ്പനിൽ നിന്ന് മാർക്സിസത്തിന് ഒരു മുഖവുര എന്നതിനെപ്പറ്റിയും ഗുരുകുല അനുഭവപഠനം, ബ്രസീലിൽ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളുമായുള്ള ആഭിമുഖ്യ സർട്ടിഫിക്കറ്റ്.

ദരിദ്ര പക്ഷപാതിത്വത്തിൽ അടിയുറച്ച യേശുദർശനത്തെയും അതിന്റെ വിമോചന ദൗത്യത്തെയും കണ്ടറിഞ്ഞ് ഔദ്യോഗിക പൗരോഹിത്യ വഴികളിൽ നിന്ന് വേറിട്ടു നടക്കാൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളി സമരമുഖത്തും, ദലിത് ജീവിതമേഖലകളിലും കൂടുതൽ കർമ്മനിരതനായി. വിവിധങ്ങളായ ജനകീയസംഘങ്ങളുടെ രൂപീകരണത്തിലും അവയുടെ ഐക്യവേദിയായ ജനകീയസംഘ ഏകോപനസമിതിയുടെ വളർച്ചയിലും മൗലികമായി ഇടപെട്ടു.

ക്രിസ്തുദർശനത്തിലെ മാർക്സിയൻ ചിന്താധാരകളെയും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലെ ക്രിസ്തുദർശനങ്ങളെയും മനുഷ്യവിമോചനത്തിനായി സമന്വയിപ്പിച്ചു വളർത്തുന്നതിൽ ബദ്ധശ്രദ്ധൻ.

ക്രൈസ്തവസഭയുടെ സ്ഥാപിത-സമ്പന്ന താത്പര്യങ്ങളെ പൊളിച്ചെഴുതുന്നതിനും സാമൂഹ്യമാറ്റത്തിനുമായി നിലപാടെടുത്ത ഓറ മാസികയുടെ സ്ഥാപകാംഗം; ഇപ്പോൾ മുഖ്യ ഉപദേഷ്ടാവ്. ഒപ്പം, സാമൂഹ്യ-സാംസ്കാരിക പ്രതിരോധ സംഘമായ ജനജാഗൃതിയുടെ ഡയറക്ടർ.

സഭയുടെ ഔദ്യോഗിക പൗരോഹിത്യ ചിഹ്നങ്ങളുടെയും അധികാരങ്ങളുടെയും യേശുവിരുദ്ധതയും അപമാനവികതയും ബോദ്ധ്യപ്പെട്ട്, 39 വർഷത്തെ പൗരോഹിത്യജീവിതത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട്, മതനിരപേക്ഷതയിലും സ്വാതന്ത്ര്യത്തിലും പാരസ്പര്യത്തിലും മാനവികതയിലും ലിംഗസമത്വത്തിലും സംഘാത്മകതയിലും പ്രാപഞ്ചികതയിലും ഊന്നിയ ജനകീയ ബദലുകൾ പ്രായോഗികമാക്കാൻ ശ്രമിച്ചുവരുന്നു. കൊച്ചുമോൾ എം. റ്റിയാണു കൂട്ടുകാരി.

പിന്നിട്ട വൈദിക ജീവിതവഴികളെ ആവിഷ്കരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ആത്മകഥ 'കറുത്ത കുർബ്ബാന - ഞാൻ നടന്ന വഴികൾ' വായനാലോകത്തിന് നവ്യാനുഭവമായി. കർത്തൃത്വത്തെ തന്നെ പുതുക്കി പണിയാനും പുതുലോകത്തെ ഊതിക്കാച്ചാനും ഉതകുന്ന മുപ്പതോളം പുസ്തകങ്ങൾ രചിച്ചു.

**പുസ്തകങ്ങൾ**

1. കറുത്ത കുർബ്ബാന - ഞാൻ നടന്ന വഴികൾ (ആത്മകഥ)
2. അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ (ലേഖനങ്ങൾ)
3. മരണത്തിലൂടെ ജീവൻ (ലേഖനങ്ങൾ)
4. നേർക്കാഴ്ചകൾ (ലേഖനങ്ങൾ)
5. ആത്മീയതയുടെ സൂപ്പർമാർക്കറ്റ് (ലേഖനങ്ങൾ)
6. സോളമനച്ചൻ ആത്മസമർപ്പണത്തിന്റെ പ്രതീകം (ജീവിതചരിത്രം)
7. വിഭജിക്കപ്പെട്ട സമൂഹം (ലേഖനങ്ങൾ)
8. ഒരു ഫെമിനിസ്റ്റാവുക (പഠനം)
9. തിരുമേനിമാർക്ക് യേശു മാപ്പുതരില്ല (പഠനം)
10. ഒരു പുരോഹിതന്റെ ഡയറിക്കുറിപ്പുകൾ (അനുഭവം)
11. പെരുവട്ടന്മാരുടെ സുവിശേഷം (ബദൽ പഠനം)
12. ബൈബിൾ - കറുത്തനീതിയുടെ പാഠപുസ്തകം (ലേഖനങ്ങൾ)

13. മണ്ണും പെണ്ണും കറുത്ത ദൈവവും (ലേഖനങ്ങൾ)
14. സൗഹൃദത്തിന്റെ രസതന്ത്രം (പഠനം)
15. ഓർമ്മകളിലെ വേനലും വസന്തവും (അനുഭവം)
16. വെളുത്ത ദൈവത്തെ കൊല്ലുക (ലേഖനങ്ങൾ)
17. ഞങ്ങൾക്കു ബറാബാസിനെ മതി (പഠനം)
18. പുതിയ ഗാഗുൽത്തകൾ (ലേഖനങ്ങൾ)
19. ഒതപ്പ് നൽകുന്നവർ (ലേഖനങ്ങൾ)
20. വിൽക്കാനുണ്ട് ബ്രഹ്മചര്യം (ലേഖനങ്ങൾ)
21. ഒരു പുരോഹിതന്റെ ജീവിതരേഖ (അനുഭവം)
22. വിവാഹ സർട്ടിഫിക്കറ്റ് (ലേഖനങ്ങൾ)
23. അനുഭവങ്ങൾ - തണൽമരങ്ങൾ, തീക്കനലുകൾ (അനുഭവം)
24. കത്തോലിക്കാസഭയുടെ ചാവുദോഷങ്ങൾ (ലേഖനങ്ങൾ)
25. ഇവൻ യേശു - ഒരു മനുഷ്യപുത്രന്റെ ജീവിതകഥ (ജീവിതചരിത്രം)
26. പ്രപഞ്ച സിംഫണി (ബദൽ പഠനം)
27. അരാഷ്ട്രീയക്കാരന്റെ രാഷ്ട്രീയം (ലേഖനങ്ങൾ)
28. The Chemistry of Intimacy (A Study)
29. പുന്നപ്രവയലാർ സമരം - അനുഭവങ്ങളിലൂടെ (എഡിറ്റർ)

**വിലാസം:**
**ജനജാഗൃതിഭവൻ,**
**പുന്നപ്ര നോർത്ത് പി. ഒ.,**
**ആലപ്പുഴ - 688014**
**ഫോൺ: 0477-2287602**

## ഉള്ളടക്കം


1. ദൈവത്തെയും മാമോനെയും ഒന്നിച്ചു സേവിക്കുക അസാദ്ധ്യം ........ 11
2. യേശുവിന്റെ ജനനത്തെപ്പറ്റി ........ 14
3. നസ്രസത്തിലെ യേശുവിന്റെ കുടുംബം ........ 18
4. യേശുവിനു വഴിയൊരുക്കിയ സ്നാപകയോഹന്നാൻ ........ 22
5. യേശുവിന്റെ പരീക്ഷണങ്ങൾ ........ 25
6. മെത്തനോയിയ ........ 27
7. സുവിശേഷപ്രഖ്യാപനം ........ 30
8. യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാർ ........ 33
9. വിപുലപ്പെടുന്ന ശിഷ്യഗണം ........ 35
10. സുവിശേഷ ഭാഗ്യങ്ങൾ ........ 37
11. യേശുദർശനത്തിലെ മൂല്യവിപ്ലവം ........ 42
12. ദാനധർമ്മം, പ്രാർത്ഥന, ഉപവാസം ........ 45
13. യേശുശിഷ്യത്വത്തിന്റെ വില ........ 48
14. പൂർണ്ണ മനുഷ്യത്വത്തിലേയ്ക്കുള്ള യാത്ര ........ 50
15. യേശുവിന്റെ പന്തിഭോജനം ........ 53
16. കുടുംബത്തിന് ഒരു പാഠഭേദം ........ 55
17. യേശുവിന്റെ സൗഹൃദങ്ങൾ ........ 57
18. യേശുവും സ്ത്രീകളും ........ 59
19. ഉപമകളിലൂടെ സംസാരിക്കുന്ന യേശു ........ 62
20 സാബത്തു മനുഷ്യനു വേണ്ടി ........ 67
21. സമ്പന്നരും ദരിദ്രരും ........ 69

22. ജെറുസലേം ദേവാലയത്തിൽ ചുഴറ്റിയ ചാട്ടവാർ .................... 71
23. ഒന്നാമൻ എല്ലാവരുടെയും ദാസൻ .................................................. 73
24. ജെറുസലേമിലേയ്ക്കുള്ള ജനകീയ പ്രതിരോധയാത്ര .......... 75
25. യേശുവിന്റെ അന്ത്യ അത്താഴം ................................................ 78
26. സത്യത്തിനു സാക്ഷ്യം നല്കിയ ഒരു രാഷ്ട്രീയ
കൊലപാതകം ................................................................................ 80
27. യേശുവിന്റെ ഉയിർപ്പ്, മനുഷ്യകുലത്തിന്റെ
ഉയർപ്പിന്റെ പ്രതീകം ..................................................................... 86

# 1. ദൈവത്തെയും മാമോനെയും ഒന്നിച്ചു സേവിക്കുക അസാദ്ധ്യം

ഒരനുഭവം കൊണ്ടു ഈ ചെറു പുസ്തകക്കുറിപ്പ് ആരംഭിക്കാമെന്നു കരുതുന്നു. ഞങ്ങൾ ചെറിയൊരു സംഘം യുവാക്കൾ, ഫാ. സോളമനുൾപ്പെടെ, മദ്രാസിലെ ഫാ. സെബാസ്റ്റ്യൻകാപ്പന്റെ വസതിയിൽ ഗുരുകുല മാതൃകയിൽ മാർക്സിസം പഠിക്കാൻ കൂടി. 1959 ൽ കേരളത്തിൽ അരങ്ങേറിയ കുപ്രസിദ്ധ വിമോചനസമരം കഴിഞ്ഞു ശാസ്ത്രീയമായി മാർക്സിസത്തെ എതിർക്കാർ വേണ്ടി മാർക്സിസത്തിൽ ഉപരിപഠനത്തിനു യൂറോപ്പിലേയ്ക്കു വിടുകയും എന്നാൽ തിരിച്ചു കേരളത്തിൽ വന്നു മാർക്സിസം പഠിപ്പിക്കുകയും ക്രൈസ്തവദർശനത്തെ മാർക്സിയൻ ചിന്താധാരയുമായി ബന്ധിപ്പിക്കുകയും ചെയ്ത ഒരു വ്യക്തിയാണു കാപ്പനച്ചൻ. 10 ദിവസത്തേക്കായിരുന്നു ഞങ്ങളുടെ ഗുരുകുല പഠനസമയം. അദ്ദേഹം ക്ലാസ് ആരംഭിച്ചത് 'ദസ് കാപ്പിറ്റലി' (മൂലധനം)ന്റെ ആദ്യവോള്യം വായിച്ചുകൊണ്ടാണ്. മാർക്സിസത്തെപ്പറ്റി, സെമിനാരി പഠനവേളയിൽ ലഭിച്ച ചില മുൻവിധികളൊഴികെ കാര്യമായിട്ടു ഒന്നും അറിയില്ലായിരുന്ന ഞങ്ങളുടെ മുമ്പിൽ, മാർക്സിസത്തിന്റെ തത്വശാസ്ത്രഗ്രന്ഥമായ 'മൂലധനം' വായിച്ചുകൊണ്ടു ക്ലാസ് തുടങ്ങിയ അച്ചന്റെ സമീപനത്തിൽ ഞങ്ങൾക്കു അത്ഭുതം തോന്നി. മാർക്സിസത്തിന്റെ കുറച്ചു ബാലപാഠങ്ങൾ പഠിച്ചിട്ടു പോരേ 'മൂലധന'ത്തിലേക്കും 'മാനിഫെസ്റ്റോ'യിലേക്കും പോവുക എന്നു ഞങ്ങൾ ആരാഞ്ഞു. അതിനോടുള്ള അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "Read Marx; do not read on Marx.' മാർക്സിനെ വായിക്കുക, മാർക്സിസത്തെപ്പറ്റി വായിക്കാതിരിക്കുക. ഗഹനമായ തത്വശാസ്ത്രവും മറ്റും മനസ്സിലാക്കാൻ, അവയെ ലളിതവസത്ക്കരിച്ച കമന്ററികളും മറ്റും വായിച്ചു കുറച്ചൊക്കെ മനസ്സിലാക്കിയിട്ടു മൂലഗ്രന്ഥത്തിലേക്കു പോകാം എന്നതാണു പൊതുവേ നമ്മളൊക്കെ ചെയ്യാറുള്ളത്. കാപ്പനച്ചൻ ഈ സമീപനത്തെ അടിമുടി എതിർത്തു. ഇതു യഥാർത്ഥ വസ്തുവിൽ നമ്മെ എത്തിക്കുകയില്ല എന്നാണ് കാപ്പനച്ചന്റെ വിചിന്തനം. മൂലകൃതിയിൽ നിന്നു തന്നെ തുടങ്ങണം. അവിടെ അതിന്റെ യഥാർത്ഥ

അർത്ഥവും ചൈതന്യവും നാം കണ്ടെത്തും എന്നായിരുന്നു അദ്ദേഹത്തിന്റെ വ്യക്തമായ നയം. 10 ദിവസവും ഞങ്ങൾ മൂലധനവും മാനിഫെസ്റ്റോയും മാത്രം വായിച്ചു പഠിച്ചു. വിചിന്തനം നടത്തി. അവസാനം കാപ്പനച്ചനോടു നൂറു ശതമാനവും യോജിക്കുകയാണ് ചെയ്തത്.

മൂലധനം ദിവസേന വായിച്ച് അതിനെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്തു. മൂലധനം അഥവാ ക്യാപ്പിറ്റലിന്റെ അപാരമായ വശ്യതയെപ്പറ്റി ഞങ്ങൾ വളരെ ആഴത്തിൽ ചർച്ച ചെയ്യുകയും മനസ്സിലാക്കുകയും ചെയ്തു. മൂലധനത്തിന്റെ അവാച്യമായ സ്വാധീനവും അനിർവചനീയമായ സാധ്യതകളും മനുഷ്യനെ പിടിച്ചുകുലുക്കാനുള്ള അസാധാരണമായ ശക്തിവിശേഷവും മറ്റും ഞങ്ങൾ പരസ്പരം ചർച്ച ചെയ്തു.

എല്ലാ ദിവസവും പ്രഭാതത്തിൽ ഞങ്ങൾ സംഘമായിരുന്നു പ്രകൃതിവന്ദനം നടത്തുക പതിവായിരുന്നു. ചിലപ്പോൾ മൗനമായിട്ട്, ചിലപ്പോൾ ഏതെങ്കിലും ഒരു ഭാഗം വായിച്ചുകൊണ്ട്, ചിലപ്പോൾ പ്രകൃതിയിലെ എന്തെങ്കിലും ഒരു സൃഷ്ടിയെ കേന്ദ്രീകരിച്ചുകൊണ്ട് - ഇങ്ങനെ പല രീതിയിലായിരുന്നു പ്രഭാത പ്രകൃതിവന്ദനം നടത്തിയിരുന്നത്. അഞ്ചാം ദിവസം രാവിലെയുള്ള വന്ദനത്തിന്റെ ചുമതല എനിക്കായിരുന്നു. അന്നു ഞാൻ ചിന്തയ്ക്കുവേണ്ടി വായിച്ചതു ബൈബിളിലെ പുതിയനിയമത്തിലെ ലൂക്കാ എഴുതിയ സുവിശേഷത്തിലെ 16 -ാം അദ്ധ്യായത്തിലെ 13 -ാം വാക്യമാണ്. "ഒരു ഭൃത്യനു രണ്ടു യജമാനന്മാരെ സേവിക്കാൻ സാധിക്കുകയില്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുവനോടു ഭക്തി കാണിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മൂലധനത്തെയും (സമ്പത്തിനെയും/ധനദേവതയെയും/മാമോനെയും) ഒന്നിച്ചു സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല."

യേശുപഠനത്തിന്റെ ഈ ഉൾക്കാമ്പിലേയ്ക്ക് എത്തിച്ചത് മാർക്സാണ്. മാർക്സിന്റെ മൂലധനം എത്രമാത്രം വശ്യശക്തിയുള്ള, സർവ്വശക്തിയുള്ള ഒരു പ്രതിഭാസമാണെന്നു മനസ്സിലാക്കിയപ്പോൾ, യേശുവിന്റെ വാക്യത്തിന്റെ ആഴം എത്ര അഗാധം എന്നു മനസ്സിലായി. അതെ, ദൈവത്തെയും പണത്തെയും ഒന്നിച്ചു സേവിക്കുക സാധ്യമല്ല എന്നതാണു യേശുവിന്റെ എല്ലാ പഠനത്തിന്റെയും കാതൽ. ദൈവവും മാമോനും ഒത്തുപോകില്ല എന്നത് ഒരു പ്രപഞ്ചസത്യവും!

ഇതു എനിക്കു കിട്ടിയ ഉൾക്കാഴ്ച. അതുപോലെ ഈ കൊച്ചുപുസ്തകത്തിൽ യേശുവിനെ ഞാൻ പരിചയപ്പെടുത്താൻ ശ്രമിക്കുക

യാണ്. അവിടെ കാപ്പനച്ചൻ പറഞ്ഞ അതേ പരിമിതി നിങ്ങൾക്കും അനുഭവപ്പെടും. യേശുവിനെ ശരിക്കും കണ്ടെത്താൻ യേശുവിനെ ത്തന്നെ കേൾക്കുകയാകും കൂടുതൽ അഭികാമ്യം. അതായത് ബൈബിളിലെ മത്തായി, മാർക്കോസ്, ലൂക്കോസ് എന്നിവരുടെ പേരിൽ എഴുതപ്പെട്ടിരിക്കുന്ന സുവിശേഷങ്ങൾ നേരിട്ടു വായിക്കുക. യേശുവിനെപ്പറ്റിയുള്ള യോഹന്നാന്റെ സുവിശേഷമാകുമ്പോൾ അദ്ദേ ഹത്തിന്റെ വ്യാഖ്യാനങ്ങളൊക്കെ കടന്നുകയറിക്കഴിഞ്ഞു.

ഇങ്ങനെ യേശുവിനെപ്പറ്റിയുള്ള വ്യാഖ്യാനങ്ങളിൽ ദൃഷ്ടിപതി പ്പിക്കാതെ യേശുവിലേക്കു മാത്രം സഞ്ചരിച്ചതിന്റെ ഫലശ്രുതിയാണ് ഈ പുസ്തകം. പ്രിയ വായനക്കാർ യഥാർത്ഥ യേശുവിനെ കണ്ടറി യാൻ സുവിശേഷങ്ങളിലേയ്ക്കു തന്നെ പോകണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെയുള്ള ബൈബിൾ വായനയിലേക്ക് നയിച്ചേ ക്കാവുന്ന ഒരു കൈത്തിരിയായെങ്കിലും എന്റെ ഈ രചനാശ്രമം നിങ്ങൾക്ക് ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

# 2. യേശുവിന്റെ ജനനത്തെപ്പറ്റി

ബൈബിളിലെ യേശുവിനെ ഒരു പൈതലായി ബത്‌ലഹേമിലെ ഒരു കാലിത്തൊഴുത്തിൽ നാം കണ്ടുമുട്ടുന്നു. അതിനുള്ള ചരിത്രപരമായ തെളിവ് എന്നു പറയുന്നതു ബൈബിളിലെ പുതിയനിയമത്തിലെ ആദ്യപുസ്തകങ്ങളായ നാലു സുവിശേഷങ്ങളാണ്.

ഒന്നാമത്തേത്, മത്തായി എഴുതിയ സുവിശേഷം. യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരാളായ മത്തായി ആണ് ഈ സുവിശേഷം രചിച്ചത് എന്ന വിശ്വാസം ആദ്യനൂറ്റാണ്ടു മുതലേയുണ്ട്. ഇതിന്റെ മൂലരൂപം ഒന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ, ഏതാണ്ട് എ. ഡി. 75 നും 90 നും ഇടയ്ക്ക്, രചിക്കപ്പെട്ടതായാണ് കരുതപ്പെടുന്നത്. ഈ സുവിശേഷം പ്രത്യേകമായി അഭിസംബോധന ചെയ്യുന്നതു യഹൂദമതത്തിൽ നിന്നും യേശുവിന്റെ ശിഷ്യത്വം സ്വീകരിച്ച ക്രൈസ്തവസമൂഹത്തെയാണ്. ക്രിസ്തുമതം യഹൂദമതത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണെന്നു സ്ഥാപിക്കാൻ സുവിശേഷകൻ ശ്രമിക്കുന്നതായി കാണാം. നൂറ്റാണ്ടുകളായി യഹൂദജനം ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്നു; ആ പ്രതീക്ഷ യേശുവിൽ പൂവണിയുന്നു. അബ്രഹാം മുതൽ ഇങ്ങോട്ടുള്ള വംശാവലിയും ദാവീദിന്റെ പുത്രനാണ് യേശു എന്ന വിശേഷണവും ഈ ബന്ധമാണ് സൂചിപ്പിക്കുന്നത്. യഹൂദജനത പ്രതീക്ഷിച്ച സ്വർഗ്ഗരാജ്യത്തെ യേശു ദൈവരാജ്യമെന്നു വിശേഷിപ്പിക്കുകയും അതു തന്റെ ശുശ്രൂഷയുടെ മുഖ്യപ്രമേയമായി മാറ്റുന്നതായും കാണുന്നു. യഹൂദജനതയുടെ ഇടുങ്ങിയ ദേശീയ ചിന്താഗതിയിൽ നിന്നു യേശുവിന്റെ പഠനം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ രക്ഷയിലേക്കു വഴിവയ്ക്കുന്നു എന്നും ഈ സുവിശേഷകൻ പറയുന്നു.

രണ്ടാമത്, മാർക്കോസ് എഴുതിയ സുവിശേഷം. എ. ഡി. 65 നും 70 നും ഇടയ്ക്ക് റോമിൽ വച്ച് ഈ സുവിശേഷം എഴുതി എന്നാണ് പരമ്പരാഗത വിശ്വാസം. ബൈബിളിലെ മറ്റു പലയിടത്തുമുള്ള സൂചനകളുടെ വെളിച്ചത്തിൽ ബർണബാസിന്റെ പിതൃസഹോദരപുത്രനും, പൗലോസിന്റെ ആദ്യസുവിശേഷ പ്രഘോഷണയാത്രയിൽ സഹകാ

രിയും, പൗലോസിന്റെ കൂടെ കാരാഗൃഹവാസം അനുഭവിച്ചവനും പത്രോസിന്റെ സഹായികളിൽ ഒരുവനുമാണ് മാർക്കോസ്. യഹൂദരല്ലാത്ത വിജാതീയരിൽ ക്രിസ്തുസന്ദേശം സ്വീകരിച്ചവരെയാണ് പൊതുവേ ഈ സുവിശേഷം അഭിസംബോധനം ചെയ്യുന്നത്. പുറജാതിക്കാരോടുള്ള സംസാരമായതുകൊണ്ടുതന്നെ യേശുവിനെ ക്രിസ്തുവും മനുഷ്യപുത്രനും ദൈവപുത്രനുമാണെന്നു സമർത്ഥിക്കാൻ മാർക്കോസ് പ്രത്യേകം ശ്രദ്ധിക്കുന്നു.

മൂന്നാമത്തേത്, ലൂക്കാ എഴുതിയ സുവിശേഷം. എ. ഡി. 70 നു ശേഷം ഗ്രീസിൽ വെച്ചു എഴുതപ്പെട്ടു എന്നാണ് പൊതു ധാരണ. ലൂക്കാ അന്ത്യോക്യയിൽ വിജാതിയ മാതാപിതാക്കളിൽ നിന്നു ജനിച്ചു. പൗലോസിന്റെ സ്നേഹിതൻ, പൗലോസിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പ്രേക്ഷിതയാത്രകളിലും റോമിലെ കാരാഗൃഹവാസകാലത്തും കൂടെയുണ്ടായിരുന്നവൻ. ഈ വ്യക്തിഗത അനുഭവത്തിൽ നിന്നു തന്റെ സുവിശേഷം പൊതുവേ അഭിസംബോധന ചെയ്യുന്നതു വിജാതിയരുടെ ഇടയിൽ വളർന്നുവന്ന സഭയെയായിരുന്നു. വിജാതിയരുടെ ഗലീലിയിൽ പഠിപ്പിച്ചുകൊണ്ടാണ് യേശു തന്റെ രക്ഷാകരദൗത്യം ആരംഭിക്കുന്നതായി ലൂക്കാ വിശേഷിപ്പിക്കുന്നത്. അതുപോലെ സകലജാതികളോടും രക്ഷയുടെ സദ്വാർത്ത അറിയിക്കാൻ ശിഷ്യരെ ചുമതലപ്പെടുത്തിക്കൊണ്ടാണ് സുവിശേഷം അവസാനിപ്പിക്കുന്നത്. അപ്പസ്തോല നടപടി എന്ന പുതിയനിയമത്തിലെ അഞ്ചാമത്തെ പുസ്തകം എഴുതിയതും ലൂക്കാ ആണെന്നാണ് വിശ്വാസം. യേശുസന്ദേശം സ്വീകരിച്ച ആദ്യക്രൈസ്തവസഭയുടെ ജീവിതചരിത്രമാണ് നടപടി പുസ്തകം.

മത്തായിയും മാർക്കോസും ഉപയോഗിച്ച മൂലരേഖകൾക്കു പുറമേ മറ്റു പാരമ്പര്യങ്ങളും ലൂക്കായുടെ സുവിശേഷ രചനയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നുവേണം അനുമാനിക്കാൻ. കാരണം, മറ്റു സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായി യേശുവിന്റെ ബാല്യകാലസുവിശേഷം, സ്നാപകയോഹന്നാനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ, നല്ല സമരിയാക്കരന്റെ ഉപമ, മാർത്തായെയും മറിയത്തെയും കുറിച്ചുള്ള വിവരണം, ധൂർത്തപുത്രന്റെ ഉപമ, ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ, സക്കേവൂസിന്റെ ചരിത്രം, ഹേറോദേസിന്റെ മുമ്പാകെയുള്ള വിസ്താരം, എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ അനുഭവം തുടങ്ങി, മറ്റു രണ്ടു സുവിശേഷങ്ങളിൽ പരാമർശിക്കാത്ത പല പ്രധാനപ്പെട്ട രേഖകളും ലൂക്കായുടെ സുവിശേഷത്തിന്റെ സവിശേഷതകളാണ്. ചുരുക്കത്തിൽ, തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ പറയുന്നതുപോലെ, ലഭ്യമായ എല്ലാ രേഖകളും

സസൂക്ഷ്മം പരിശോധിച്ചു ക്രമീകൃതമായ ഒരു സുവിശേഷം എഴുതാനാണ് ലൂക്കാ ശ്രമിക്കുന്നത്. അതും തന്നെപ്പോലെയുള്ള വിജാതീയ ക്രിസ്ത്യാനികൾക്കു താല്പര്യം ജനിപ്പിക്കുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, തന്റെ അനുഭവത്തിൽ നിന്നു ഉരുത്തിരിഞ്ഞ ഒരു ക്രിസ്തുദർശനത്തെയാണ് ലൂക്കാ അവതരിപ്പിക്കുന്നത്.

നാലാമത്, യോഹന്നാൻ എഴുതിയ സുവിശേഷം. യോഹന്നാൻ അപ്പസ്തോലന്മാരിൽ ഒരാളാണ്. യേശു പ്രത്യേകം സ്നേഹിച്ച ശിഷ്യൻ എന്നു വിശേഷിപ്പിക്കുന്നതു യോഹന്നാനെയാണ്. സുവിശേഷത്തിൽ രണ്ടു സ്ഥലത്തു താൻ ദൃക്സാക്ഷിയായിരുന്നു (യോഹ. 19:35; 21:24) എന്നു രേഖപ്പെടുത്തുന്നുണ്ട്. എ. ഡി. 95 ൽ എഫേസോസിൽ വച്ചു ഇതിന്റെ രചന പൂർത്തിയായിരിക്കാം എന്നാണ് പൊതു വിശ്വാസം.

ഈ സുവിശേഷം എന്തു ലക്ഷ്യം വയ്ക്കുന്നുവെന്നു ഗ്രന്ഥകാരൻ തന്നെ വ്യക്തമാക്കുന്നുണ്ട്. " ... ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നതു യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്കു അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ. 20:30-31). യേശു ദൈവപുത്രനും ക്രിസ്തുവും ആക്കപ്പെടുന്ന പരിണാമം ഈ സുവിശേഷത്തിൽ പ്രകടമാണ്. അതുകൊണ്ടുതന്നെ വിശ്വാസത്തിന്റെ സുവിശേഷം അഥവാ ജീവന്റെ സുവിശേഷം എന്നും ഇതിനെ വിശേഷിപ്പിക്കാറുണ്ട്. അടയാളങ്ങൾക്കും അത്ഭുതങ്ങൾക്കും ഈ പ്രക്രിയയിൽ യോഹന്നാൻ ഏറെ പ്രാധാന്യം നല്കുന്നതായി കാണാം. അതുപോലെ യേശുവും പിതാവായ ദൈവവും തമ്മിലുള്ള ആത്മീയബന്ധത്തെ പ്രകാശിപ്പിക്കുന്നതും യോഹന്നാനാണ്. യോഹന്നാന്റെ യേശുഅനുഭവം യേശുവിനെ മഹത്വവത്ക്കരിക്കുന്നു. അങ്ങനെ ഈ സുവിശേഷത്തെ അടയാളങ്ങളുടെ പുസ്തകത്തിനൊപ്പം (യോഹ. 1:19-12:50) മഹത്വത്തിന്റെ പുസ്തകം (13:1-20:31) എന്നും വിശേഷിപ്പിക്കാറുണ്ട്.

മത്തായിയും ലൂക്കായുമാണ് യേശുവിന്റെ ജനനത്തെപ്പറ്റി പ്രതിപാദിക്കുന്നത്. മാർക്കോസാണ് ആദ്യം സുവിശേഷം എഴുതിയത്. അദ്ദേഹം യേശുവിന്റെ ജീവിതധർമ്മത്തിലേക്കു നേരിട്ടു കടക്കുകയാണ്. അവിടെ യേശുവിന്റെ ഇടപെടലിലൂടെ തന്റെ ജീവിതദർശനം വ്യക്തമാക്കുകയാണ്. അതേസമയം ചരിത്രത്തിൽ ഏതു വലിയ ആൾക്കും സംഭവിക്കുന്നതുപോലെ, യേശുവിന്റെ ജനനത്തിലും അസാധാരണത്വം കല്പിക്കുവാനാണ് മത്തായിയും ലൂക്കായും ശ്രമി

ക്കുന്നത്. യേശുവിന്റെ ദൈവികതയെ സ്പഷ്ടമാക്കാൻ സഹായക മാകുമാറ് യേശുവിന്റെ അമ്മയായ മറിയത്തിൽ ഒരു 'വിശുദ്ധ'ഗർഭം ഉണ്ടാകത്തക്ക രീതിയിലുള്ള കഥ മെനയാൻ ഗ്രന്ഥകാരന്മാർക്കു സാധിക്കുന്നു. മറിയത്തിന്റെ ഭർത്താവായ യൗസേപ്പിനെ യേശുവിന്റെ വെറും വളർത്തുപിതാവ് എന്ന നിലയിൽ ചിത്രീകരിച്ചിട്ട് സഭാചരിത്രം അദ്ദേഹത്തെ തമസ്കരിക്കുന്നു. അതുപോലെ യേശുവിനെ പ്രസവിച്ചിട്ടും നിത്യകന്യകയായി മറിയം നിലകൊള്ളുന്നു. ഇവയ്ക്കൊക്കെ അന്നു നില നിന്നിരുന്ന പാരമ്പര്യം കൂട്ടുനിന്നു കാണും. ജനനം ഏതു രീതിയിലാ യാലും യേശുവിന്റെ ജീവിതരീതി വ്യക്തമാകുന്നതു സുവിശേഷങ്ങളി ലൂടെയാണ്. ആ യേശുവിനെ കണ്ടെത്താൻ നമുക്കു ശ്രമിക്കാം.

# 3. നസ്രത്തിലെ യേശുവിന്റെ കുടുംബം

നാലു സുവിശേഷങ്ങളും സസൂക്ഷ്മം വായിച്ചാൽ ഒരു കാര്യം വ്യക്തമാകും. യേശു ഗലീലിയിലെ നസ്രത്തിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു; തന്റെ ജനനത്തിൽ അസാധാരണത്വം ഒന്നുമില്ലാതെ. വികസനത്തിന്റെയും അധികാരത്തിന്റെയും ശ്രദ്ധാകേന്ദ്രമായ ജറുസലേമിൽ നിന്നും ജൂദയായിൽ നിന്നും ഏറ്റവും അകലെ സ്ഥിതിചെയ്യുന്ന തീർത്തും അപ്രകസക്തമായ, അവഗണിക്കപ്പെട്ടിരുന്ന, ഒരു കുഗ്രാമത്തിലാണ് യേശു ജനിക്കുന്നത്. തന്റെ ജനനത്തിൽ ദിവ്യതയോ ദൈവികതയോ അസാധാരണത്വമോ ഒന്നുമില്ലെന്നു സുവിശേഷങ്ങളുടെ അന്തർധാര വ്യക്തമാക്കുന്നു. “ഇവൻ എവിടെ നിന്നു വരുന്നു എന്നു നമുക്കറിയാം” (യോഹ. 7:27). ഏതൊരു പൗരനും രാജകല്പന അനുസരിച്ചു, പേര് എഴുതിച്ചേർക്കാൻ അവരവരുടെ നഗരത്തിൽ എത്തണം. അങ്ങനെ ജോസഫും ഗർഭിണിയായ മറിയവും ബത്‌ലഹേമിലേക്കു പോവുക സ്വാഭാവികം. അവിടെ, അവൾക്കു പ്രസവസമയമാകുകയും, ഇങ്ങനെ പലയിടങ്ങളിൽ നിന്നു ധാരാളം പേർ അവിടേയ്ക്കു വരികയാൽ സത്രത്തിൽ താമസിക്കാൻ ഇടം ഇല്ലാതാകുന്നതും സ്വാഭാവികം. പ്രസവം പിടിച്ചു നിർത്താവുന്നതല്ലല്ലോ! ഉള്ള ഇടത്തിൽ ഉള്ള സൗകര്യത്തിൽ മറിയം പ്രസവിക്കുന്നു. അങ്ങനെ യേശു കാലിത്തൊഴുത്തിലെ പുൽത്തൊട്ടിയിൽ പിറന്നുവീഴുന്നതു നമുക്ക് ഏവർക്കും മനസ്സിലാവുന്ന കാര്യമേയുള്ളു. ആ പ്രസവത്തിൽ ദിവ്യ ഇടപെടൽ കൊണ്ടുവന്നതു സാവകാശമാണ്. അത്തരം ഭാവനാവിലാസങ്ങളെ അതർഹിക്കുന്ന ഗൗരവത്തിൽ തള്ളിക്കളയുകയായിരിക്കും ഉചിതം. കാരണം, യേശുവിന്റെ അവസാന നിമിഷം വരെയുള്ള ഓരോ ഇടപെടലിലും ‘അസാധാരണത്വം’ ലവലേശം സ്പർശിച്ചിട്ടില്ല എന്നു വ്യക്തം. തീർത്തും ഒരു സാധാരാണമനുഷ്യന്റെ ചിത്രമാണ് ബൈബിൾ വരച്ചുകാട്ടുന്നത്. അതുതന്നെയാണ് അദ്ദേഹത്തിന്റെ വലിപ്പവും.

യേശുവിന്റെ കുടുംബം ഒരു സാധാരണ ദരിദ്രകുടുംബമെന്ന സൂചനയും ബൈബിൾ നല്കുന്നുണ്ട്. യഹൂദപാരമ്പര്യമനുസരിച്ച്

കടിഞ്ഞൂൽപുത്രന്മാരെ കർത്താവിനു സമർപ്പിക്കുന്ന രീതിയുണ്ട്. ഈ സമർപ്പണത്തിന്റെ പ്രതീകമായി കാഴ്ചവസ്തുവോ ഒരു ജോടി ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ആയിരിക്കണമെന്നു നിയമമുണ്ട്. ദരിദ്രർക്കുള്ളതായ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയാണ് യേശുവിന്റെ മാതാപിതാക്കളായ ജോസഫും മറിയവും ദൈവത്തിനു സമർപ്പിച്ചത്. ജോസഫ് ഒരു തച്ചൻ, മറിയം ഒരു വീട്ടമ്മ; അത്ര ലളിതവും സാധാരണവുമായ കുടുംബപശ്ചാത്തലം.

യേശുവിന്റെ ജനനവും ബാല്യവും സംബന്ധിച്ചു ബൈബിൾ എഴുതിച്ചേർത്തിരിക്കുന്ന അസാധാരണത്വങ്ങളൊക്കെത്തന്നെ, ഏതൊരു വലിയ മനുഷ്യന്റെയും ജീവിതചരിത്രത്തിൽ പിൻഗാമികൾ സരസമായും ഭാവനാത്മകമായും ആലങ്കാരിക രീതിയിൽ എഴുതിച്ചേർത്തതാണെന്നു മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടില്ല. ഉദാഹരണത്തിന്, പുരുഷനെ അറിയാത്ത ദിവ്യഗർഭം, മാലാഖയുടെ ഇടപെടലുകൾ, ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേയ്ക്കുള്ള പലായനവും, ആൺകുട്ടികളുടെ കൂട്ടക്കൊല, യേശു ദേവാലയത്തിൽ ജ്ഞാനികൾക്കൊപ്പം വാദിക്കുന്നത്, മറിയം സന്ദർശിക്കുമ്പോൾ എലിസബത്തിനുണ്ടാകുന്ന ദിവ്യാനുഭവവും മറിയത്തിന്റെ മറുപടിയും - ഒക്കെത്തന്നെ യേശുവിനെ ദൈവവൽക്കരിക്കുന്നതിന്റെ ആസൂത്രിത നീക്കമാണെന്നുള്ളതു ബൈബിൾ സശ്രദ്ധം വായിക്കുന്നവർക്കു തീർച്ചയായും മനസ്സിലാകും.

ഒരു ഉദാഹരണം കൊണ്ടു ഇതൊന്നു വ്യക്തമാക്കട്ടെ. ലൂക്കായുടെ സുവിശേഷത്തിൽ ഒന്നാം അദ്ധ്യായം 46 മുതൽ 55 വരെയുള്ള വാക്യങ്ങൾ 'മറിയത്തിന്റെ സ്തോത്രഗീതം' എന്നാണറിയപ്പെടുന്നത്. മറിയത്തിന്റെ ചാർച്ചക്കാരിയായ എൽസബത്ത്, അവരുടെ വാർദ്ധക്യത്തിൽ ഗർഭിണിയായതു അറിഞ്ഞു മറിയം അവളെ ശുശ്രൂഷിക്കാൻ പോകുന്നതാണു സന്ദർഭം. മറിയവും ഗർഭിണിയായിക്കഴിഞ്ഞിരുന്നു. അവർ പരസ്പരം കണ്ടുമുട്ടുന്നു. മറിയം ദിവ്യഉണ്ണിയെയാണു ഗർഭം ധരിച്ചിരിക്കുന്നതെന്നു എൽസബത്ത് ദിവ്യവെളിപാടിലൂടെ അറിഞ്ഞിരിക്കുന്നു! തത്ഫലമായി അവർ പരസ്പരം അഭിവാദനം ചെയ്യുന്നതു കേട്ടപ്പോൾ, എൽസബത്തിന്റെ ഉദരത്തിലെ ശിശു കുതിച്ചുചാടി. എൽസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. തുടർന്നു മറിയയോടു അവൾ ഉദ്ഘോഷിച്ചു: 'നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെയടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്കു എവിടെ നിന്നു? ഇതാ നിന്റെ അഭിവാദ്യസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി' (ലൂക്ക 1:30-44).

ഇങ്ങനെയൊരു അമാനുകാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടാണ്, ഗ്രന്ഥകാരൻ ഈ സാഹചര്യത്തോടു മറിയത്തെക്കൊണ്ടു മറുപടി പറയിപ്പിക്കുന്നത്. അത് ഒരു ഗീതമായിട്ടാണ്. അതിന്റെ ഉൾസത്ത യിൽ വിപ്ലവം നിറഞ്ഞുകിടപ്പുണ്ട്. ബൈബിൾ പണ്ഡിതന്മാർ വിശ കലനം ചെയ്തു പയുന്നത് ഈ ഗീതം പഴയനിയമത്തിലെ 1 സാമു വൽ 2:1-10, ഏശയ്യ 29;19, സങ്കീർത്തനങ്ങൾ 103:17, 107:9, ഉല്പത്തി 17:7, 18:18, 22:17 എന്നീ ഭാഗങ്ങൾ കോർത്തിണക്കിയതാണെന്നാണ്. അതായത് മറിയത്തിനു പഴയനിയമമെല്ലാം മനഃപാഠമായിരുന്നു എന്നും എൽസബത്തിനെ കാണുന്ന സാഹചര്യത്തിനൊത്തു ദിവ്യ ജന്മവുമായി ബന്ധമുള്ള പഴയനിയമവാക്യങ്ങളൊക്കെ അത്ഭുതക രമായ രീതിയിൽ ക്രോഡീകരിച്ചു മറിയം അവളുടേതായ സ്തോത്ര ഗീതത്തിനു രൂപംകൊടുത്തു എന്നുമാണ് ധ്വനി. എന്നാൽ ലൂക്കാ യുടെ എഴുത്തിന്റെ രീതി അതല്ല എന്നു അദ്ദേഹം തന്റെ പുസ്തക ത്തിന്റെ ആരംഭത്തിൽതന്നെ പറയുന്നുണ്ട്. അതായത് “നമ്മുടെ ഇട യിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ ... എല്ലാ കാര്യങ്ങളും പ്രാരംഭം മുതല്ക്കേ സൂക്ഷ്മ മായി പരിശോധിച്ചതിനു ശേഷം എല്ലാം ക്രമമായി എഴുതുന്നതു ഉചി തമെന്നു തോന്നി” (ലൂക്ക 1:1,3). അപ്പോൾ ക്രമമായി എഴുതുന്നതു സൂക്ഷ്മപരിശോധനയ്ക്കു ശേഷം ഗ്രന്ഥകാരനാണ്. ദിവ്യകല്പിതക ഥകൾ ഒക്കെത്തന്നെ ഇവരുടെ സൃഷ്ടികളുമാണ്. മറിയത്തിന്റെ നാവിൽ ഗ്രന്ഥകാരൻ സസൂക്ഷ്മം ക്രമീകരിച്ചു എഴുതിപ്പിടിപ്പിച്ച ഒരു വിപ്ലവഗാ നമാണ് ‘മറിയത്തിന്റെ സ്തോത്ര ഗീതം’ എന്നു പൊതുവേ അറിയപ്പെ ടുന്നത്. ഇത് ഒരു ചെറിയ ഉദാഹരണം മാത്രം. ഇങ്ങനെ എല്ലാ അമാനു ഷിക സംഭവങ്ങളും സാഹചര്യത്തിന്റെ അനിവാര്യതയിൽ തല്പരക ക്ഷികൾ സാവകാശം മെനഞ്ഞെടുത്തതും പിന്നെപ്പിന്നെ പരമ്പരപര മ്പരയായി രൂപാന്തരപ്പെട്ടതുമായ കഥകളാണ്.

നിർഭാഗ്യമെന്നു പറയട്ടെ, നമ്മുടെ തലമുറയ്ക്കു യഥാർത്ഥ സത്യ ങ്ങളിലേയ്ക്കു ചുഴിഞ്ഞു അന്വേഷിക്കുന്നതിനേക്കാൾ കൂടുതൽ താല പര്യം ചരിത്ര പരിണാമത്തിൽ ഉരുത്തിരിഞ്ഞുവരുന്ന കെട്ടുകഥക ളിലും അസാധാരണങ്ങളെന്നു പറയാവുന്ന ‘അത്ഭുത’പ്രവൃത്തികളെ പ്പറ്റിയുള്ള പാരമ്പര്യ ചൊല്ലുകളിലുമാണ്. ജനിച്ചിട്ടു 150 വർഷത്തെ ചരിത്രം മാത്രമുള്ള, ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നു പഠിപ്പിച്ച, പച്ച മനുഷ്യനായ നാരായണഗുരുവിനെ ദൈവമാക്കി ചില്ലുകൂട്ടിൽ അടച്ചുവെച്ചെങ്കിൽ 2000 വർഷങ്ങൾക്കപ്പുറം ജീവിച്ചിരുന്ന യേശുവിനു സംഭവിച്ച ഗതികേടിനെപ്പറ്റി കൂടുതൽ പറയേണ്ടതില്ലല്ലോ.

ചുരുക്കത്തിൽ, നസ്രത്തിലെ ഒരു സാധാരണകുടുംബത്തിൽ ജനിച്ചു, അച്ഛനെപ്പോലെ ആശാരിപ്പണിചെയ്തു ജീവിച്ചു വളർന്ന യേശുവാണു ചരിത്രത്തിലെ യേശു. തന്റെ ജീവിതദൗത്യനിർവ്വഹണത്തിനു പരസ്യമായി തുനിഞ്ഞിറങ്ങുന്നതു 30 -ാം വർഷമാണ്. അതുവരെ അച്ഛൻ ജോസഫിനോടൊപ്പം ആശാരിപ്പണിചെയ്തു നാട്ടിലെ ജനങ്ങളുമായി സാധാരണരീതിയിൽ ഇടപഴകി ജീവിച്ചു എന്നുവേണം സാമാന്യമായി കരുതാൻ. അതല്ല, യേശുവിന്റെ യൗവനത്തിൽ ജന്മസ്ഥലം വിട്ടു അങ്ങു കിഴക്കൻ രാജ്യങ്ങളിൽ വന്നു -ഇന്ത്യയിലെ കാശ്മീർ വരെ- ഋഷിമാരുടെ ശിഷ്യത്വം സ്വീകരിച്ചും ധ്യാനിച്ചും തന്റെ പരസ്യജീവിതത്തിനു വേണ്ടി ശക്തിയാർജ്ജിക്കുകയായിരുന്നു എന്നും മറ്റുമുള്ള ഒരു വിശ്വാസധാരയുണ്ട്. ഇതിന്റെ സാധ്യതയും നിഷേധിക്കുന്നില്ല. എങ്കിലും, യേശുവിന്റെ ജനനത്തിൽ കടത്തിവിട്ട ദിവ്യ ഇടപെടലുകൾപോലെ ഇതും തന്റെ പരസ്യജീവിതത്തിന്റെ ദിവ്യതയ്ക്കു ശക്തിപകരാനുള്ള ഒരു ആസൂത്രിതകഥയാകാനും സാധ്യത ഇല്ലാതില്ല. എന്തുമാകട്ടെ, ഒരു സാധാരണക്കാരനായി ജനിച്ച 'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' (ലൂക്കാ 2:52). അങ്ങനെ തന്റെ ജീവിത ദൗത്യനിർവഹണത്തിനു അദ്ദേഹം തയ്യാറാവുകയാണ്.

# 4. യേശുവിനു വഴിയൊരുക്കിയ സ്നാപകയോഹന്നാൻ

യേശു തന്റെ ജീവിതദൗത്യ നിർവഹണത്തിലേക്കു കടക്കുകയാണ്. നാലു സുവിശേഷങ്ങളും കൂട്ടിവായിക്കുമ്പോൾ, ഒരു ദ്വിമുഖ സജ്ജീകരണം നടക്കുന്നതായി കാണുന്നു: ഒന്ന്, സാമൂഹ്യം, രണ്ട്, വ്യക്തിഗതം.

നേരത്തെ സൂചിപ്പിച്ച എൽസബത്തിന്റെ മകനാണ് സ്നാപകയോഹന്നാൻ. (മത്തായി 3:1-17, മാർക്കോസ് 1:1-8, ലൂക്കാ 3:1-9, 15-17, യോഹന്നാൻ 1:19-28). അദ്ദേഹം യൂദയായിലെ മരുഭൂമിയിൽ, ഒരു താപസന്റെ എല്ലാ കാർക്കശ്യത്തോടും എന്നാൽ ലാളിത്യത്തോടും കൂടി, ജനതയുടെ ജീവിതത്തിൽ മാറ്റം വരണമെന്നു പ്രബോധനം നടത്തി. പഴയനിയമത്തിലെ ഏശയ്യ പ്രവാചകൻ രക്ഷകന്റെ വരവിനെപ്പറ്റി പറയുന്നിടത്ത് 'കർത്താവിന്റെ വഴിയൊരുക്കുവിൻ, അവന്റെ പാതകൾ നേരെയാക്കുവിൻ' (ലൂക്കാ 3:4) എന്നു വിളിച്ചുപറയുന്ന ഒരു സ്വരം മരുഭൂമിയിൽ ഉയരുമെന്നു എഴുതിയിട്ടുണ്ട്. യോഹന്നാൻ പ്രസംഗിച്ചു: 'പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' (മത്തായി 3:2). യോഹന്നാന്റെ വാക്കുകൾ അതിശക്തമായിരുന്നു.

രണ്ടു തരത്തിലുള്ള ആളുകൾ യോഹന്നാന്റെ പ്രഭാഷണം കേട്ട് അദ്ദേഹത്തെ സമീപിക്കുന്നതായി കാണുന്നു. 'ജെറുസലേമിലും യൂദയാ മുഴുവനിലും ജോർദ്ദാന്റെ പരിസര പ്രദേശങ്ങളിലും നിന്നുള്ള ജനം അവന്റെ അടുത്തെത്തി. അവർ പാപങ്ങൾ ഏറ്റുപറഞ്ഞ് ജോർദ്ദാൻ നദിയിൽ വച്ച് അവനിൽ നിന്നു സ്നാനം സ്വീകരിച്ചു'(മത്തായി 3:5-6). ഇവരോടു യോഹന്നാന്റെ സമീപനം തീർത്തും മൃദുലമാണ്; വ്യവസ്ഥകളൊന്നുമില്ല. സാമാന്യജനത്തെ സ്വീകരിക്കുന്നതിൽ യോഹന്നാനു ബുദ്ധിമുട്ട് ഒന്നും കാണുന്നില്ല. അവിടെ, വേർതിരിവോ, സ്വീകരണമോ തിരസ്കരണമോ ഒന്നുമില്ലാതെ എല്ലാവരെയും സ്വീകരിക്കുന്ന വിശാലഹൃദയമാണ് പ്രകടമായത്.

പക്ഷേ, സാമാന്യജനത്തോടൊപ്പം അനേകം ഫരിസേയരും സദുക്കായരും സ്നാനം ഏല്ക്കാൻ വരുന്നതു കണ്ട്, യോഹന്നാൻ തന്റെ

ഇടപെടൽശൈലി മാറ്റുകയാണ്. അവരോടു തീർത്തും കർശനമായ വ്യവസ്ഥകളോടെയാണ് ഇടപെടുന്നത്. അവരെ അഭിസംബോധന ചെയ്യുന്നതു തന്നെ വളരെ ശക്തമായ ഭാഷയിലാണ്. "അണലിസന്തതികളേ, ആസന്നമായ ക്രോധത്തിൽ നിന്ന് ഓടിയകലാൻ നിങ്ങൾക്കു മുന്നറിയിപ്പു നല്കിയതാരാണ്? ഞങ്ങൾക്കു പിതാവായി അബ്രഹാം ഉണ്ട് എന്നു പറഞ്ഞു അഭിമാനിക്കേണ്ട. വൃക്ഷങ്ങളുടെ വേരിനു കോടാലി വച്ചുകഴിഞ്ഞു. നല്ല ഫലം തരാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും" (മത്തായി 3:7,9–10). ഇതു കേട്ട് ഞങ്ങൾ എന്താണു ചെയ്യേണ്ടത് എന്നവർ ചോദിച്ചതിന്, യോഹന്നാന്റെ മറുപടിയിൽ ചൂഷണത്തിന്റെ തോതനുസരിച്ചുള്ള വ്യതിയാനം ഉണ്ടാകണമെന്നു വ്യക്തമാക്കുന്നു. വ്യത്യസ്ത മേഖലകളിൽ വ്യാപരിക്കുന്നവർ പുതിയ നീതിയുടെ സ്നാനം സ്വീകരിക്കണമെങ്കിൽ അതിനനുയോജ്യമായ രീതിയിൽ പ്രായശ്ചിത്തവും പരിഹാരവും ചെയ്യണം എന്നു യോഹന്നാനു കാർക്കശ്യമുണ്ടായിരുന്നു (ലൂക്ക 3:11–14).

യോഹന്നാൻ തിന്മയുടെ മുമ്പിൽ തലകുനിക്കുകയില്ല. പശ്ചാത്താപത്തിന്റെ പുതിയ പാത വെട്ടുകയായിരുന്നു സ്നാപകയോഹന്നാൻ. യേശുവും തന്റെ ദൗത്യനിർവ്വഹണത്തിന്റെ സാമൂഹ്യ ഒരുക്കത്തിന്റെ ബാഹ്യപ്രകടനമെന്ന രീതിയിൽ, യോഹന്നാന്റെ അടുത്തു സ്നാനം സ്വീകരിക്കാൻ വരുന്നു. യേശു തന്റെ ദൗത്യം ഏറ്റെടുക്കാൻ സജ്ജനാവുകയാണ്.

'യോഹന്നാൻ നീതിമാനും വിശുദ്ധനുമാണെന്നറിഞ്ഞിരുന്നതുകൊണ്ട്, ഹേറോദേസ് രാജാവ് അവനെ ഭയപ്പെട്ടു' (മാർക്ക് 6:20). ഹേറോദേസിനെ അതിശക്തമായ ഭാഷയിലാണു യോഹന്നാൻ വിമർശിച്ചത്. സ്വന്തം സഹോദരനായ ഫിലിപ്പോസിന്റെ ഭാര്യ ഹേറോദിയായെ, ഹേറോദേസ് സ്വന്തമാക്കിയിരുന്നു. യോഹന്നാൻ അതിനെയും വിമർശിച്ചുകൊണ്ടു ഹേറോദേസിനെ കുറ്റപ്പെടുത്തി. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. യോഹന്നാൻ, ഹേറോദേസിനെ കുറ്റപ്പെടുത്തിയതു ചരിത്രത്തിൽ സഭാമേലധികാരികൾ വികലമായി പഠിപ്പിക്കുന്നതുപോലെ ലൈംഗിക കുറ്റത്തിനു വേണ്ടി മാത്രമായിരുന്നില്ല. അതു ചരിത്രത്തിൽ സഭ ലൈംഗികതയോടു വച്ചു പുലർത്തിയ വികലസമീപനത്തിന്റെ ഭാഗമാണ്. യോഹന്നാൻ എതിർത്തത് ഹേറോദേസിന്റെ എല്ലാ അനീതികളെയുമായിരുന്നു. "യോഹന്നാൻ ഹേറോദേസ് രാജാവിനെ അവന്റെ സഹോദരഭാര്യയായ ഹേറോദിയാ നിമിത്തവും അവൻ ചെയ്തിരുന്ന മറ്റെല്ലാ ദുഷ്കൃ

ത്യങ്ങളുടെ പേരിലും കഠിനമായി കുറ്റപ്പെടുത്തി. തത്ഫലമായി, ഹേറോദേസ് യോഹന്നാനെ കാരാഗൃഹത്തിൽ അടച്ചു. അങ്ങനെ തന്റെ തിന്മകളുടെ എണ്ണം ഒന്നുകൂടി വർദ്ധിപ്പിച്ചു" (ലൂക്കാ 3:19-20).

യോഹന്നാൻ, ഹേറോദേസിനെ കഠിനമായി ശകാരിച്ചതിന്റെ വെളിച്ചത്തിൽ, കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. ഹേറോദിയായ്ക്കു യോഹന്നാനോടു അടങ്ങാത്ത വൈര്യം ഉണ്ടായിരുന്നു. അദ്ദേഹത്തെ വധിക്കാൻ ഹേറോദേസിനെ പ്രേരിപ്പിച്ചെങ്കിലും, ജനം യോഹന്നാനെ ഒരു പ്രവാചകനായി കണ്ടിരുന്നതിനാൽ, അദ്ദേഹത്തെ വധിക്കാൻ ഹേറോദേസിനു ഭയമായിരുന്നു. അങ്ങനെയിരിക്കെ ഹേറോദേസിന്റെ ജന്മദിനത്തിൽ, രാജ്യസദസിൽവച്ചു ഹേറോദിയായുടെ പുത്രി മനോഹരമായി നൃത്തമാടി എല്ലാവരെയും സന്തോഷിപ്പിച്ചു. രാജാവ് ആനന്ദത്തിൽ മതിമറന്നു. അവൾ ചോദിക്കുന്നതെന്തും നല്കാമെന്നു ആണയിട്ടു പറഞ്ഞു. അവളുടെ അമ്മയായ ഹേറോദിയായുടെ ഉപദേശപ്രകാരം യോഹന്നാന്റെ ശിരസ്സ് ഒരു തളികയിൽ വച്ചു തനിക്കു തരണമെന്നുള്ള അവളുടെ ആഗ്രഹം വെളിപ്പെടുത്തി. രാജാവ് സ്തംഭിച്ചുപോയി. ഏതു ശപഥനിർവ്വഹണത്തിന്റെയും പിന്നിലെ ധാർമ്മിക ശക്തി സാമൂഹ്യനീതിയും ധർമ്മവുമാണെന്നു രാജാവ് മറന്നുപോയി. അദ്ദേഹം തന്റെ ശപഥത്തെയും അതിഥികളെയും പരിഗണിച്ച് അതു ചെയ്യാൻ ഭൃത്യരെ നിയോഗിക്കുന്നു. അവർ യോഹന്നാന്റെ തല വെട്ടി എടുത്തുകൊണ്ടുവന്നു പെൺകുട്ടിക്കു കൊടുത്തു; അവൾ അവളുടെ അമ്മയ്ക്കും. അങ്ങനെ നീതിക്കുവേണ്ടി ചിന്തപ്പെട്ട രക്തം ചരിത്രത്തിൽ ഇന്നും മരിക്കാതെ നിലവിളിക്കുന്നു. അതേ, യോഹന്നാൻ നീതിക്കുവേണ്ടി ജീവൻ നല്കിക്കൊണ്ടു യേശുവിന്റെ പാത വെട്ടിത്തെളിച്ചു. യേശു ആ പാതയിലൂടെ നടന്നുനീങ്ങാൻ തുടങ്ങി.

# 5. യേശുവിന്റെ പരീക്ഷണങ്ങൾ

യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചതോടെ തന്റെ ദൗത്യ നിർവ്വഹണ പാതയിലൂടെ യേശു ജീവിതയാത്ര ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഏറ്റവും അവസാനത്തെ ഒരുക്കമാണ് യേശു അനുഷ്ഠിച്ച മരുഭൂമിയിലെ നാല്പതു ദിവസം നീണ്ടുനിന്ന ഉപവാസം.

അന്നും ഇന്നും എന്നും വലിയൊരു ദൗത്യം ഏറ്റെടുക്കുമ്പോൾ ഉണ്ടാവുന്ന മൂന്നു പരീക്ഷണങ്ങളെപ്പറ്റിയും അവയെ എങ്ങനെ യേശു അതിജീവിച്ചു തന്റെ ദൗത്യനിർവഹണപാതയിലൂടെ മുന്നോട്ടുപോയെന്നും വ്യക്തമാക്കുന്നതാണ് 'മരുഭൂമിയിലെ പരീക്ഷ' എന്ന ശീർഷകത്തിൽ മത്തായി, മാർക്കോസ്, ലൂക്കാ എന്ന മൂന്നു സുവിശേഷകരും പ്രതിപാദിക്കുന്നത് (മത്തായി 4:1-11; മാർക്ക് 1:12-13; ലൂക്കാ 4:1-13).

തികച്ചും നാടകീയമായിട്ടാണ് പരീക്ഷണസംഭവങ്ങൾ വിവരിച്ചിരിക്കുന്നത്. പരീക്ഷകൻ പിശാചാണ്. അവൻ യേശുവിനെ കഠിനമായി പ്രലോഭിപ്പിക്കുകയാണ്. പക്ഷേ, യേശു ആ പ്രലോഭനങ്ങളെ അതിജീവിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

40 ദിവസം ഉപവസിച്ച യേശുവിനോടു ദൈവപുത്രനെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ പറയുക എന്നായിരുന്നു ആദ്യത്തെ പ്രലോഭനം. അതിനുള്ള യേശുവിന്റെ മറുപടി, മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത് എന്നായിരുന്നു. ആഹാരം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനമായ ഒന്നാണെങ്കിലും എല്ലാം ഭക്ഷണത്തെ ആശ്രയിച്ചു നിൽക്കില്ല മറ്റു അടിസ്ഥാനാവശ്യങ്ങളും മൂല്യങ്ങളും ജീവിതത്തിനു അനിവാര്യമാണ് എന്നു യേശു ഓർമ്മിപ്പിക്കുന്നു. ഈ പ്രലോഭനത്തിന്റെ പ്രാധാന്യം അല്പം ചിന്തിച്ചാൽ ആർക്കും മനസ്സിലാകും. മനുഷ്യന്റെ പൂർണ്ണവളർച്ചയ്ക്കു ആഹാരത്തിനോടൊപ്പം മൂല്യങ്ങളും ബോധ്യങ്ങളും വേണമെന്ന വ്യക്തത യേശുവിനുണ്ട്. ഈ തിരിച്ചറിവ് മനുഷ്യവളർച്ചയ്ക്കു അനിവാര്യമാണ്.

രണ്ടാമത്തെയും മൂന്നാമത്തെയും പരീക്ഷണങ്ങൾ മത്തായിയുടെയും ലൂക്കായുടെയും വിവരണത്തിൽ വ്യത്യസ്ത ക്രമത്തിൽ

വായിക്കാം. അതു അവർ അറിഞ്ഞു ചെയ്തതോ ഇല്ലയോ എന്നു അപഗ്രഥനം ചെയ്തു തല പുണ്ണാക്കേണ്ട ആവശ്യമില്ല. ഈ രണ്ടു പരീക്ഷണങ്ങൾ, രണ്ടു വലിയ കാര്യങ്ങളിലേയ്ക്കാണു വിരൽ ചൂണ്ടുന്നത് - സമ്പത്തിന്റെയും അധികാരത്തിന്റെയും പരീക്ഷണങ്ങളാണ് അവ. സമ്പത്തുള്ളവനു അധികാരമുണ്ടാകും; അധികാരമുള്ളവനു സമ്പത്തും ഉണ്ടാകും. അതുകൊണ്ടു അവ രണ്ടും പരസ്പരബന്ധിതം എന്നു വിശേഷിപ്പിക്കുകയായിരിക്കും ഉചിതം.

പിശാച് യേശുവിനെ ഉയർന്ന മലയിലേക്കു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും കാണിച്ചിട്ടു പറഞ്ഞു: 'ഇവയെല്ലാം നിനക്കു ഞാൻ നല്കാം, നീ സാഷ്ടാംഗം പ്രണമിച്ചു എന്നെ ആരാധിച്ചാൽ' (മത്തായി 4:9). ഇവിടെ സമ്പത്ത് ദൈവമാകുകയാണ്. യേശു തന്റെ പരസ്യജീവിതകാലത്തു പഠിപ്പിച്ചു; ദൈവത്തെയും മാമോനെയും ഒന്നിച്ചു സേവിക്കുക അസാധ്യം. യേശു ആ പരീക്ഷണം തന്റെ ജീവിതത്തിലൂടെ അനുഭവിക്കുകയും അതിജീവിക്കുകയും ചെയ്തു - 'സാത്താനേ, ദൂരെപ്പോവുക. നിന്റെ ദൈവമായ കർത്താവിനെ മാത്രമേ നീ പൂജിക്കാവൂ' (മത്തായി 4:10).

സമ്പത്തിന്റെ കൂടെപ്പിറപ്പാണ് അധികാരവും അംഗീകാരവും. അതാണു മൂന്നാമത്തെ പരീക്ഷണം. പിശാച് യേശുവിനെ ജറുസലേം ദേവാലയഗോപുരത്തിന്റെ ശൃംഗത്തിൽ നിറുത്തിയിട്ടു പറഞ്ഞു: 'നീ ദൈവപുത്രനെങ്കിൽ താഴേക്കു ചാടുക. ദൈവദൂതർ നിന്റെ കാൽ കല്ലിൽ തട്ടാതെ കൈകളിൽ താങ്ങിക്കൊള്ളും.' അധികാരത്തിന്റെയും അംഗീകാരത്തിന്റെയും പ്രലോഭനത്തെ യേശു വ്യക്തതയോടെ തള്ളിക്കളയുകയാണ്.

മനുഷ്യന്റെ ജീവിതത്തിൽ പച്ചയായി നിരന്തരം അനുഭവിച്ചുകൊണ്ടിരിക്കുന്ന മൂന്നു പ്രലോഭനങ്ങളെയാണ് യേശു അതിജീവിച്ചത്. വിശപ്പിനു ആഹാരം വേണം, അത്യാവശ്യങ്ങൾക്കു പണം വേണം, മനുഷ്യർക്കു നന്മചെയ്യാൻ പറ്റുന്ന രീതിയിലുള്ള സേവനാധികാരവും വേണം. അതിനപ്പുറമുള്ള വിഭവസമൃദ്ധിയും സമ്പത്തും അധികാരവും നമ്മെ എങ്ങും എത്തിക്കുകയില്ല എന്നുള്ള പാഠമാണ് യേശുവിന്റെ ജീവിതം. അധികാര-കുത്തക-അസമത്വ-വിഭവശക്തികളുടെ സമ്പൂർണ്ണ സമാഹാര മൂർത്തിയാണ് ഇവിടുത്തെ പിശാച്. ഈ അസമത്വ-മത-രാഷ്ട്രീയ സംവിധാനത്തെയാണ് യേശു തന്റെ ദരിദ്രപക്ഷ-സമത്വദർശന നിലപാടുകൊണ്ട് നേരിട്ടത്. നിരന്തരം ആത്മപരിശോധനയ്ക്കു വിധേയമാക്കേണ്ട ഒരു കാര്യമാണ് യേശുവിന്റെ പരീക്ഷണങ്ങൾ.

# 6. മെത്തനോയിയ

വ്യക്തിഗതമായും സാമൂഹ്യമായും യേശു തന്റെ ജീവിതദൗത്യ നിർവ്വഹണത്തിനു ഒരുങ്ങിക്കഴിഞ്ഞു. യേശുവിന്റെ ദൗത്യം ആരംഭിക്കുന്നതു ഗലീലിയിലെ കടൽത്തീരത്താണ് എന്ന വസ്തുത തന്റെ നിലപാടുതറ വ്യക്തമാക്കുന്നതാണ് (മാർക്ക് 1:14-15; ലൂക്കാ 4:14-15; മത്തായി 4:12-17). ഗലീലി എല്ലാ വികസിത പട്ടണങ്ങളിൽ നിന്നും മറ്റും വളരെ ദൂരത്തുള്ള ഒരു കുഗ്രാമമായിരുന്നു. ഇങ്ങനെയാണ് ബൈബിളിൽ അതിനെ വിശേഷിപ്പിക്കുന്നത്: 'അവൻ നസറത്തു വിട്ടു സെബുലൂണിന്റെയും നഫ്ത്താലിയുടെയും അതിർത്തിയിൽ, സമുദ്രതീരത്തുള്ള കഫർണാമിൽ ചെന്നു പാർത്തു. .. സമുദ്രത്തിലേയ്ക്കുള്ള വഴിയിൽ, ജോർദ്ദാന്റെ മറുകരയിൽ സെബുലൂൺ-നഫ്ത്താലി പ്രദേശങ്ങൾ-വിജാതിയരുടെ ഗലീലി' (മത്തായി 4:13&15). അങ്ങനെ യേശുവിന്റെ ദൗത്യനിർവ്വഹണത്തിന്റെ മേച്ചിൽപ്പുറം എല്ലാവരാലും തഴയപ്പെട്ട ഗലീലിത്തീരമാണെന്നുള്ളതു ശ്രദ്ധേയമായ ഒരു കാര്യമാണ്.

ഇനി എന്താണു തന്റെ ദൗത്യപ്രഖ്യാപനം? വളരെ ക്ലിപ്തമായ മുദ്രാവാക്യത്തിലാണ് യേശു തന്റെ ദൗത്യം പ്രഖ്യാപിക്കുന്നത്. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിക്കുക/പശ്ചാത്തപിക്കുക; സുവിശേഷത്തിൽ വിശ്വസിക്കുക. എന്താണു ദൈവരാജ്യമെന്നും എന്താണു സുവിശേഷമെന്നും പിന്നാലെ വ്യക്തമാക്കാം. അനുതാപം അഥവാ പശ്ചാത്താപം എന്നതിനെപ്പറ്റി അല്പം വിശദീകരിക്കാം.

ഇന്നു നാം ഉപയോഗിക്കുന്ന പശ്ചാത്താപം അഥവാ അനുതാപം എന്ന പദത്തിനു ഒരു ആദ്ധ്യാത്മിക ധ്വനിയുണ്ട്. പാപവുമായി ബന്ധപ്പെട്ടാണു പശ്ചാത്താപത്തെപ്പറ്റി പറയുക. ചെയ്തുപോയ പാപങ്ങളെ ഓർത്തു ദുഃഖിക്കുന്ന ഒരു മാനസികാവസ്ഥയാണു പശ്ചാത്താപം. ഇതിനു ബൈബിളിലെ മൂലഗ്രന്ഥത്തിൽ 'മെത്തനോയിയ' (metanoiya) എന്ന ഗ്രീക്കു പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

'മെത്തനോയിയ'യുടെ യഥാർത്ഥ അർത്ഥം സമൂലമായ മാറ്റം എന്നാണ്. അതിനു പാപവുമായി സത്യത്തിൽ ബന്ധമൊന്നുമില്ല.

സമൂലവ്യതിയാനം എന്നു പറയുമ്പോൾ എല്ലാ മേഖലകളിലുമുള്ള മാറ്റമാണ്. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും വ്യക്തിപരവുമായ എല്ലാ ഘടനകളുടെയും പൊളിച്ചെഴുത്താണ് അതാവശ്യപ്പെടുന്നത്. അങ്ങനെ 'മെത്തനോയിയ' വിപ്ലവകരമായ ഒരു മാറ്റമാണ് വിഭാവനം ചെയ്യുന്നത്. അതു നമ്മുടെ മുമ്പിൽ വലിയ വെല്ലുവിളിയായാണു നിലകൊള്ളുന്നത്. അങ്ങനെയാണ് ആദിമക്രിസ്തുവിശ്വാസികൾ അവർക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തിട്ട്, അവരുടെ ഇടയിൽ മുട്ടുപാടുകൾ ഇല്ലാതെ എല്ലാവരും ഒരുമയോടെ ജീവിച്ചു എന്നു സാക്ഷ്യപ്പെടുത്തുന്നത്. ഇങ്ങനെയുള്ള അതിശക്തമായ സമൂലമാറ്റത്തിനു ഏറെ വിലകൊടുക്കേണ്ടിവന്നു. കാലത്തിന്റെ ഗതിയിൽ 'മെത്തനോയിയ'യെ ആത്മീകരിച്ചു ആന്തരീകമായ ഒന്നാക്കി മാറ്റിയതോടെ, വ്യാഖ്യാനങ്ങളിലും തർജ്ജമയിലും മാറ്റമുണ്ടായി. പശ്ചാത്തപിക്കുക അഥവാ മനസ്തപിക്കുക എന്നായി വിവക്ഷ. ഘടനാപരമായ മാറ്റത്തെ തമസ്കരിച്ചിട്ടു, വെറും പാപത്തെ ഓർത്തുള്ള മാനസിക വ്യഥ മാത്രമായി 'മെത്തനോയിയ' തരംതാഴ്ന്നു. ഫലമോ? അതിന്റെ പരിവർത്തനവീര്യം മുഴുവനും ചോർന്നുപോയി; വെറും ചവറായി മാത്രം അത് ചരിത്രത്തിൽ നിലകൊള്ളുന്നു.

ഈ സമഗ്രമായ വ്യതിയാനത്തിനുള്ള അടിസ്ഥാനമെന്താണ്? 'ദൈവരാജ്യം സമീപിച്ചിരിക്കുന്നു.' അപ്പോൾ വ്യതിയാനം വരുത്തേണ്ടതിന്റെ മാനദണ്ഡം ദൈവരാജ്യത്തിന്റെ മൂല്യങ്ങളുമായി തട്ടിച്ചു നോക്കിയിട്ടാകണം. എന്താണവ? ഒന്ന്, നീതി. എല്ലാവർക്കും എല്ലാമാകുന്ന ഒരു സാമൂഹ്യനീതിയുടെ സംസ്ഥാപനം ദൈവരാജ്യസങ്കല്പത്തിന്റെ അനിവാര്യഘടകമാണ്. രണ്ട്, സാഹോദര്യം. ദൈവം പിതാവ്, നമ്മൾ മക്കൾ, പരസ്പരം സഹോദരർ. ഈ പരസ്പരസാഹോദര്യചിന്ത ദൈവരാജ്യത്തിന്റെ അവിഭാജ്യഘടകമാണ്. മൂന്ന്, സ്വാതന്ത്ര്യം. എല്ലാ മനുഷ്യരും ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കേണ്ടവരാണ്. എല്ലാ രീതിയിലുമുള്ള അടിമത്തവും ദൈവരാജ്യത്തിനു തീർത്തും അന്യമാണ്. ആർക്കും ആരുടെയും സ്വാതന്ത്ര്യത്തെ ഹനിക്കാനുള്ള അവകാശമില്ല. സ്വാതന്ത്ര്യം അമൂല്യമാണ്. നാല്, സമത്വം. എല്ലാ മനുഷ്യരും, സ്ത്രീയും പുരുഷനും വ്യത്യസ്തരെങ്കിലും തുല്യരാണ്. മനുഷ്യാന്തസ്സാണ് ഈ തുല്യതയുടെ അടിസ്ഥാനം. അഞ്ച്, സ്നേഹം. നേരത്തെ പറഞ്ഞ നാലു മൂല്യങ്ങളും ജീവിതത്തിൽ അന്വർത്ഥമാകുമ്പോഴേ സ്നേഹം സത്യസന്ധമായി ഉണ്ടാകൂ. ഇന്നു പൊതുവേ പറയുന്ന സ്നേഹം മുകളിൽ പറഞ്ഞ മറ്റു മൂല്യങ്ങളുമായി ബന്ധിപ്പിക്കാത്ത വെറുമൊരു വികാരപ്രകടനമാണ്. അതിനു മനുഷ്യരെ മാറ്റിമറിക്കാനുള്ള കെല്പില്ല.

അതേസമയം, ആദ്യ നാലു മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന സ്നേഹത്തിനു ജീവിതത്തെ മുഴുവൻ പരിവർത്തനം ചെയ്യാനുള്ള ഊർജ്ജമുണ്ട്. അങ്ങനെ, ദൈവരാജ്യത്തിന്റെ ആഗമനം മനുഷ്യനിൽ സമൂലപരിവർത്തനം വരുത്തും എന്നാണ് യേശുവിന്റെ ദൗത്യപ്രഖ്യാപനത്തിന്റെ അന്തസത്ത. ഈയൊരു സമഗ്രമാറ്റം മനുഷ്യനെ അവന്റെ/അവളുടെ സാമൂഹിക ഉത്തരവാദിത്തത്തിലേയ്ക്കു നയിക്കുന്നു - അതാണ് സുവിശേഷത്തിലുള്ള വിശ്വാസംകൊണ്ട് ഉദ്ദേശിക്കുക.

# 7. സുവിശേഷപ്രഖ്യാപനം

പഴയനിയമത്തിന്റെ പൂർത്തീകരണമെന്ന നിലയിൽ യേശു തന്റെ മാനിഫെസ്റ്റോ ഇങ്ങനെ പ്രഖ്യാപിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നു എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക 4:18-19).

ഈ പ്രഖ്യാപനത്തിന്റെ സാഹചര്യമിതാണ്. യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം (യഹൂദർക്കു സാബത്തുദിവസമെന്നാൽ നമ്മുടെ ശനിയാഴ്ച) സിനഗോഗിൽ പ്രവേശിച്ചു വായിക്കുവാൻ ഒരുമ്പെട്ടു. എടുത്തുകൊടുത്തതു ഏശയ്യ പ്രവാചകന്റെ മുകളിൽ ഉദ്ധരിച്ച ഭാഗമാണ്. അതു വായിച്ചിട്ടു യേശു തന്റെ ദൗത്യം അഥവാ സുവിശേഷം എന്തെന്നു വ്യക്തമാക്കി ജനത്തോടു സംസാരിച്ചു. അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്നും വന്ന വചനങ്ങൾ കേട്ടു എല്ലാവരും യേശുവിനെ പ്രശംസിച്ചു സംസാരിച്ചു. അവർ അത്ഭുതം കൂറി ചോദിച്ചു: "ഇവൻ ആ തച്ചൻ ജോസഫിന്റെ മകനല്ലേ? മറിയമല്ലേ ഇവന്റെ അമ്മ? യാക്കോബ്, ജോസഫ്, ശിമയോൻ, യൂദാസ് എന്നിവരല്ലേ ഇവന്റെ സഹോദരർ? ഇവന്റെ സഹോദരിമാർ നമ്മുടെ കൂട്ടത്തിലുണ്ടല്ലോ? പിന്നെ ഇവന് ഇതെല്ലാം എവിടെനിന്നു കിട്ടി? അവർക്കു അവനിൽ ഇടർച്ചയുണ്ടായി" (മത്തായി 13: 55-56).

അവർ അങ്ങനെ ആശ്ചര്യംപൂണ്ടു നില്ക്കവേ, പാവപ്പെട്ടവർക്കു സുവിശേഷം, അന്ധർക്കു കാഴ്ച, ബന്ധിതർക്കു മോചനം, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം എന്നു പ്രഖ്യാപിച്ചതിന്റെ പൊരുൾ എന്തെന്നു വ്യക്തമാക്കിക്കൊണ്ടു സംസാരിച്ചു. രണ്ടു കഥകൾ പറഞ്ഞാണു യേശു തന്റെ സുവിശേഷദൗത്യം വിശദീകരിച്ചത്. ആ കഥയിൽ തന്റെ ദരിദ്രപക്ഷ നിലപാടു വ്യക്തമാക്കുന്നുണ്ട്.

കഥകൾ ഇവയാണ്. ഏലിയ പ്രവാചകന്റെ കാലത്തു ഇസ്രായേലിൽ അനേകം വിധവകൾ ഉണ്ടായിട്ട്, സീദോനിൽ സെറപ്‌തായിലെ വിധവയുടെ അടുക്കലേയ്ക്കല്ലാതെ മറ്റാരുടെ അടുക്കലേയ്ക്കും ഏലിയ അയയ്ക്കപ്പെട്ടില്ല. അതുപോലെ, ഏലീശാ പ്രവാചകന്റെ കാലത്തു ഇസ്രയേലിൽ അനേകം കുഷ്ഠരോഗികൾ ഉണ്ടായിരുന്നിട്ട്, സിറിയാക്കാരനായ നാമാൻ അല്ലാതെ മറ്റാരും സുഖമാക്കപ്പെട്ടില്ല.

ഇവയുടെ അന്തഃസത്ത മനസ്സിലാക്കാൻ അല്പം ചരിത്രമറിയണം. ഇസ്രയേൽ ജനം എന്നാൽ യഹാവയായ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം എന്നർത്ഥം. മറ്റുള്ളവരെപ്പോലെയല്ല യഹൂദജനം അഥവാ ഇസ്രയേൽ ജനം. അതുപോലെ ദൈവത്താൽ തഴയപ്പെട്ട സ്ഥലവും ജനവുമുണ്ടെന്നാണ് ഇസ്രയേലിന്റെ വിശ്വാസം. അങ്ങനെ സീദോനിൽ സെറപ്‌തായും സിറിയായും അവിടത്തെ ജനങ്ങളും തിരഞ്ഞെടുക്കപ്പെട്ട ജനമല്ലെന്നു മാത്രമല്ല, അവർ യഹോവയാൽ ഭ്രഷ്ട് കല്പിക്കപ്പെട്ടവരാണെന്നാണ് യഹൂദരുടെ പൊതുധാരണ. ഈ പൊതുധാരണയെയാണു തന്റെ വിശദീകരണപ്രസംഗത്തിലൂടെ യേശു വെല്ലുവിളിക്കുന്നത്. നിങ്ങളുടെ ഇടയിൽ എന്നു പറയുമ്പോൾ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ഇടയിൽ അനേകം വിധവകളും കുഷ്ഠരോഗികളുമുണ്ടായിട്ട്, ദൈവത്തിന്റെ പ്രവാചകരായ ഏലിയായും ഏലീശായും അയയ്ക്കപ്പെട്ടതു പുറജാതിക്കാരുടെ നാട്ടിലെ തെരഞ്ഞെടുക്കപ്പെടാത്ത ജനത്തിന്റെ അടുക്കലേയ്ക്കാണ് എന്നു യേശു അസന്ദിഗ്ധമായി പ്രഖ്യാപിച്ചു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, തെരഞ്ഞെടുക്കപ്പെട്ട ജനമെന്നുള്ള ഇസ്രായേലിന്റെ അവകാശവാദത്തെ യേശു തീർത്തും തഴഞ്ഞിട്ട്, തന്റെ വ്യക്തമായ ദരിദ്രപക്ഷ-തഴയപ്പെട്ട ജനതപക്ഷ- നിലപാടു പ്രകാശിപ്പിക്കുകയാണ്. തന്റെ കന്നിപ്രസംഗത്തിൽ തന്നെ, നിലപാടിന്റെ ധ്രുവീകരണ ഊർജ്ജം ജ്വലിക്കുകയാണ്. യേശുവിനു ഒളിച്ചുകളിക്കാനോ തന്ത്രമോ അടവോ ഉപയോഗിക്കാനോ അറിയില്ല. നേരിട്ടു തന്റെ നിലപാടു വ്യക്തമാക്കുകയാണ്. തന്റെ സുവിശേഷത്തിന്റെ ഉൾക്കാമ്പായി ഈ ധ്രുവീകരണമുണ്ട്; പക്ഷംചേരൽ അനിവാര്യതയായി മാറുന്നു. ഈ പക്ഷംചേരലിന്റെ വില ചെറുതല്ല.

ആദ്യവാക്കുകളിൽ അത്ഭുതംപൂണ്ട അതേ യഹൂദജനം, തന്റെ സുവിശേഷത്തിന്റെ പൊരുൾ, വിട്ടുവീഴ്ചയില്ലാത്ത പക്ഷംചേരൽ ആണെന്നു അസന്ദിഗ്ധമായി പറഞ്ഞപ്പോൾ "സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും കോപാകുലരായി. അവർ അവനെ പട്ടണത്തിൽ നിന്നു പുറത്താക്കുകയും തങ്ങളുടെ പട്ടണം സ്ഥിതിചെയ്യുന്ന മല

യുടെ ശൃംഗത്തിൽ നിന്നു താഴേക്കു തള്ളിയിടാനായി കൊണ്ടുപോവുകയും ചെയ്തു" (ലൂക്കാ 4:28-29).

ചുരുക്കത്തിൽ, യേശുവിന്റെ സുവിശേഷം ആരെയും നോവിക്കാത്ത നിഷ്പക്ഷതയോടെയുള്ള സദ്‌വാർത്തയല്ല. അതു വിഭജിക്കുന്ന, ധ്രുവീകരണം നടത്തുന്ന, ദരിദ്രപക്ഷം ബോധപൂർവ്വം ചേരുന്ന ഒരു സജീവ സന്ദേശമാണ്. നിലപാട് എടുത്തതിനു മലയുടെ ശൃംഗത്തിൽ നിന്നു താഴേക്കു തള്ളിയിട്ടു കൊല്ലാൻ ശ്രമിച്ചിടത്ത്, യേശു അവിടെ നിന്നു വീണ്ടും ഗലീലിയിലേക്കു നടന്നു നീങ്ങി. അങ്ങനെ സാമൂഹ്യ ഉത്തരവാദിത്തം ഏറ്റുപിടിക്കുന്ന, ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിച്ചുകൊണ്ട് ദരിദ്രപക്ഷംചേരുന്നതാണ് യേശുവിന്റെ സുവിശേഷത്തിന്റെ ഉൾപൊരുൾ.

# 8. യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാർ

സിനഗോഗിൽ നിന്നും ആട്ടിപ്പുറത്താക്കപ്പെട്ട യേശു നടന്നു നീങ്ങിയതു തഴയപ്പെട്ട സ്ഥലമായ ഗലീലിയക്കടൽത്തീരത്തേക്കായിരുന്നു. അഷ്ടിക്കുവേണ്ടി രാപ്പകൽ അദ്ധ്വാനിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിതാവസ്ഥ അദ്ദേഹം ശ്രദ്ധിച്ചു. കടലിൽ വലവീശിക്കൊണ്ടിരുന്ന രണ്ടു സഹോദരന്മാരെ - പത്രോസിനെയും അന്ത്രയോസിനെയും - നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നു പറഞ്ഞുകൊണ്ട് തന്നെ അനുഗമിക്കാൻ യേശു ക്ഷണിക്കുന്നു. അവർ എല്ലാമുപേക്ഷിച്ച് യേശുവിനെ പിൻചെന്നു. അവർ കുറച്ചുദൂരംകൂടി പോയപ്പോൾ സെബദിയുടെ പുത്രരായ യാക്കോബിനെയും യോഹന്നാനെയും കണ്ടു. അവർ വഞ്ചിയിലിരുന്നു വലയുടെ കേടുപാടുകൾ മാറ്റുകയായിരുന്നു. യേശു അവരെയും വിളിച്ചു. അവർ പിതാവായ സെബദിയെ സേവകരോടൊപ്പം വള്ളത്തിൽ വിട്ടിട്ടു അദ്ദേഹത്തെ അനുഗമിച്ചു. 12 ശിഷ്യന്മാരിൽ ആദ്യത്തെ 4 ശിഷ്യരുടെ വിളിയുടെ കഥയാണിത്.

യേശു തന്റെ സദ്വാർത്ത പറഞ്ഞുകൊണ്ടു ഗലീലിയ കടലോരത്തുകൂടെ നടന്നു നീങ്ങുന്നതിനിടയിൽ, മറ്റു ശിഷ്യന്മാരെയും കണ്ടെത്തുന്നു. അങ്ങനെ 12 അപ്പസ്തോലന്മാരെ വിവിധമേഖലകളിൽ നിന്നും തെരഞ്ഞെടുക്കുന്നു. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. പത്രോസ് എന്നു വിളിക്കപ്പെടുന്ന ശിമയോൻ, അവന്റെ സഹോദരൻ അന്ത്രയോസ്, സെബദിയുടെ പുത്രനായ യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ, ഫിലിപ്പോസ്, ബർത്തലോമിയോ, തോമസ്, ലേവിയെന്നറിയപ്പെടുന്ന ചുങ്കക്കാരൻ മത്തായി, ഹൽപൈയുടെ പുത്രനായ യാക്കോബ്, തീവ്രവാദിയായി അറിയപ്പെട്ടിരുന്ന കാനാൻകാരൻ ശിമയോൻ, യാക്കോബിന്റെ മകനായ യൂദാസ്, ഒറ്റുകാരനായിത്തീർന്ന യൂദാസ് സ്കറിയോത്ത.

ഒരു കാര്യം ശ്രദ്ധേയമാണ്. ഈ 12 ശിഷ്യന്മാരിൽ ആരും തന്നെ ഉന്നത-സമ്പന്നകുലജാതരില്ല. ഒട്ടുമിക്കവരും പരമ്പരാഗതമത്സ്യത്തൊ

ഴിലാളികൾ. പാപികളുടെ കൂട്ടത്തിൽ യഹൂദർ പെടുത്തിയിരുന്ന ചുങ്കംപിരിക്കുന്ന ഒരാൾ. യഹൂദർ തെരഞ്ഞെടുക്കപ്പെട്ട ജനമായതിനാൽ, അവരുടെ മേലുള്ള റോമിന്റെ അധിനിവേശത്തിനെതിരെ പോരാട്ടം നടത്തുന്നവരെയാണ് തീവ്രവാദികൾ എന്നറിയപ്പെട്ടിരുന്നത്. അങ്ങനെയുള്ള ഒരു തീവ്രവാദിയംഗവും ഈ ഗണത്തിലുണ്ട്. തന്റെ ശിഷ്യരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡത്തെപ്പറ്റി വിശുദ്ധ പൗലോസ് കോറിന്തോസ്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ ഇങ്ങനെ പറയുന്നു: "സഹോദരരെ, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പറ്റിത്തന്നെ ചിന്തിക്കുവിൻ. ലൗകിക മാനദണ്ഡമനുസരിച്ച് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല; ശക്തരും കുലീനരും അധികമില്ല; വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും. നിലവിലുള്ളവയെ നശിപ്പിക്കുവാൻ വേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തിരഞ്ഞെടുത്തു"(1 കോറി. 1:26-28). അങ്ങനെ ഇന്നു ലോകവ്യാപകമായി പടർന്നുപന്തലിച്ചുകിടക്കുന്ന ക്രൈസ്തവസഭയുടെ നേതൃത്വത്തിലേയ്ക്കു തിരഞ്ഞെടുത്തതു സമൂഹത്തിൽ സ്ഥാനവും അംഗീകാരവും ഇല്ലാതെ ഓരങ്ങളിലേയ്ക്കു തള്ളിനീക്കപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളികളും ചുങ്കക്കാരും പാപികളുമാണ്. അതെ, ദരിദ്രരാണു യഥാർത്ഥ ചരിത്രസ്രഷ്ടാക്കൾ - അന്നും ഇന്നും.

# 9. വിപുലപ്പെടുന്ന ശിഷ്യഗണം

യേശുവിന്റെ കൂടെയുണ്ടായിരുന്നു 12 ശിഷ്യന്മാർക്കു പുറമേ, തന്റെ വചനം കേൾക്കാൻ വളരെയധികം ജനങ്ങൾ തിങ്ങിക്കൂടുക പതിവായി. അവരോടു യേശു ജീവിതധർമ്മത്തിന്റെ വിവിധ വശങ്ങളെപ്പറ്റി പഠിപ്പിച്ചുകൊണ്ടിരുന്നു. തന്നെ അനുഗമിക്കുന്നവരിൽ ധാരാളം സ്ത്രീകളുമുണ്ടായിരുന്നു. യേശുവിന്റെ സാരസർവ്വസ്വമായ പ്രഭാഷണങ്ങൾ കേൾക്കാൻ വന്നവരെ പൊതുവേ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് ജനാവലി അഥവാ ജനസഞ്ചയം ആയിട്ടാണ്.

ആ ജനസഞ്ചയത്തിൽ നിന്നും 72 പേരെ പ്രത്യേകം തെരഞ്ഞെടുത്തിട്ട്, താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേയ്ക്കും നാട്ടിൻപുറങ്ങളിലേയ്ക്കും ഈരണ്ടു പേരായി അയയ്ക്കുന്നതായിട്ട് നാം കാണുന്നു. ഇവരിൽ സ്ത്രീകളും യഹൂദരല്ലാത്തവരും ഉണ്ടായിരുന്നിരിക്കണമെന്നു തീർച്ചയായും നമുക്ക് അനുമാനിക്കാം.

സുവിശേഷത്തിൽ 72 പേരെ തെരഞ്ഞെടുത്ത് അയയ്ക്കുന്നു എന്നേയുള്ളു. പക്ഷേ, യേശുവിന്റെ എല്ലാ പ്രവർത്തനശൈലിയും ഇടപെടലും ആളുകളുടെ വരവും മറ്റും ശ്രദ്ധിക്കുമ്പോൾ, ഈ 72 പേർ തീർത്തും മതനിരപേക്ഷ സ്വഭാവമുള്ളവരായിരുന്നിരിക്കണം. മാത്രമല്ല, ഈ വിവരണം ലൂക്കായുടെ സുവിശേഷത്തിൽ മാത്രമേ പ്രതിപാദിക്കുന്നുള്ളു, ലൂക്കാസിന്റെ സുവിശേഷമാകട്ടെ കൂടുതലും അഭിസംബോധന ചെയ്യുന്നതു യഹൂദരേതര പുറജാതിക്കാരെ ആണല്ലോ.

എന്തിനാണ് ഇവരെ തെരഞ്ഞെടുത്തത്? ഉത്തരം യേശു തന്നെ പറയുന്നു: "കൊയ്ത്ത് വളരെ, ജോലിക്കാരോ ചുരുക്കം" (ലൂക്കാ 10:2). ഉത്തരവാദിത്തങ്ങൾ ഏറെയാണ്. ദൗത്യം വളരെ വിപുലവും. അവ ഏറ്റെടുത്തു പ്രവർത്തിക്കാൻ ആളുവേണം. ഇതു അന്നത്തെ ഒരു പ്രത്യേക സവിശേഷതയല്ല. ഇന്നും ഇതേ അവസ്ഥ തുടരുന്നു. ധാരളം കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്; ആളുകൾ എണ്ണമറ്റതായി ഉണ്ടെങ്കിലും ദൗത്യം ഏറ്റെടുത്തു നിർവഹിക്കാനുള്ള ആളുകൾ ചുരുക്കം.

അങ്ങനെ താലപര്യം കാണിച്ചു മുന്നോട്ടു വരുന്നവർക്കു രണ്ടു സവിശേഷതകളെ അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. ഒന്ന്, അവർ പുതിയ അറിവിന്റെയും പുതിയ സന്ദേശത്തിന്റെയും ഉടമകളായി മാറുന്നു. വിജ്ഞാനികൾക്കില്ലാത്ത യഥാർത്ഥ വിജ്ഞാനം ഇവർക്കു ലഭിക്കുന്നു. “ജ്ഞാനികളിൽ നിന്നും ബുദ്ധിമാന്മാരിൽ നിന്നും മറച്ചുവച്ച്, ശിശുക്കൾക്കു വെളിപ്പിടുത്തിക്കൊടുത്തതായാ”ണ് ഈ അവസ്ഥയെ വിശേഷിപ്പിക്കുന്നത് (ലൂക്ക 10:21). രണ്ട്, അവർ ഇറങ്ങിത്തിരിക്കാൻ സന്നദ്ധതയുള്ളവർ ആയിരിക്കണം. കലപ്പയിൽ കൈവച്ചിട്ടു പിറകോട്ടു നോക്കുന്നവർ പറ്റില്ല. തന്നെ അനുഗമിക്കുന്നതിനു മുമ്പായി പിതാവിനെ സംസ്കരിച്ചിട്ടു വരാമെന്നു പറഞ്ഞതിനു, ‘നീ പോയി ദൈവരാജ്യം പ്രസംഗിക്കുക; മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ’ എന്നാണ് യേശു പറഞ്ഞത്. തുടർന്ന് യേശു തന്റെ തന്നെ അവസ്ഥയെപ്പറ്റി ഓർമ്മിപ്പിച്ചു: “കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളുമുണ്ട്. മനുഷ്യപുത്രനു തല ചായ്ക്കാൻ ഇടമില്ല” (ലൂക്ക 9:58). ഇതു ഭംഗിവാക്കുകളല്ല. പച്ചയായ യാഥാർത്ഥ്യമാണ്. ഇതേ അവസ്ഥ തന്നെയാണ് തന്റെ ശിഷ്യന്മാരെയും കാത്തിരിക്കുന്നത്-സുരക്ഷിതത്വമില്ലായ്മ. ചെന്നായ്ക്കളുടെ ഇടയിലേയ്ക്ക് കുഞ്ഞാടുകളെ എന്നപോലെയാണ് ഇവർ അയയ്ക്കപ്പെടുന്നത്. കുട്ടികളുടെ നിഷ്കളങ്കതയും സർപ്പത്തിന്റെ ബുദ്ധികൂർമ്മതയും ഒന്നിച്ചു പ്രവർത്തിക്കണം. മടിശീലയോ സഞ്ചിയോ ചെരുപ്പോ കൊണ്ടുപോകരുത്. ചെല്ലുന്നിടത്തു അവിടത്തെ ജനങ്ങളോടൊപ്പം ജീവിക്കുക, അവരുടെ ഭക്ഷണത്തിൽ പങ്കുചേരുക, അനുതപിക്കുക-ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു പറഞ്ഞു നന്മ ചെയ്യുക. അങ്ങനെ സുരക്ഷിതത്വമില്ലായ്മ യേശുശിഷ്യത്വത്തിന്റെ അവിഭാജ്യഘടകമാണ്.

ഇവിടെ, ഇന്നത്തെ സഭാധികാരികളോ ? യേശുവിന്റെ ശിഷ്യന്മാരുടെ പിൻഗാമികൾ എന്നാണല്ലോ അവർ സ്വയം വിശേഷിപ്പിക്കുന്നത്. എന്നാൽ അവർ സുരക്ഷിതത്വത്തിന്റെ പാരമ്യത്തിലാണ് ജീവിക്കുന്നത്. യേശു ജനത്തോടൊപ്പം ഇടപഴകി ജീവിച്ചു; ശിഷ്യന്മാരും. പക്ഷേ, ഇന്നത്തെ സഭാധികാരികൾ അവരുടെ അധികാരം കൂടുന്നതനുസരിച്ച് ജനത്തിൽ നിന്നും കൂടുതൽ അകൽച്ചയാണ് അനുഭവിക്കുന്നത്. അതുകൊണ്ടുതന്നെ ഇന്നത്തെ സഭാനേതൃത്വം യേശുശിഷ്യരല്ല എന്നു വ്യക്തം. കലപ്പയിൽ കൈവച്ചിട്ട് പുറകോട്ടു നോക്കുന്നവരാണ് അവർ.

# 10. സുവിശേഷ ഭാഗ്യങ്ങൾ

സാമാന്യജനമദ്ധ്യത്തിൽ, അവരോടൊപ്പമിരുന്നു, അവരുടെതന്നെ ഭാഷയിൽ സംവദിക്കുന്ന യേശുവിനെയാണ് നാം ബൈബിളിൽ കാണുന്നത്.

യേശുവിന്റെ സംസാരങ്ങളുടെയും പഠനങ്ങളുടെയും ആകെത്തുകയായിട്ട് സുവിശേഷകർ എടുത്തുകാട്ടുന്നത് മത്തായി പറയുന്ന മലയിലെ പ്രസംഗവും ലൂക്കാ പറയുന്ന താഴ്‌വരയിലെ പ്രസംഗവുമടങ്ങുന്ന സുവിശേഷഭാഗ്യങ്ങളെയാണ് (മത്തായി 5:1-12; ലൂക്കാ 6:20-23). ഇവയെപ്പറ്റി ധാരാളം പഠനങ്ങളും പുസ്തകങ്ങളും ഉണ്ട്.

ആരെല്ലാമാണു ഭാഗ്യപ്പെട്ടവർ അഥവാ അനുഗ്രഹിക്കപ്പെട്ടവർ എന്നും എന്തുകൊണ്ട് അവർ അനുഗൃഹീതരായി എന്നും ആപ്തവാക്യരൂപത്തിൽ പറയുന്നതാണ് സുവിശേഷഭാഗ്യങ്ങൾ:

1. ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ; ദൈവരാജ്യം നിങ്ങളുടേതാകുന്നു.

ഇതു യേശുവിന്റെ പഠനത്തിന്റെയും നിലപാടിന്റെയും അടിത്തറയാണ്. യേശുവിന്റെ പക്ഷംചേരൽ ദരിദ്രരോടൊപ്പമാണ്. കാരണം ദൈവരാജ്യത്തിന്റെ പങ്കാളികൾ ദരിദ്രജനമായിരിക്കും എന്നു യേശു അസന്ദിഗ്ധമായി പഠിപ്പിക്കുകയാണ്. ഈ ചൊല്ലിനെ വളച്ചൊടിച്ചു ദാരിദ്ര്യത്തെ യേശു പുകഴ്ത്തുന്നു എന്നൊരു ആരോപണമുണ്ട്. ഇവിടെ ദരിദ്രരെ അങ്ങനെ നിലനിർത്തണമെന്നല്ല ഈ വാക്യത്തിന്റെ ധ്വനി. ദരിദ്രർ ഇന്നു ദരിദ്രർ ആക്കപ്പെട്ടവരാണ്. അവർക്കാണ് സ്വർഗ്ഗരാജ്യം അവകാശപ്പെട്ടത്; അവർ ദൈവമക്കളാണ്. അവർ ഒരു കാരണവശാലും തഴയപ്പെടാൻ പാടില്ല. അവരാണ് ദൈവരാജ്യ സ്രഷ്ടാക്കൾ എന്നു യേശു തറപ്പിച്ചു പറയുന്നു. അല്ലാതെ, ദാരിദ്ര്യത്തെ മഹത്ത്വവൽക്കരിക്കുകയല്ല. ദരിദ്രരോടു നമുക്കുണ്ടായിരിക്കേണ്ട പ്രത്യേക താല്പര്യത്തിലേയ്ക്കും കരുതലിലേയ്ക്കുമാണിതു വിരൽചൂണ്ടുന്നത്. ദൈവികതയെ അഥവാ ദൈവരാജ്യത്തെ ഗൗരവമായി കാണുന്നവർ ഏറെ ശ്രദ്ധിക്കേണ്ടത് ദരിദ്രരെയാണ്. കാരണം, അവരാണ് ദൈവരാജ്യത്തിന്റെ യഥാർത്ഥ അവകാശികൾ.

ഒരു കാര്യം പ്രത്യേകം ഓർക്കണം. ഇവിടെ യഹൂദ ദരിദ്രരെന്നോ ക്രൈസ്തവദരിദ്രരെന്നോ വിശേഷണമില്ല. അതുപോലെ ദൈവരാജ്യവും യഹൂദമതത്തിന്റെയോ ക്രൈസ്തവമതത്തിന്റെയോ കുത്തകയുമല്ല. ഈ രണ്ടു പദങ്ങളും നൂറു ശതമാനവും മതനിരപേക്ഷമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഇക്കാര്യത്തിലും ഇന്നത്തെ ക്രൈസ്തവസഭ സ്വയംവിമർശനത്തിനു വിധേയപ്പെട്ടു തിരുത്തണം. എല്ലാ ദരിദ്രരുമാണ് ദൈവരാജ്യത്തിന്റെ സാക്ഷാൽ അവകാശികൾ.

2. വിലപിക്കുന്നവരേ, നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആശ്വസിപ്പിക്കപ്പെടും, നിങ്ങൾ ചിരിക്കും.

മനുഷ്യന്റെ സവിശേഷതയാണു ചിരി; മനുഷ്യർക്കാണു പരസ്പരം ആശ്വസിപ്പിക്കാൻ സാധിക്കുക. ജീവിതത്തിൽ പല കാരണങ്ങൾ കൊണ്ടു കരയാൻ നിർബന്ധിതരാക്കപ്പെടുന്ന ധാരാളം സാഹചര്യങ്ങളുണ്ട്. അതുപോലെ ബഹുഭൂരിപക്ഷംവരുന്ന പാവപ്പെട്ടവരെ കരയിപ്പിക്കുന്ന ഘടനയെ അരക്കിട്ടുറപ്പിച്ച് അതിന്റെ ഗുണം കൊയ്തെടുക്കുന്ന, ഇവരെ ചൂഷണം ചെയ്യുന്ന ഒരു ന്യൂനപക്ഷജനമുണ്ട്. അവരുടെ മുമ്പിൽ ഒരു വെല്ലുവിളിയായിട്ടാണ് യേശു കരയുന്നവരുടെ പക്ഷംപിടിച്ചു അവർക്കു ശക്തിപകരുന്നത്.

3. ഇപ്പോൾ വിശപ്പു സഹിക്കുന്നവരേ, നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ തൃപ്തരാക്കപ്പെടും.

ഇവിടെയും യേശു വിശപ്പിനെ പുണ്യവൽക്കരിക്കുകല്ല ചെയ്യുന്നത്. ഈ മണ്ണിൽ ജനിച്ചുവീഴുന്ന ഓരോ മനുഷ്യനും ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗ വ്യത്യാസമില്ലാതെ പട്ടിണി കിടക്കാൻ പാടില്ല. വിശപ്പിന്റെ വിളിയിൽ വേദനിക്കാൻ പാടില്ല. ആഹാരം, ജനിച്ച ഓരോ മനുഷ്യന്റെയും അടിസ്ഥാന അവകാശമാണ്. പക്ഷേ, മനുഷ്യരെ പട്ടിണിക്കിടുന്ന സംവിധാനം ഇവിടെ നിലനില്ക്കുന്നു. അതിനെയാണ് യേശു അഭിസംബോധന ചെയ്യുന്നത്. എല്ലാ മനുഷ്യർക്കും തൃപ്തിയോടെ ആവശ്യത്തിനു ഭക്ഷിക്കാനുള്ള വിഭവങ്ങൾ നമ്മുടെ ഭൂമിയിലുണ്ട്. പക്ഷേ, അതു വളരെ കുറച്ചുപേർ കയ്യടക്കി, സ്വന്തമാക്കി വച്ചിരിക്കുകയാണ്. അവരുടെ അത്യാർത്തിക്കു പരിധിയുമില്ല. ഫലമോ? വിഭവങ്ങൾ ഒരു സ്ഥലത്തു കുന്നുകൂട്ടുമ്പോൾ, ബാക്കിവരുന്നവർ വിശപ്പ് സഹിക്കാൻ നിർബന്ധിതരാക്കപ്പെടുന്നു. യേശു ഇതിനെയാണു ഇവിടെ ചോദ്യംചെയ്യുന്നത്. എല്ലാവരും ഭക്ഷിച്ചു തൃപ്തിയടയണമെന്നു യേശുവിനു നിർബന്ധമുണ്ട്.

4. ശാന്തശീലരേ, നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ഭൂമി അവകാശമാക്കും

എന്താണു ഭൂമി ചെയ്യുന്നത്? മനുഷ്യരുൾപ്പെടെയുള്ള സകലജീവജാലങ്ങൾക്കും വേണ്ട എല്ലാ ഭക്ഷണവും ഒരുക്കിത്തരുന്നു. എങ്ങനെ? ശാന്തമായി, കാലത്തിന്റെ നിയതമായ ഒഴുക്കിൽ. അവിടെ ധൃതിയില്ല, എടുത്തുചാട്ടമില്ല. ഒരു വിത്തു നിലത്തു വീണ് അഴുകണം, പുതിയ മുള വിരിയാൻ, വളർന്നു സമൃദ്ധിയിൽ ഫലമണിയാൻ. ഭൂമിയെപ്പോലെ ശാന്തശീലർക്കു ഭൂമി അവകാശമായി കിട്ടുമെന്നു പറയുമ്പോൾ, മനുഷ്യന്റെ ഭൂമിയുമായിട്ടുള്ള ജൈവബന്ധത്തെയാണ് ഓർമ്മിപ്പിക്കുന്നത്. ഈ അവകാശം സാധിതമാകുന്നതിനു കാത്തിരിപ്പുണ്ട്. 40 വർഷത്തെ സുദീർഘമായ അന്വേഷണയാത്രയുടെ ഫലമാണു കാനാൻദേശം; ഇതു ചരിത്രപരമായ ഒരു സജീവ പ്രക്രിയയാണ്.

5. നീതിക്കുവേണ്ടി വിശക്കുന്നവരേ, ദാഹിക്കുന്നവരേ, നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾക്കു സംതൃപ്തി ലഭിക്കും.

നീതി യേശുവിനു ഏറ്റവും ഇഷ്ടപ്പെട്ട വാക്കാണ്. നീതിയെന്നാൽ എല്ലാവർക്കും അവരവരുടെ ആവശ്യങ്ങളും അവകാശങ്ങളും സുഗമമായി ലഭിക്കണമെന്നർത്ഥം. ഇന്നു നീതിയില്ല; അനീതി വിളയാടുകയാണ്. അതുകൊണ്ടു നീതി കൈവരണമെങ്കിൽ, അതിനായി കഠിനമായി യത്നിക്കണം; വിശപ്പും ദാഹവും സഹിക്കണം; പീഡകൾ ഏറ്റുവാങ്ങണം; വിവിധ സമരമുഖങ്ങൾ മെനഞ്ഞു ത്യാഗപൂർണ്ണമായ പാതയിലൂടെ സഞ്ചരിക്കണം.

നീതിക്കു വേണ്ടി ഇന്നു യത്നിക്കുക എന്നുവച്ചാൽ, അനീതിയും തത്ഫലമായ അക്രമങ്ങളും നിറഞ്ഞ വ്യവസ്ഥിതിയെ നഖശിഖാന്തം എതിർക്കുക എന്നർത്ഥം. ബഹുഭൂരിപക്ഷം വരുന്നവരുടെ ജീവിതം നരകതുല്യമാക്കുന്ന ഇന്നത്തെ സംവിധാനത്തെ ഇടിച്ചുപൊളിക്കണമെന്നർത്ഥം. ചൂഷണവും അടിച്ചമർത്തലും വിവേചനവും ഇല്ലാത്തൊരവസ്ഥയ്ക്കു വേണ്ടിയുള്ള ജീവാർപ്പണമെന്നർത്ഥം. ഇങ്ങനെ ഒരവസ്ഥയ്ക്കു വേണ്ടി പ്രവർത്തിക്കുന്നവരിൽ സ്വാർത്ഥതയില്ല; പരോന്മുഖതയാണവരുടെ സവിശേഷത. അതിന്റെ പരിണതഫലമാണ് ശാശ്വതമായ തൃപ്തി. അതാണു നീതിമാനു യേശു വാഗ്ദാനം ചെയ്യുന്നത്.

6. കരുണയുള്ളവരേ, നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾക്കു കരുണ ലഭിക്കും.

മനുഷ്യജീവിതം ബന്ധങ്ങളുടെ ഒരു സമാഹാരമാണ്. പരസ്പരം മനസ്സിലാക്കിക്കൊണ്ടുള്ള ഇടപെടലും ഇടപഴകലുമാണ് മനുഷ്യജീ

വിതത്തെ ധന്യമാക്കുന്നത്. അതിന്റെ അടിസ്ഥാന ആധാരം കരുണയാണ്, കരുതലാണ്. ബന്ധത്തിൽ കുറഞ്ഞതു രണ്ടു വ്യക്തികൾ വേണമല്ലോ. ഒരാൾ മറ്റേയാളിന്റെ ആവശ്യങ്ങൾ ചോദിക്കാതെയും പറയാതെയും മനസ്സിലാക്കി വേണ്ടതു പോലെ ചെയ്യുന്നതാണ് കരുതൽ അഥവാ കരുണ. ഇവിടെ സ്വയം മറന്നുകൊണ്ട്, തൽസ്ഥാനത്തു അപരനെയും അപരന്റെ ആവശ്യങ്ങളെയും പ്രതിഷ്ഠിക്കുകയാണ്. ഈ ബന്ധത്തിൽ അപരനാണു വലുത് അഥവാ മുഖ്യൻ. ഞാൻ അപരന്റെ തോഴനാവുകയാണിവിടെ. യേശു പറഞ്ഞുവച്ച ശുശ്രൂഷയുടെ അടിസ്ഥാനം ഈ കരുതലാണ്. ഈ പ്രവർത്തനശൈലിക്കു ഒരു പാരസ്പര്യമുണ്ട്. അതാണ് അതിന്റെ ധന്യത.

7. ഹൃദയശുദ്ധിയുള്ളവരേ, നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ദൈവത്തെ കാണും.

വളരെ ശ്രദ്ധയോടെ മനസ്സിലാക്കേണ്ട ഒരു ആപ്തവാക്യമാണിത്. ഹൃദയവിശുദ്ധിയും ദൈവവും തമ്മിലുള്ള അഭേദ്യമായ ബന്ധമാണിതു സൂചിപ്പിക്കുന്നത്. ഭക്തകൃത്യങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും തിരുക്കർമ്മങ്ങൾക്കും പെരുന്നാൾ/തിരുന്നാൾ ആഡംബരങ്ങൾക്കും അപ്പുറം മനസ്സിന്റെ നേരിനാണ് ഇവിടെ പ്രാധാന്യം. അതാണ് യഥാർത്ഥ സത്ത. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ദൈവത്തെ കണ്ടെത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഹൃദയത്തിന്റെ ആത്മാർത്ഥതയും നൈർമ്മല്യവുമാണ്. അല്പംകൂടി ആഴത്തിൽ ചിന്തിച്ചാൽ, ദൈവമെന്നൊന്നുണ്ടെങ്കിൽ അതു ഹൃദയത്തിന്റെ ശുദ്ധിയാണ്. അതാണ് മനുഷ്യന്റെ വലിപ്പവും.

8. സമാധാനം സ്ഥാപിക്കുന്നവരേ, നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ദൈവപുത്രരെന്നു വിളിക്കപ്പെടും.

സമാധാനം പൊതുവേ ഇന്നു നമുക്കൊക്കെ വഴക്കില്ലാത്ത അവസ്ഥയാണ്. വഴക്കില്ലെങ്കിൽ സമാധാനമായി എന്ന വിവക്ഷയാണുള്ളത്. പക്ഷേ, യേശുദർശനത്തിൽ സമാധാനത്തിനു വളരെ ആഴത്തിലുള്ള വേരോട്ടമുണ്ട്. പരസ്പരമുള്ള മാനസിക അംഗീകാരവും സമീപനരീതിയും സമാധാനത്തിന്റെ കാതലാണ്. അതായതു എല്ലാവരും ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗ വ്യത്യാസമില്ലാതെ ദൈവമക്കളാണ് എന്നു പ്രായോഗികമായി അംഗീകരിക്കുകയാണ് സമാധാനത്തിന്റെ ആധാരം. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ എല്ലാ പ്രധാനപ്പെട്ട മുഹൂർത്തങ്ങളിലും സമാധാനാശംസകളുണ്ട്. അതായത് ഇതു വെറും ആശംസാവാക്കല്ല, മറിച്ച്, മനുഷ്യാവതാരത്തിലൂടെ എല്ലാ മനുഷ്യരും ദൈവമക്കളാവുകയാണ്; എല്ലാവർക്കും തത്ഫലമായി സമാധാനവും. ഇതു വെറുതെ വന്നുവീഴുന്ന ഒരത്ഭുത പ്രതി

ഭാസമല്ല. ഇതു സാമൂഹ്യ-മാനസികാർപ്പണത്തിലൂടെ ശ്രമകരമായി നേടിയെടുക്കേണ്ട വലിയൊരു സമ്പത്താണ്.

9. നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവരേ, നിങ്ങൾ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം നിങ്ങളുടേതാകുന്നു.

ഈ ആപ്തവാക്യത്തോടു കൂട്ടിച്ചേർത്തിരിക്കുന്ന ഭാഗ്യവരം യേശുദർശനത്തിനു വേണ്ടി അവഹേളനവും പീഡനവും തിന്മകളും ഏൽക്കേണ്ടിവരുന്നതിനെയാണ്. എന്റെ വൈദിക പരിശീലനകാലത്തും തുടർന്നു ബന്ധപ്പെട്ടിരുന്ന മുഖ്യധാരാ വൈദിക ശുശ്രൂഷാകാലയളവിലും ഏറ്റവും കൂടുതൽ ദുർവ്യാഖ്യാനിക്കപ്പെടുകയും ബൈബിൾ വാക്യത്തിന്റെ ഊർജ്ജം ഊറ്റിക്കളഞ്ഞിട്ട് വെറും ചടങ്ങിനെപ്പോലെ യാന്ത്രികമായി ഏറ്റുപറയുകയും ചെയ്യുന്ന ഒന്നാണ് അന്നും ഇന്നും ഈ ബൈബിൾ ഭാഗം.

ഇന്നു യേശുദർശനവും അതിന്റെ നീതിസങ്കല്പവും ഔദ്യോഗിക സഭാനേതൃത്വം ഏറ്റെടുത്തിരിക്കുകയാണ്. അതു സത്യത്തിൽ സമൂഹത്തിലെ സമ്പന്ന താല്പര്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. അങ്ങനെ നോക്കുമ്പോൾ, നീതിക്കുവേണ്ടി പീഡനം ഏല്ക്കുക എന്നാൽ, സഭാധികാരികൾ നടത്തുന്ന വൻ കൊള്ളലാഭം ഉണ്ടാക്കിക്കൊടുക്കുന്ന സ്ഥാപനങ്ങളും അവയുടെ അധികാരവും നിലനിർത്താനുള്ള സഹനം എന്നർത്ഥം. അവർ പറയുന്ന ത്യാഗം ചെയ്യുന്നതിനെ നീതിക്കുവേണ്ടിയുള്ള പീഡനം എന്നായിരിക്കും വ്യാഖ്യാനം.

പക്ഷേ, യേശു തന്റെ ജീവിതത്തിലൂടെയും പഠനത്തിലൂടെയും എന്താണ് നീതി, എന്താണ് തന്റെ ദർശനം എന്നു വ്യക്തമാക്കുന്നുണ്ട്. അത് എല്ലാവർക്കുമുള്ള നീതിയാണ്; പ്രത്യേകിച്ച് അടിസ്ഥാനപരമായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിലുള്ളവർക്കുള്ള നീതിയാണ്. അർത്ഥസമ്പുഷ്ടമായ ഈ സൂക്തത്തെയാണ് ബിഷപ്പുമാരുടെയും സഭാനേതാക്കളുടെയും സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള ത്യാഗമായി വിവക്ഷിച്ച്, 'ഇപ്പോൾ സഹനത്തിന്റെ കാലമാണ്' എന്നും മറ്റും പറയുന്ന ഇടയലേഖനങ്ങൾ പുറത്തുവരുന്നത്. ഇതു തീർത്തും അപലപനീയമാണ്.

ചുരുക്കത്തിൽ, ഒരു കാര്യം വ്യക്തം. ഈ സുവിശേഷഭാഗ്യങ്ങളൊക്കെത്തന്നെ അഭിസംബോധന ചെയ്യുന്നതു സമൂഹത്തിൽ പല രീതിയിൽ വേദനയും കഷ്ടപ്പാടും അനുഭവിക്കുന്ന മനുഷ്യരെയാണ്; യഹൂദരെയും ക്രിസ്ത്യാനികളെയും മാത്രമല്ല. അങ്ങനെ തീർത്തും മതനിരപേക്ഷത കാത്തുസൂക്ഷിക്കുന്നവയാണ് സുവിശേഷഭാഗ്യങ്ങൾ.

# 11. യേശുദർശനത്തിലെ മൂല്യവിപ്ലവം

ഈയിടെയായി മാധ്യമങ്ങളിൽ, പ്രത്യേകിച്ച് ഇന്റർചർച്ച് കൗൺസിൽ ചെയർമാൻ ചങ്ങനാശ്ശേരി മുൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിലിന്റെ ഇടപെടലിലൂടെ, ഏറെ എടുത്തുകാട്ടിയതാണ് ക്രൈസ്തവമൂല്യങ്ങൾ. 'ക്രൈസ്തവകുട്ടികൾക്കു ക്രൈസ്തവമൂല്യത്തിൽ പരിശീലനം കിട്ടാൻ ക്രിസ്തീയ സ്കൂളിൽ തന്നെ വിട്ടു പഠിപ്പിക്കണം' എന്നു വരെ പറയാനും ആ പ്രസ്താവനയെ വീണ്ടും നീതീകരിക്കാനും വരെ ആർച്ച്ബിഷപ്പ് തയ്യാറായി. എന്താണീ ക്രൈസ്തവമൂല്യങ്ങൾ? ഭൗതികതയെയും നിരീശ്വരത്വത്തെയും എതിർക്കുക. അതേസമയം ഭൗതികസൗകര്യങ്ങൾക്കായും വലിയ സ്ഥാപനങ്ങൾക്കായും രാഷ്ട്രീയസമരവും നിയമയുദ്ധവും നടത്തുക. ഒപ്പം യഥാർത്ഥ ദൈവത്തിന്റെ വിപരീതമായ പണദേവതയെ അമിതമായ സംഭാവനയിലൂടെയും ക്രമംകെട്ട ഫീസ് ഘടനയിലൂടെയും പ്രവേശന-നിയമന തലവരിയിലൂടെയും മറ്റും ആരാധിക്കുക - ഇവയൊക്കെയാണു ക്രൈസ്തവമൂല്യങ്ങളായി ഇന്നു വ്യവഹരിക്കപ്പെടുന്നത്. ഈയൊരു ചരിത്രപരമായ സാഹചര്യത്തിൽ യേശുദർശനത്തിന്റെ അന്തസ്സത്തയായി ബൈബിളിൽ കാണുന്ന മൂല്യങ്ങളിലേയ്ക്കു ഒന്നു കണ്ണോടിക്കുക ഉപകാരപ്രദമായേക്കാം.

ലൂക്കായുടെ സുവിശേഷത്തിലും മത്തായിയുടെ സുവിശേഷത്തിലുമാണ് ഈ മൂല്യസംഹിത വ്യക്തമാക്കുന്നത്. ഒരു പൊതുസ്വഭാവമായി എടുത്തുകാട്ടാവുന്നത് അതിന്റെ മതനിരപേക്ഷതയും അപരർക്കായി കണക്കുകൂട്ടാതെയുള്ള വലിച്ചെറിയലും ഹൃദയത്തിന്റെ ഭാഷയിൽ ചോദിക്കുന്നതിനപ്പുറം കൊടുക്കലുമാണ്.

അല്പംകൂടി വിശദീകരിക്കാം. യേശു ഒരു യഹൂദനായിട്ടാണ് അറിയപ്പെട്ടിരുന്നത്. പക്ഷേ, യഹൂദമൂല്യങ്ങളെപ്പറ്റി മിണ്ടിയിട്ടില്ല. യേശു ഒരിടത്തും ഒരു ഇടുങ്ങിയ കാഴ്ചപ്പാടോടെ കാര്യങ്ങളെ കണ്ട സന്ദർഭങ്ങളില്ല. ഇനി തന്റെ സ്വന്തം (അതായത് ക്രിസ്തുവിനടുത്ത അഥവാ ക്രിസ്തീയ/ക്രൈസ്തവ) മൂല്യങ്ങളെപ്പറ്റി ചെറിയൊരു ധ്വനിപോലുമില്ല.

യേശു തന്റെ ദർശനത്തിന്റെ മൂല്യസംഹിതയുടെ അടിത്തറയായി പറഞ്ഞുവച്ചിട്ടുള്ളത് "മറ്റുള്ളവർ നിങ്ങളോടു എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെ നിങ്ങൾ അവരോടു പെരുമാറുവിൻ" (ലൂക്കാ 5:31).

തുടർന്ന് എടുത്തുകാട്ടുന്നത്, ഇന്നും എന്നും പൊതുവേ നല്ലതെന്നു സ്വീകാര്യമായ ഒരു സവിശേഷതയെ ചോദ്യംചെയ്തുകൊണ്ടാണ്. 'നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നതിൽ എന്തു മേന്മയാണുള്ളത്? അതു എല്ലാവരും ചെയ്യുന്നതല്ലേ? അതുപോലെ നന്മ ചെയ്യുന്നവർക്കു നന്മ, വായ്പ തിരിച്ചുതരുന്നവർക്കു കടംകൊടുക്കൽ ഒക്കെ സാധാരണ എല്ലാ വ്യക്തികളും ചെയ്യുന്നു. പക്ഷേ, യേശുദർശനം ആവശ്യപ്പെടുന്ന മൂല്യങ്ങൾ ഈ അതിർത്തിവരമ്പിനു അപ്പുറം പോകുന്നു. ശത്രുക്കളെ സ്നേഹിക്കുക, ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുക, ശപിക്കുന്നവരെ അനുഗ്രഹിക്കുക, ഒരു ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതു കൂടി കാണിച്ചുകൊടുക്കുക, മേലങ്കി എടുക്കുന്നവനു കുപ്പായം കൂടി കൊടുക്കുക, ചോദിക്കുന്നവനു കൂടുതൽ കൊടുക്കുക, ഒരു മൈൽ കൂടെ വരാൻ ആവശ്യപ്പെട്ടാൽ രണ്ടു മൈൽ ചെല്ലുക, ദുഷ്ടർക്കും ശിഷ്ടർക്കും ഒരു പോലെ മഴയും വെയിലും ലഭിക്കുന്നതു പോലെ എല്ലാവർക്കും നന്മ ചെയ്യുക, എല്ലാവരോടും എല്ലാത്തിനോടും കരുണയും കരുതലും ഉള്ളവരാവുക.

യേശുവിന്റെ സ്വന്തം വാക്കിൽ "നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിപ്പിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 5:20). ഓർക്കുക, നിയമജ്ഞരും ഫരിസേയരും അത്ര മോശക്കാരല്ല. അവർ ഔദ്യോഗികമായിത്തന്നെ നിയമം വ്യാഖ്യാനിക്കുന്നവരും നിയമം അനുസരിച്ചു ജീവിക്കുന്നവരുമായ യഹൂദസമൂഹത്തിലെ സമുന്നതരായ നേതാക്കളാണ്. അവർ പ്രസ്തുത നിയമത്തിനനുസരിച്ച് എല്ലാം നൂറുശതമാനം നേരോടെ ചെയ്യുന്നവരാണ്; നിയമലംഘകരല്ല. അവർ രക്ഷപ്പെടുകയില്ല എന്നു അസന്ദിഗ്ധമായി തന്നെ യേശു പറഞ്ഞു. ചുരുക്കത്തിൽ, യേശുമൂല്യങ്ങളുടെ അടിസ്ഥാനം അപരനാണ്. ഇതു അപരനു വേണ്ടി ഒരു കണക്കുകൂട്ടലും കുറയ്ക്കലും ഇല്ലാതെ സ്വയം വലിച്ചെറിയലാണ്, ചോദിക്കുന്നതിനപ്പുറം പങ്കുവയ്ക്കുന്നതാണ് യഥാർത്ഥ മൂല്യം. മറ്റൊരു വാക്കിൽ 'താ' ക്രിസ്ത്യാനികളല്ല, 'കൊടുക്കുന്ന' ക്രിസ്ത്യാനികളെയാണ് യേശു വിഭാവനം ചെയ്യുന്നത്. ഒരു ലാഭനഷ്ട കണക്കുകൂട്ടലും ഇല്ലാതെയുള്ള സമഭാവനയും പങ്കുവെയ്ക്കലുമാണത്.

ഈ സ്വയം വലിച്ചെറിയലിനു ഏതോ വലിയ ത്യാഗത്തിന്റെയും ആത്മസംയമനത്തിന്റെയും ക്രൂശീകരണത്തിന്റെയും ധ്വനിയല്ല ഉള്ള

ത്. മറിച്ച്, ഹൃദയത്തിന്റെ ഭാഷയും അർപ്പണത്തിന്റെ ബോധ്യവുമാണ് ഇതിന്റെ ഉള്ളടക്കം. ഇക്കാര്യം മത്തായി വ്യക്തമാക്കുന്നതു ബൈബിളിലെ പഴയനിയമത്തിലെ നിയമങ്ങളും പുതിയനിയമത്തിൽ യേശുവിന്റെ ദർശനവും തമ്മിലുള്ള ചെറിയൊരു താരതമ്യം നടത്തിയിട്ടാണ്. ഉദാഹരണം കൊണ്ടു വ്യക്തമാക്കാം. പഴയനിയമത്തിലെ ഒരു തത്വമിതാണ്: കൊല്ലരുത്. യേശു അതിനെ ഇങ്ങനെ തിരുത്തുന്നു: നിന്റെ സഹോദരനോടു കോപിക്കുകപോലുമരുത്. മാത്രമല്ല, നീ ബിലയർപ്പിക്കാൻ ബലിവേദിയെ സമീപിക്കുമ്പോഴാണ് നിന്റെ ഏതെങ്കിലും സഹോദരനു നിന്നോടു എന്തെങ്കിലും വിരോധം ഉണ്ടെന്ന് ഓർത്താൽ (പ്രത്യേകം ശ്രദ്ധിക്കുക - നിനക്ക് അപരനോടു വിരോധം ഉണ്ടെന്നല്ല പറയുന്നത്. അപരനു നിന്നോടു വിരോധമുണ്ടെന്ന് ഓർത്താൽ) ബലിവസ്തുക്കൾ അവിടെ വച്ചിട്ട് ആദ്യം പോയി അദ്ദേഹവുമായി രമ്യപ്പെട്ടിട്ട് തിരിച്ചുവന്നു ബലി അർപ്പിക്കുക. തീർത്തും ഹൃദയത്തിന്റെ ഭാഷ. മറ്റൊരു ഉദാഹരണം. 'വ്യഭിചാരം ചെയ്യരുത്.' യേശുദർശനത്തിൽ, ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു. വീണ്ടും 'വ്യാജമായി ആണയിടരുത്'. അതിനു യേശുദർശനത്തിൽ 'നിങ്ങളുടെ വാക്ക് അതേ എന്നോ അല്ലാ എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടതയാണ്.' തീർത്തും സുതാര്യമായ ഇടപെടലും സംസാരവുമാണ് ഇവിടെ വ്യക്തമാക്കുന്നത് 'കണ്ണിനു പകരം കണ്ണ്; പല്ലിനു പകരം പല്ല്' എന്നതിനു പകരം, തിന്മയെ നന്മ കൊണ്ടു നേരിടുക. വീണ്ടും 'അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക' എന്നതിനുള്ള യേശുഭാഷ്യം ശത്രുക്കളെയും പീഡിപ്പിക്കുന്നവരെയും സ്നേഹിക്കുക എന്നതാണ്.

അങ്ങനെ യേശുമൂല്യങ്ങൾ ഉൾക്കൊള്ളുന്നവർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആണ്. അങ്ങനെ ഉൾക്കാമ്പുള്ള വ്യക്തിത്വമാകും യേശുദർശനമൂല്യങ്ങളുടെ സംവാഹകർ. അവിടെയാണ് ഇന്നത്തെ ക്രൈസ്തവസഭയും ക്രൈസ്തവരും യേശുദർശനമൂല്യസംഹിതയുടെ വിരുദ്ധരായി ചരിത്രം വിധി എഴുതുന്നത്. യേശുദർശനമൂല്യങ്ങൾക്ക് ഒരു വിട്ടുവീഴ്ചയുമില്ല; നൂറു ശതമാനവും മതനിരപേക്ഷമാണ്. അവിടെയാണ് ബഹു. ചങ്ങനാശ്ശേരി മുൻ ആർച്ച് ബിഷപ്പ് മാർ പൗവത്തിൽ തരംതാണു പോകുന്നത്. വിധി പറയുക എന്റേതല്ല (മത്തായി 7:1); എങ്കിലും ഇക്കാര്യം ഇവിടെ സൂചിപ്പിച്ചു എന്നു മാത്രം. ചുരുക്കത്തിൽ ഒരു ജാതിക്കും മതത്തിനും ഉൾക്കൊള്ളാൻ പറ്റുന്നതിനും അപ്പുറമാണ് യേശുദർശനമൂല്യങ്ങൾ. അതു തന്നെയാണ് അവയിൽ ഉൾക്കൊള്ളുന്ന പരിവർത്തക ഊർജ്ജത്തിന്റെ വിപ്ലവചൈതന്യവും.

# 12. ദാനധർമ്മം, പ്രാർത്ഥന, ഉപവാസം

ദാനധർമ്മം, പ്രാർത്ഥന, ഉപവാസം - ഇവ മൂന്നിനും ഏതു മത ചിന്തയിലും ഏറെ പ്രാധാന്യമുള്ള ഘടകങ്ങളാണ്. ഇവയെപ്പറ്റി പൗരാണികകാലത്തുണ്ടായ ധാരണയ്ക്ക് ഇന്നും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല. മാത്രമല്ല, അവ കൂടുതൽ പ്രാധാന്യത്തോടെ മുഖ്യധാരാ മതങ്ങൾ അവതരിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്.

ഇന്നു ദാനധർമ്മം ഒരു പരസ്യപ്രഖ്യാപനമാണ്. പള്ളികൾ, കുരിശടികൾ, ആശുപത്രിയുടെ ഓരോ വാർഡുകൾ, പാവപ്പെട്ടവർക്കു ഭവനങ്ങൾ തുടങ്ങി ഏതു തരത്തിലുമുള്ള ദാനങ്ങളായാലും പൊതുജനസാമാന്യത്തിനു ഈ സഹായം ആരു നല്കി എന്നു കാണത്തക്കരീതിയിൽ പ്രദർശിപ്പിക്കുന്നത് ഇന്നത്തെ അംഗീകൃത ശൈലിയായി മാറിയിരിക്കുന്നു. യേശു പറയുന്നു 'ദാനം കൊടുക്കുമ്പോൾ പ്രശംസ ലഭിക്കാൻ വേണ്ടി കാഹളം മുഴക്കരുത്' (മത്തായി 6:2). ഇന്നു ദാനധർമ്മം ഒരു കച്ചവടമായി മാറിയിരിക്കുന്നു. സ്പോൺസറിന്റെ പേരുവിവരങ്ങൾ എഴുതിവയ്ക്കുകയോ മൈക്കിലൂടെ വിളംബരം ചെയ്യുകയോ ഇന്നുഅംഗീകൃതരീതിയായിരിക്കുന്നു. അതിൽ ഒരു അസ്വീകാര്യതയോ അസ്വാഭാവികതയോ കാണാത്ത ഒരു മനസ്സിന്റെ ഉടമകളായി മാറിയിരിക്കുന്നു മതസമൂഹം. മാത്രമല്ല, ഇങ്ങനെയുള്ള ദാനധർമ്മം വലിയ പ്രതിഫലം (100 മടങ്ങു വരെ) ഇവിടെ ത്തന്നെ ലഭിക്കുമെന്നും പിന്നെ സ്വർഗ്ഗരാജ്യവും ലബ്ധമാകുമെന്ന വിശ്വാസവും ഇതിന്റെ പിന്നിലുണ്ട്.

ഭിക്ഷക്കാരോടും ഏഴകളോടുമുള്ള സഹതാപമനോഭാവം ദാനധർമ്മത്തിന്റെ പ്രേരകശക്തിയാണ്. സത്യത്തിൽ ഇപ്പോൾ യാതൊരു അടിസ്ഥാനസൗകര്യങ്ങളുമില്ലാത്ത ദരിദ്രജനവിഭാഗത്തിന് സഹതാപതരംഗത്തിലൂടെ ലഭിക്കുന്ന ചില്ലറത്തുട്ടുകൾ മാത്രം പോരല്ലോ. അവരെ ഈ ദുഃസ്ഥിതിയിൽ നിന്നു മോചിപ്പിക്കുകയല്ലേ രക്ഷാകര ദൗത്യം. ആ ചിന്തയാണ് മൗലികമായി ഉണ്ടാകേണ്ടത്.

സഹതാപ പ്രേരിതദാനധർമ്മം ചിന്തയെയും സമീപനത്തെയും പ്രവർത്തനരീതിയെയും യേശുവിന്റെ പഠനം ശരിക്കും എതിർക്കുക

യാണ്. തീർച്ചയായും വിശക്കുന്നവർക്കു ആഹാരം, നഗ്നർക്കു വസ്ത്രം, കുടിവെള്ളമില്ലാത്തവർക്കു ശുദ്ധജലം, പാർപ്പിടമില്ലാത്തവർക്കു പാർപ്പിടം ഒക്കെ നിർബാധം ലഭിക്കണം. ഇതിനോടുള്ള സമീപനം എന്തായിരിക്കണമെന്നു യേശുവിന്റെ വാക്യത്തിൽതന്നെ പറയട്ടെ: "നീ ദാനധർമ്മം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ" (മത്തായി 6:3).

ദാനധർമ്മത്തേക്കാൾ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും കാപട്യം നിറഞ്ഞതുമാണ് പ്രാർത്ഥന. ഇന്നു പ്രാർത്ഥന ദൈവത്തിന്റെ മുമ്പിൽ മനുഷ്യരുടെ ആവശ്യങ്ങൾ നിരത്തിവയ്ക്കുന്ന ഒരു അവസ്ഥയായി മാറിയിരിക്കുന്നു. ഇന്നത് അതിഭാഷണമായി മാറിക്കഴിഞ്ഞിരിക്കുന്നു. കരിസ്മാറ്റിക് ധ്യാനത്തിലും മറ്റു ഇതര ക്രിസ്തീയ (പ്രൊട്ടസ്റ്റന്റ്) കൂട്ടായ്മകളിലും വാവിട്ടു ഉച്ചത്തിൽ അട്ടഹസിച്ചു ദൈവത്തെ വിളിക്കുമ്പോൾ കേൾക്കുന്ന ഒരു ദൈവസങ്കല്പമാണ് പ്രകാശിതമാകുന്നത്. നമ്മുടെ ആവശ്യങ്ങൾ അറിയാത്ത ദൈവത്തെ നമ്മുടെ ഓരോ ആവശ്യങ്ങളും അക്കമിട്ടു എണ്ണിപ്പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്ന ഒരു ശൈലിയും നാമിവിടെ കാണുന്നു. അങ്ങനെ അന്നത്തെ, ഒരുവിധത്തിൽ പറഞ്ഞാൽ ഇന്നത്തെയും പ്രാർത്ഥനാ രീതികളെ മുഴുവൻ ചോദ്യം ചെയ്തുകൊണ്ട്, യേശു പ്രാർത്ഥനയുടെ അന്തഃസത്തയിലേക്കു വിരൽചൂണ്ടുന്നു.

അങ്ങനെയാണ് യേശു പഠിപ്പിച്ച വിശ്വവിഖ്യാതമായ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന രൂപപ്പെട്ടത് (മത്തായി 6:9-15; ലൂക്കാ 11:2-4). അതിൽ രണ്ടു ഘടകങ്ങൾ കാണുന്നു - ദൈവപിതാവും മക്കളും. ഞാൻ എന്നോ എന്റേതെന്നോ ധ്വനിപ്പിക്കുന്ന ഒന്നുമില്ല. ഇന്നത്തെ പ്രാർത്ഥനയിൽ നിറഞ്ഞുനില്ക്കുന്നതു ഞാനാണ്. എന്റെ പാപത്തെ ഓർത്തുള്ള പശ്ചാത്താപത്തിൽ കരുണ തോന്നി എനിക്കു സ്വർഗ്ഗം നല്കുന്ന ഒരു സ്വാർത്ഥപരമായ പ്രാർത്ഥനയാണ് ഇന്നു എവിടെയും നിഴലിച്ചു നില്ക്കുന്നത്. പക്ഷേ, യേശുവിന്റെ പഠനത്തിൽ ദൈവവും ദൈവമക്കളും സഹോദരരും തമ്മിലുള്ള മനോഹരബന്ധത്തെയാണ് പ്രാർത്ഥനകൊണ്ടു വിവക്ഷിക്കുന്നത്.

ഉപവാസം ഒരു കലയാണ്. ഇന്നു ഉപവാസമെന്നു പറയുമ്പോൾ പൊതുധാരണ ഒരു നിശ്ചിത സമയത്തേക്കു ഭക്ഷണം വർജ്ജിക്കുന്നതാണ്. പഴയനിയമത്തിൽ തലകുനിച്ച്, ചാക്കു വിരിച്ച് ചാരവും വിതറിക്കിടന്നു ഒരു ദിവസത്തേക്കു സ്വയം എളിമപ്പെടുത്തുന്ന അനുഷ്ഠാനത്തെ ഉപവാസമായി കണ്ടിരുന്നു. യേശു ഈ ഉപവാസച്ചട

ങ്ങിനെ നിശിതമായി വിമർശിക്കുകയാണ്. 'നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. അന്യരെ കാണിക്കാൻ വേണ്ടി മുഖം വികൃതമാക്കരുത്' (മത്തായി 6:16). ഉപവാസം മറ്റുള്ളവരെ കാണിക്കാനുള്ളതല്ല; സ്വയം ശുദ്ധീകരണത്തിനാണ്. അവിടെ പ്രസാദവാനായി നിലകൊള്ളണം.

ഇങ്ങനെയുള്ള ഉപവാസ ആഭാസങ്ങളെ എടുത്തുകാട്ടിയിട്ട് എന്താണു യഥാർത്ഥ ഉപവാസമെന്നു പഴയനിയമത്തിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകം 58 -ാം അദ്ധ്യായത്തിൽ പറയുന്നത് ഉദ്ധരിക്കട്ടെ: "കർത്താവിനു സ്വീകാര്യമായ ഉപവാസമിതാണ്. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവരുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതരെ വീട്ടിൽ സ്വീകരിക്കുകയും നഗ്നരെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ, നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും; നീ വേഗം സുഖം പ്രാപിക്കും; നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും" (ഏശയ്യാ 58:6-8). ഇങ്ങനെ ഉപവാസത്തെ ഇത്ര മഹത്തരമായ ഒരു സാമൂഹ്യ ഉത്തരവാദിത്തമായാണ് ബൈബിൾ കാണുന്നത്. യേശു ആ രീതിയിലാണു അതിനെ വിലയിരുത്തുന്നത്.

ചുരുക്കത്തിൽ, ദാനധർമ്മത്തിനും പ്രാർത്ഥനയ്ക്കും ഉപവാസത്തിനും അന്നു നിലനിന്നിരുന്നതും ഇന്നു നിലനില്ക്കുന്നതുമായ ജഡിലാചാരങ്ങളെ മുഴുവൻ തിരുത്തിക്കുന്ന വേറിട്ട പാതയാണ് യേശുവിന്റേത്. ഈ സവിശേഷമായ കാഴ്ചപ്പാടാണ് പുതിയനിയമത്തെ പഴയനിയമത്തിൽ നിന്നും മഹത്തരമാക്കുന്നത്. അതേ, ഈ സമീപനത്തിൽ അർത്ഥവ്യാപ്തിയുണ്ട്; ജീവന്റെ തുടിപ്പ് നിറഞ്ഞു നില്ക്കുന്നുണ്ട്.

# 13. യേശുശിഷ്യത്വത്തിന്റെ വില

യേശു തന്റെ ദൗത്യനിർവ്വഹണം നടത്തി നീങ്ങുകയാണ്. ജനം അന്നത്തെ സാമൂഹ്യ-രാഷ്ട്രീയ-മതപരമായ സാഹചര്യങ്ങളെപ്പറ്റി ബോധവാന്മാരാകുന്നു, അധീശവർഗ്ഗം തനിക്കെതിരെ കെണികൾ ഒരുക്കുന്നതു യേശു മനസ്സിലാക്കുന്നു, താൻ കൊല്ലപ്പെടുമെന്നുള്ള കാലത്തിന്റെ സൂചനകൾ വായിച്ചറിയുന്നു. ശിഷ്യരുടെ എണ്ണവും വർദ്ധിക്കുന്നു. അവർ സംഘടിതരാകുന്നു. ഈ പ്രക്രിയ അതിശീഘ്രം വളരുന്നതു കണ്ട യേശു, തന്റെ ശിഷ്യത്വത്തിന്റെ വില എന്താണെന്നു വ്യക്തമാക്കുന്നു.

അധീശവർഗ്ഗമെന്നും അടിമവർഗ്ഗമെന്നും വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹത്തിൽ, ശിഷ്യത്വം കുരിശിന്റെ പാതയാണ്. വ്യക്തമായ ദരിദ്രപക്ഷ നിലപാടിന് ഏറെ ത്യാഗങ്ങൾ ഏറ്റെടുക്കേണ്ടിവരും. സ്വയം പരിത്യജിച്ചു, സത്യത്തിന്റെ വീഥിയിലൂടെ സഞ്ചരിക്കേണ്ടതുണ്ട്. കുടുംബത്തിന്റെ സുരക്ഷിതത്വത്തിൽ നിന്നും മാനവസമൂഹത്തിലേയ്ക്കുള്ള പാതയാണിത്. സ്വാഭാവികമെന്നോണം അക്കാലത്ത് അംഗീകരിക്കപ്പെട്ടിരുന്ന കുടുംബകൂട്ടായ്മയെയാണ് യേശു ചോദ്യം ചെയ്യുന്നത്. "സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും ത്യജിക്കാതെ എന്റെ ശിഷ്യനായിരിക്കാൻ സാധിക്കുകയില്ല" (ലൂക്കാ 14: 26). ഇങ്ങനെ വളരെ കഠിനമായിട്ടുള്ള വ്യവസ്ഥകളാണ് തന്റെ ദൗത്യനിർവഹമത്തിനു ശിഷ്യരിൽ നിന്നും അദ്ദേഹം ആവശ്യപ്പെടുന്നത്.

ഈ വഴി എല്ലാംകൊണ്ടും സമാധാനത്തിന്റേതല്ല എന്നുകൂടി യേശു വ്യക്തമാക്കുന്നു. "ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്. അത് ഇതിനികം കത്തി ജ്വലിച്ചിരുന്നെങ്കിൽ! ... ഭൂമിയിൽ സമാധാനം നല്കാനാണ് ഞാൻ വന്നിരിക്കുന്നതെന്നു നിങ്ങൾ വിചാരിക്കുന്നുവോ? അല്ല, ഭിന്നത എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ 12: 49,51). മത്തായി ഇങ്ങനെ തുടരുന്നു: "ഭൂമിയിൽ സമാധാനമല്ല

വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്. എന്തെന്നാൽ ഒരുവനെ തന്റെ പിതാവിനെതിരായും മകളെ അമ്മയ്ക്കെതിരായും മരുമകളെ അമ്മായിയമ്മയ്ക്കെതിരായും ഭിന്നിപ്പിക്കാനാണു ഞാൻ വന്നിരിക്കുന്നത്. സ്വന്തം കുടുംബത്തിൽപ്പെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ. എന്നേക്കാൾ അധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നേക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല. സ്വന്തം കുരിശെടുത്തു എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല. സ്വന്തം ജീവൻ സൂക്ഷിക്കുന്നവനു അതു നഷ്ടപ്പെടും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും" (മത്തായി 10: 34-39).

യേശുവിനെപ്പറ്റി സഭാധികാരികൾ അവതരിപ്പിക്കുന്ന പൊതുധാരണയ്ക്കു എതിരായ ശക്തമായ സുവിശേഷഭാഗമാണിത്. ഇതു നമ്മുടെ മുമ്പിൽ വിളിച്ചോതുന്ന വെല്ലുവിളിയെ മറികടക്കാൻ സഭ ഉപയോഗിച്ച തന്ത്രം ഇതിനെ ആദ്ധ്യാത്മീകരിക്കുകയായിരുന്നു. മാത്രമല്ല, ഈ സുവിശേഷഭാഗത്തിലെ സന്ദേശം വൈദികഗണം സ്വയം പരിത്യജിച്ചു യേശുവിനെ അനുധാവനം ചെയ്യണമെന്നു പരിമിതപ്പെടുത്തി അവതരിപ്പിക്കാനും തുടങ്ങി. ഫലമോ? വചനത്തിന്റെ കുന്തമുന തീർത്തും ഒടിച്ചുകളഞ്ഞ നിലയിലാക്കി. ഇന്നത്തെ സ്ഥാപിത കുടുംബസംവിധാനത്തെ ഇത്രമാത്രം ശക്തമായി ചോദ്യംചെയ്യുന്ന ഒരു വിവരണം ദർശനലോകത്തു വേറെയില്ല. യേശുദർശനവും യേശുശിഷ്യത്വവും എല്ലാ കുടുംബാതിർത്തികൾക്കും അപ്പുറം വിശാല മാനവികതയിലേയ്ക്കാണ് ഊന്നൽ നല്കുന്നത്. മാത്രമല്ല, ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വിഭജിക്കപ്പെട്ട ഒരു സമൂഹത്തിൽ, നീതിക്കു വേണ്ടിയുള്ള നീക്കത്തിൽ ഭിന്നത അനിവാര്യമാണ്; 'വാൾ' ഒരവിഭാജ്യ അടയാളമാണ്. അങ്ങനെ, യേശുവിന്റെ ശിഷ്യത്വത്തിന്റെ വില വളരെ വലുതാണ്. ഈ ഉത്തരവാദിത്വത്തിൽ നിന്നു ഒളിച്ചോടാനുള്ള ഏറ്റവും നല്ല മാർഗ്ഗമോ, ഇവയെ ആത്മീകരിക്കുകയും. ഇതാണ് സഭ ഇന്നു ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ, അതു യേശു ശിഷ്യത്വത്തിന്റെ ഏറ്റവും വികൃതഭാവമാണെന്ന് ഓർക്കുക.

# 14. പൂർണ്ണ മനുഷ്യത്വത്തിലേയ്ക്കുള്ള യാത്ര

യേശുവിനെ ഇന്നു പൊതുവേ വിശേഷിപ്പിക്കുന്നതു ദൈവപുത്രനായിട്ടാണ്. അതായത് ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ മനുഷ്യനായെങ്കിലും യഥാർത്ഥത്തിൽ ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാനാണ്. അതായതു യേശു കൂടുതലും ദൈവമാണെന്നർത്ഥം. അങ്ങനെ ദൈവികത്വം തെളിയിക്കുന്ന മാർഗ്ഗമായാണ് രോഗികളെ സുഖപ്പെടുത്തുന്ന, അഞ്ചപ്പം കൊണ്ടു അയ്യായിരം പേരെ സമൃദ്ധിയിൽ പോറ്റുന്ന, മരിച്ചവരെ ഉയർപ്പിക്കുന്ന, കുഷ്ഠരോഗിയ്ക്കു സൗഖ്യം പ്രദാനം ചെയ്യുന്ന, വെള്ളത്തിനു മീതെ നടക്കുന്ന യേശുവിനെയാണ് എടുത്തുകാട്ടുന്നത്. അങ്ങനെ യേശുവിന്റെ ദൈവികതയെ പ്രകാശിപ്പിക്കുന്ന അത്ഭുതങ്ങളായാണ് ഇവയെ വിശേഷിപ്പിക്കുന്നത്.

ഈ സമീപനം തീർത്തും ബാലിശമായിപ്പോയില്ലേ എന്നു ചിന്തിച്ചുപോകുന്നു. ഏതു പ്രവൃത്തിയുടെയും വലിപ്പം അതു എപ്പോൾ, എന്തിനുവേണ്ടി ചെയ്യുന്നു എന്നതിനെ വിലയിരുത്തിയിട്ടാണ്. ഇന്നു പൊതുവേ സുവിശേഷങ്ങളിൽ വിവരിക്കുന്ന അത്ഭുതങ്ങൾ എന്നു വിളിക്കപ്പെടുന്ന ഒന്നും തന്നെ, അവയുടെ പ്രവർത്തനസമയമോ സാഹചര്യമോ നോക്കുമ്പോൾ യേശുവിന്റെ ദൈവികത്വം തെളിയിക്കാൻ ഉദ്ദേശിച്ചല്ല എന്നു വ്യക്തമാകും. ഇവയേക്കാൾ ശ്രദ്ധയാകർഷിക്കുന്ന 'അത്ഭുത'ങ്ങൾ ചെയ്യുന്ന എത്രയെത്ര കൺകെട്ടുവിദ്യക്കാരും മന്ത്രവാദികളുമുണ്ട്. അപ്പോൾ യേശുവിന്റെ ഇവ്വിധമുള്ള ഇടപെലുകൾ തന്റെ ദൈവികതയെ തെളിയിക്കാനുള്ള മാമാങ്കങ്ങളല്ല എന്നു വ്യക്തം.

പിന്നെ എന്താണു അത്ഭുതങ്ങൾ എന്നു പൊതുവേ പറയുന്ന പ്രവർത്തനങ്ങളുടെ ന്യായീകരണം? യേശു എല്ലാ മനുഷ്യരുടെയും പൂർണ്ണവളർച്ച ആഗ്രഹിക്കുന്നു. ഇവിടെ ഇതാ ഒരു മനുഷ്യൻ, കുഷ്ഠരോഗം കൊണ്ടു പീഡിപ്പിക്കപ്പെടുന്നു. പലരും തീരാവ്യാധികൊണ്ടു നരകയാതന അനുഭവിക്കുന്നു. വിധവ തന്റെ ഏകപുത്രന്റെ അകാ

ലമരണത്തിൽ അതീവദുഃഖമനുഭവിക്കുന്നു. ശിഷ്യർ കടലിൽ കൊടുങ്കാറ്റിലകപ്പെട്ടു അപകടത്തിന്റെ വക്കിൽ എത്തുന്നു. ലാസറിന്റെ വേർപാടിൽ അതീവദുഃഖിതരായ മറിയവും മാർത്തയും ചുടുകണ്ണീർ ഒഴുക്കുന്നു. വിശപ്പു കഠിനമായി ഒരടി മുന്നോട്ടുപോകാൻ പറ്റാതെ മരുഭൂമിയിൽ വിശപ്പുമൂലം തളർന്നുവീഴുന്നു. ഇങ്ങനെ ജീവിതത്തിന്റെ അനുദിനമുള്ള നീറുന്ന പ്രശ്നങ്ങളുടെ മുമ്പിൽ നിസംഗത പാലിക്കുന്ന ഒരു വ്യക്തിത്വമല്ല യേശുവിന്റേത്. ഇവയൊക്കെത്തന്നെ മനുഷ്യന്റെ ഭൗതികാവശ്യങ്ങളാണ്. അവ നിറവേറ്റപ്പെടണമെന്നു യേശുവിനു നിർബന്ധമുണ്ട്. അങ്ങനെ മനുഷ്യരുടെ ജീവിതാവശ്യങ്ങൾ യേശു സാമൂഹ്യ ഉത്തരവാദിത്തത്തോടെ നിറവേറ്റുകയാണ് നാം വിശേഷിപ്പിക്കുന്ന അത്ഭുതപ്രവർത്തനങ്ങളിലൂടെ. ഇവിടെ അമാനുഷികതയും ദൈവികതയും അസ്വഭാവികതയും കാട്ടാനുള്ള യേശുവിന്റെ ചെപ്പടിവിദ്യയല്ല പ്രകടമാകുന്നത്. യേശുവിനു മനുഷ്യരോട് പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ വേദനയും യാതനയും അനുഭവിക്കുന്നവരോടുള്ള പ്രത്യേക പരിഗണനയും കരുതലും എടുത്തുകാട്ടുന്നവയാണവ.

ഒരുപാടു പറയാമെങ്കിലും ഒരത്ഭുതത്തെപ്പറ്റി മാത്രം അല്പം കൂടി പറയട്ടെ. രണ്ടു പ്രാവശ്യം അപ്പം വർദ്ധിപ്പിക്കുന്നതായുള്ള വിവരണമുണ്ട്. (മാർക്കോസ് 6:30-44; ലൂക്ക 9:10-17; യോഹ. 6:1-14; മത്തായി 15:32-39; മാർക്കോസ് 8:1-10). യേശുവിന്റെ പ്രസംഗവും പഠനവും കേൾക്കാൻ ജനക്കൂട്ടം വിജനസ്ഥലത്തേയ്ക്കു നീങ്ങി, യേശുവിനു അവരോടു അനുകമ്പ തോന്നി. മൂന്നു ദിവസമായി അവർ തന്നോടൊപ്പമായിട്ട്. അവർക്കു ഭക്ഷിക്കാൻ കൊടുത്തില്ലെങ്കിൽ വഴിയിൽ അവർ തളർന്നു വീഴും. അവർക്കു ആഹാരം കൊടുക്കാൻ ശിഷ്യരോടു യേശു ആവശ്യപ്പെടുന്നു. ഇതെങ്ങനെ ഈ മരുഭൂമിയിൽ സാധിക്കും എന്നായി ശിഷ്യർ. നിങ്ങളുടെ കയ്യിൽ എന്തുണ്ട്? ഒരാൾ, അഞ്ചപ്പവും രണ്ടു മത്സ്യവും; മറ്റൊരാൾ, ഏഴപ്പവും കുറെ ചെറിയ മത്സ്യവും. തുടർന്നു എല്ലാവർക്കും നിറയെ ഭക്ഷണം കൊടുത്തിട്ട് ബാക്കിവന്ന 12 കുട്ടയും ഏഴു കുട്ടയും ശേഖരിച്ചു എന്നാണ് രണ്ടു കഥകൾ.

വാസ്തവത്തിൽ ഇവിടെ യേശുവിന്റെ ദൈവികത്വം പ്രകാശിപ്പിക്കാൻ ഒന്നും നടന്നില്ല. നടന്നതു ഇതാണ്. അന്നു ഇന്നത്തെപ്പോലെ ഓരോ മുക്കിലും മൂലയിലും കടകളും ഭക്ഷണശാലകളുമില്ല. യാത്രയ്ക്ക് ഇറങ്ങുമ്പോൾ ഓരോരുത്തരും അവരവരുടെ ആവശ്യത്തിനും മറ്റും ഓരോരുത്തരുടെയും ശേഷിയും കഴിവും അനുസരിച്ചു ആഹാരം പാകം ചെയ്തു കൊണ്ടുപോവുക പതിവായിരുന്നു. അങ്ങ

നെയാണ് അവർ മൂന്നു ദിവസങ്ങൾ തള്ളിനീക്കിയത്. ചിലരുടെ കയ്യിലെ ആഹാരസാധനങ്ങൾ പൂർണ്ണമായും തീർന്നുകഴിഞ്ഞു. അവർ അങ്ങനെ തിരികെപോയാൽ വഴിയിൽ തളർന്നു വീഴും. പക്ഷേ, എല്ലാവരുടെയും കയ്യിലുണ്ടായിരുന്നതു തീർന്നിട്ടില്ല. പലരുടെയും കയ്യിൽ മിച്ചമുണ്ട്. അതുകൊണ്ടാണ് യേശുവിന്റെ ചോദ്യം 'നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ട് ?' ഒരാൾ 5, മറ്റൊരാൾ 7 ... അങ്ങനെ മിച്ചമുണ്ടായിരുന്നവർ അവരവരുടെ കയ്യിൽ ശേഷിച്ചിരുന്നവ പൊതുവേ പങ്കുവച്ചു. സ്ത്രീകളും കുട്ടികളുമൊഴികെ 4000 പുരുഷന്മാർ ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ചവ 7 കുട്ടയും (മത്തായി 15:38). വീണ്ടും സ്ത്രീകളും കുട്ടികളുമൊഴികെ 5000 പുരുഷന്മാർ ഭക്ഷിച്ചു. മിച്ചം വന്നതോ 12 കുട്ടയും (മത്തായി 14: 20-21).

ഇവിടെ സത്യത്തിൽ എന്താണ് അത്ഭുതം? ഓരോരുത്തരും അവരവരുടേതെന്ന് കരുതി സൂക്ഷിച്ചുവച്ചിരുന്നവ പങ്കുവച്ചു. അപ്പോൾ എല്ലാവരുടെയും ആവശ്യം നിറവേറ്റപ്പെട്ടു; സംതൃപ്തിയോടെ എല്ലാവരും ഭക്ഷിച്ചു. വളരെ കൂടുതൽ മിച്ചംവരികയും ചെയ്തു. ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിലേക്കും സാമ്പത്തിക ഘടനയിലേക്കും ഇതു വിരൽ ചൂണ്ടുന്നു. ചിലർ വിഭവങ്ങൾ കുന്നുകൂട്ടി സ്വന്തമാക്കുമ്പോൾ, പട്ടിണിയും ദാരിദ്ര്യവും അനിവാര്യം. അവ പങ്കുവയ്ക്കപ്പെട്ടപ്പോൾ എല്ലാവർക്കും തൃപ്തിയിൽ ലഭിക്കും. മിച്ചം ഉണ്ടാവുകയും ചെയ്യും.

ഇങ്ങനെ യേശുവിന്റെ എല്ലാ അത്ഭുതങ്ങൾക്കും മാനുഷികമുഖമുണ്ട്. മനുഷ്യരെ കൂടുതൽ മനുഷ്യോചിതമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കുന്ന യേശുവിന്റെ ഇടപെടലാണവ.

# 15. യേശുവിന്റെ പന്തിഭോജനം

യേശുവിന്റെ കാലത്തെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-മതപരമായ പശ്ചാത്തലം, ഇന്നത്തെ അവസ്ഥയുമായി വലിയ സാമ്യമുണ്ട്. ഇതിനെപ്പറ്റി ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. സമ്പന്നവർഗ്ഗമെന്നും ദരിദ്രജനമെന്നും രണ്ടു കൂട്ടരുണ്ടായിരുന്നു. അധികാരവും സമ്പത്തും അംഗീകാരവും ആസ്വദിച്ചിരുന്ന ഒരു ചെറു ന്യൂനപക്ഷവും ഭ്രഷ്ടും പട്ടിണിയും അടമിത്തവും അനുഭവിച്ചിരുന്ന ഒരു വലിയ ഭൂരിപക്ഷവും.

ഈ ധ്രുവീകരണത്തിൽ ഏറ്റവും രൂക്ഷമായിരുന്നത് സാമൂഹ്യഭ്രഷ്ടായിരുന്നു. പാപികൾ, ചുങ്കക്കാർ, പുറജാതികൾ, സ്ത്രീകൾ - അങ്ങനെ പുറംതള്ളപ്പെട്ട വലിയൊരു വിഭാഗം ജനമുണ്ടായിരുന്നു. അവരുമായുള്ള സഹവാസമോ സമ്പർക്കമോ പാടില്ലായിരുന്നു. ഇതു യഹൂദജനതയുടെ അലിഖിത നിയമമായിരുന്നു. ഈ ഭ്രഷ്ട് ദൈവനിശ്ചയമായാണ് തെരഞ്ഞെടുക്കപ്പെട്ട ജനമെന്നു സ്വയം വിശേഷിപ്പിക്കുന്ന യഹൂദർ കരുതിയിരുന്നത്.

ഈയൊരു പാരമ്പര്യത്തെയും ധാരണയെയും യേശു തകിടംമറിക്കുന്നു. എങ്ങനെ? യേശു നിരന്തരമായി ബന്ധപ്പെട്ടതും വീടുകളിൽ താമസിച്ചതും കൂടെയിരുന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും ഒക്കെ ചെയ്തത് ഈ പറയപ്പെട്ട പാപികളോടും പുറജാതിക്കാരോടുമായിരുന്നു. ഒരു പട്ടിയായോ സ്ത്രീയായോ സൃഷ്ടിക്കാഞ്ഞതിൽ യഹോവയ്ക്ക് നന്ദി അർപ്പിക്കുന്ന യഹൂദ സ്ത്രീവിരുദ്ധ പാരമ്പര്യത്തെയും കാഴ്ചപ്പാടിനെയും വെല്ലുവിളിച്ചുകൊണ്ട്, യേശു സ്ത്രീ-പുരുഷബന്ധങ്ങൾക്കു പുതിയ മാനങ്ങൾ നല്കിയിട്ട് പാപിനിയായ മഗ്ദലനമറിയവുമായി (മഗ്ദലനമറിയം പാപിയല്ലായിരുന്നു, യേശുവിന്റെ ഇഷ്ട കൂട്ടുകാരിയായിരുന്നു എന്നുമുള്ള പഠനങ്ങളും വിചിന്തനങ്ങളും ഇന്നു സജീവമാണെന്നതു പരിഗണനാർഹമാണ്), യേശുവിനു പ്രത്യേക സ്നേഹവും ലാസറിന്റെ കുടുംബവുമായി ഉണ്ടായിരുന്ന പന്തിഭോജനവും പ്രത്യേകശ്രദ്ധയർഹിക്കുന്നു. ഫരിസേയർക്കും

മറ്റും ഉണ്ടായിരുന്ന വലിയൊരു പരാതി യേശു ഇത്തരത്തിലുള്ള തഴയപ്പെട്ടവരോടൊപ്പമിരുന്നു പന്തിഭോജനം നടത്തുന്നു എന്നതാണ്.

യേശു പറയുന്നു: "നീയൊരു സദ്യയോ അത്താഴവിരുന്നോ കൊടുക്കുമ്പോൾ നിന്റെ സ്നേഹിതരെയോ സഹോദരരെയോ ബന്ധുക്കളെയോ ധനികരായ അയൽക്കാരെയോ വിളിക്കരുത്. .. എന്നാൽ നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക" (ലൂക്ക 14: 12,13). യേശു അങ്ങനെ ചെയ്തപ്പോൾ ഫരിസേയരും നിയമജ്ഞരും പറഞ്ഞുവച്ചു: 'യേശു ഭോജനപ്രിയനും മദ്യപനും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനുമായ മനുഷ്യൻ' എന്ന് (ലൂക്കാ 7:34). പക്ഷേ, ഇവരുടെ സംസാരം യേശുവിനെ ബാധിച്ചില്ല. യേശു നിരന്തരം പാപികളോടും ചുങ്കക്കാരോടും പന്തിഭോജനം നടത്തി. അവരിൽ ഒരാളായി ജീവിച്ചു.

സാമൂഹ്യ അസമത്വവും ഭ്രഷ്ടും ഇല്ലാതാക്കുന്ന ഏറ്റവും ശക്തമായ നടപടി കൂടിയായിരുന്നു എല്ലാവരുമൊത്തുള്ള യേശുവിന്റെ പന്തിഭോജനങ്ങൾ. ഒന്നിച്ചുള്ള ആഹാരംപങ്കുവയ്ക്കലിൽ വലിപ്പച്ചെറുപ്പമില്ല. എല്ലാവരും ഒരേ പാത്രത്തിൽ നിന്നു ഒന്നിച്ചു കഴിക്കുന്നു. എല്ലാവിധ വേലിക്കെട്ടുകളെയും വലിച്ചെറിഞ്ഞ്, വിശ്വസാഹോദര്യത്തിന്റെ കൂട്ടായ്മയിൽ പങ്കുചേരുകയാണ് പന്തിഭോജനങ്ങളിലൂടെ.

ജാതി-മത-ലിംഗ-സമുദായ നിയമങ്ങൾക്ക് അതീതമായിട്ടുള്ള ഈ പന്തിഭോജനം എല്ലാംകൊണ്ടും അർത്ഥസമ്പുഷ്ടമാണ്. തന്റെ നിരന്തരമായ പന്തിഭോജനത്തിന്റെ പൂർത്തീകരണമെന്നോണമാണ് യേശു മരിക്കുന്നതിനു മുമ്പ്, താൻ സ്നേഹിച്ച ശിഷ്യരോടൊപ്പം ഇരുന്നു അന്ത്യത്താഴം പങ്കുവച്ചത്. ഇതു തന്റെ ജീവിതത്തിലെ നിരവധിയായ പന്തിഭോജനത്തിന്റെയെല്ലാം സാക്ഷാത്ക്കാരമാണ്. ഇതിനെപ്പറ്റി കൂടുതൽ വിശദമായി പിന്നീടു കുറിക്കുന്നതിനാൽ ഇവിടെ നിർത്തുന്നു.

# 16. കുടുംബത്തിന് ഒരു പാഠഭേദം

വളരെ പ്രധാനപ്പെട്ട, വിപ്ലവചിന്ത മുറ്റി നില്ക്കുന്ന കാര്യങ്ങൾ വളരെ നിസ്സാരമായ ഒന്നോ രണ്ടോ വാക്കിൽ ലളിതമായി അവതരിപ്പിക്കുന്ന രീതിയാണ് യേശുവിന്റേത്. യേശുവിന്റെ കാലത്തും, മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഇന്നും, ഏറെ പ്രാധാന്യവും പവിത്രതയും കൊടുക്കുന്ന ഒന്നാണല്ലോ കുടുംബം - ഭാര്യ-ഭർത്താവ്, അമ്മ-അച്ഛൻ, മാതാപിതാക്കൾ-മക്കൾ, സഹോദരർ തുടങ്ങിയവർ തമ്മിലുള്ള ബന്ധം. അതിനെ തകിടംമറിക്കുന്ന യേശുവിന്റെ പഠനം വളരെ ലളിതമായൊരു സംഭവത്തിലൂടെ യേശു ആവിഷ്കരിക്കുന്നു.

ഒരു ദിവസം സാധാരണ നടക്കുന്ന രീതിയിൽ യേശു ജനാവലിയുമായി സംസാരിച്ചുകൊണ്ടിരിക്കെ, യേശുവിന്റെ അമ്മയും സഹോദരരും യേശുവിനെ കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടു പുറത്തു നിന്നു. ഈ വിവരം ശിഷ്യന്മാർ യേശുവിനെ അറിയിച്ചു. അതിനോടുള്ള യേശുവിന്റെ പ്രതികരണം ശ്രദ്ധേയമാണ്.

"ആരാണ് എന്റെ അമ്മയും സഹോദരങ്ങളും? ചുറ്റും ഇരിക്കുന്നവരെ നോക്കിയിട്ട് അവൻ പറഞ്ഞു: ഇതാ എന്റെ അമ്മയും എന്റെ സഹോദരങ്ങളും. ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മാർക്കോസ് 3:34-35). വളരെ ലളിതമാണ് ഈ വാക്കുകളെങ്കിലും അവയുടെ പൊരുൾ അന്നുവരെ പരമ്പരാഗതമായി നിലനിന്നിരുന്ന കുടുംബസംവിധാനത്തെയാണ് കർശനമായി ചോദ്യം ചെയ്യുന്നത്. രക്തബന്ധമാണ് ഏറ്റവും ആഴത്തിൽ കട്ടിപിടിച്ച ബന്ധമെന്ന ധാരണയെ യേശു പിഴുതെറിയുന്നു. രക്തബന്ധത്തിനു അപ്പുറം സാഹോദര-മാതൃബന്ധത്തിനു പുതിയൊരു പരിപ്രേക്ഷ്യം യേശു നല്കുന്നു. എന്താണത്? ദൈവഹിതം നിറവേറ്റുന്നവർ! ഒറ്റനോട്ടത്തിൽ ഇതു തീർത്തും അവ്യക്തമാണ്. പക്ഷേ, യേശുവിന്റെ പഠനങ്ങൾ മുഴുവനായി വിശകലനം ചെയ്താൽ എന്താണു ദൈവഹിതം എന്നു സംശയലേശമെന്യേ മനസ്സിലാക്കാവുന്നതേയുള്ള. മനുഷ്യർ എല്ലാവരും ദൈവമ

ക്കൾ. എല്ലാവരും പരസ്പരം സഹോദരീ സഹോദരന്മാർ എന്ന ബോദ്ധ്യത്തിൽ, എല്ലാവർക്കും മാന്യമായി, മനുഷ്യോചിതമായി ജീവിക്കാനും വളരുവാനുമുള്ള സൗകര്യം ഉറപ്പുവരുത്തുന്നതാണ് ദൈവഹിതം. ഇങ്ങനെ ഒരവസ്ഥയ്ക്കു വേണ്ടി പ്രവർത്തിക്കുന്നവരാണ് 'എന്റെ സഹോദരരും എന്റെ അമ്മയും!'

ഈ വീക്ഷണം തീർത്തും വിശാലമാണ്. രക്തബന്ധത്തിന്റെ ശുഷ്കതയിലേക്കും വിശാലസാഹോദര്യത്തിന്റെ മനോഹാരിതയിലേക്കുമാണ് ഇതു നമ്മെ കൈപിടിച്ചു കൊണ്ടുപോകുന്നത്. യേശുവിന്റെ ഈ വിപ്ലവചിന്തയെ ലോകജനത, പ്രത്യേകിച്ചു ക്രൈസ്തവർ, കാറ്റിൽ പറപ്പിച്ചിട്ടു ഇപ്പോഴും ഏറ്റവും സുദൃഢബന്ധം കുടുംബബന്ധമാണെന്നാണ് പൊതുവേ പഠിപ്പിക്കുന്നത്. യേശുപഠനത്തിനു കടകവിരുദ്ധമാണീ സമീപനം.

യേശുവിന്റെ ഈ പഠനത്തെ നാം ഗൗരവമായി എടുത്താൽ, ഇന്നു സഭ നടത്തിക്കൊണ്ടിരിക്കുന്ന മിക്ക ഭക്തകൃത്യങ്ങളും നവീകരണ സംരംഭങ്ങളും അർത്ഥശൂന്യമാകും. കാരണം എല്ലാ പ്രവർത്തനത്തിന്റെയും അടിസ്ഥാനയൂണിറ്റായി വച്ചിരിക്കുന്നതു കുടുംബത്തെയാണ്. ആ കുടുംബസംവിധാനത്തെയാണ് യേശു വെല്ലുവിളിച്ചിരിക്കുന്നത്. കുടുംബം എന്നൊന്നുണ്ടെങ്കിൽ, അതു സാർവ്വത്രികമായിരിക്കണമെന്നു യേശുവിനു നിർബന്ധമുണ്ടായിരുന്നു. അതെ, യേശുവിന്റെ ദർശനത്തിൽ കുടുംബം ഒന്നേയുള്ളു - മനുഷ്യകുടുംബം.

# 17. യേശുവിന്റെ സൗഹൃദങ്ങൾ

വിശാലമായ മാനവകുടുംബത്തിനാണു യേശുദർശനത്തിൽ സ്ഥാനം എന്നു ഉറപ്പിച്ചു പറയുമ്പോൾ, ഇന്നു നിലവിലുള്ള കുടുംബങ്ങളോടോ വ്യക്തികളോടോ യാതൊരു ബന്ധവുമില്ല എന്ന നിരീക്ഷണം ശരിയല്ല. യേശുവിനും തുടർന്നുവന്ന അപ്പസ്തോലന്മാർക്കും പല കുടുംബങ്ങളുമായി ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. പക്ഷേ, അതിന്റെ അടിസ്ഥാനവും മുമ്പു പറഞ്ഞതുപോലെ രക്തബന്ധമല്ലായിരുന്നു എന്നതാണു ശ്രദ്ധേയമായിട്ടുള്ളത്.

യേശു എല്ലാ രീതിയിലും ഒരു സാധാരണമനുഷ്യനായിരുന്നു. കരയുന്നവരോടൊപ്പം കരയുന്നു യേശു; വേദനിക്കുന്ന വ്യക്തിയോടൊപ്പം വേദനിക്കുകയും സാമൂഹ്യതിന്മകളിൽ രോഷംകൊള്ളുകയും സാമൂഹ്യകർമ്മങ്ങളിൽ ഇടപെടുകയും ചെയ്യുന്ന യേശു.

പത്രോസിന്റെ അമ്മായിയമ്മയ്ക്കു പനി പിടിച്ചു കിടപ്പാണ്; യേശു ആ വീട്ടിൽ കടന്നുചെന്നു അമ്മയെ സുഖപ്പെടുത്തുന്നു. തന്റെ ഏകമകൻ മരിച്ചതിലുള്ള ദുഃഖം പേറുന്ന വിധവയുടെ കാര്യത്തിൽ ആവശ്യപ്പെടാതെയാണ് യേശു ഇടപെടുന്നത്. മരുഭൂമിയിൽ നിന്നും തിരിച്ചുപോകുമ്പോൾ വിശന്നു തളർന്നുവീഴുമെന്നു കണ്ട്, ആവശ്യപ്പെടാതെയാണ് അവർക്ക് ആഹാരം കൊടുത്തു പറഞ്ഞുവിടാൻ ശിഷ്യന്മാരോടു ആവശ്യപ്പെട്ടത്. ഇതൊക്കെ യേശുവിന്റെ വിശാല മാനവകുടുംബദർശനത്തിന്റെ പ്രായോഗിക ഇടപെലുകളാണ്.

അതേസമയംതന്നെ യേശു മറ്റേതൊരു മനുഷ്യനും എന്ന പോലെ, ചില വ്യക്തികളുമായും ചില കുടുംബങ്ങളുമായും പ്രത്യേക താല്പര്യങ്ങളും അടുപ്പവും വച്ചുപുലർത്തിയെന്നും സുവിശേഷങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു മനുഷ്യനെയും തഴയാതെ എല്ലാവരെയും ഉൾക്കൊള്ളുമ്പോഴും ചിലരുമായുള്ള യേശുവിന്റെ ബന്ധം എടുത്തു പറയേണ്ടിയിരിക്കുന്നു. 12 അപ്പസ്തോലന്മാരിൽ യോഹന്നാനുമായി യേശുവിന് കൂടുതൽ ഹൃദയഹാരിയായ ബന്ധം ഉണ്ടായിരുന്നു; തിരിച്ചും. യോഹന്നാനിൽ നിന്നാണ് യേശുവിന് സ്നേഹസ്പർശന

ത്തിന്റെ ചൂട് സമൃദ്ധിയിൽ ലഭിച്ചത്. 12 പേരിൽ മൂന്നുപേരോടു - പത്രോസ്, യാക്കോബ്, യോഹന്നാൻ - പ്രത്യേകമായ സ്നേഹവും കരുതലും കാണിക്കുന്നതായും (മാർക്ക്സോ 14:33) നാം കാണുന്നു.

മാർത്തായുടെയും മറിയത്തിന്റെയും ലാസറിന്റെയും കുടുംബമായിട്ടു യേശുവിനുണ്ടായിരുന്ന ബന്ധത്തെ അധികരിച്ചു സാഹിത്യമേഖലയിൽ നോവലുകളും കഥകളും കവിതകളും ധാരാളം ഉണ്ടായിട്ടുണ്ട്. മാർത്തായും മറിയവും രണ്ടു സ്വഭാവമുള്ള സഹോദരിമാർ - രണ്ടു പേർക്കും യേശുവിനോടു വലിയ ഇഷ്ടമാണ്; യേശുവിന് അവരോടും. പക്ഷേ, മറിയത്തോടു യേശുവിനു കൂടുതൽ ഇഷ്ടമുണ്ടായിരുന്നിരിക്കണം (ലൂക്കാ 10:38-42). ഇവരുടെ സഹോദരനാണു ലാസർ. ലാസർ രോഗബാധിതനായി. ആ വിവരം ഇവർ യേശുവിനെ അറിയിക്കുന്നു. "കർത്താവേ, ഇതാ അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു പറയാൻ ആ സഹോദരിമാർ അവന്റെ അടുക്കലേക്കു ആളയച്ചു" (യോഹന്നാൻ 11:3). ലാസർ മരിച്ചു. യേശു മാർത്തായുടെയും മറിയത്തിന്റെയും ദുഃഖഭാരത്തിൽ അലിഞ്ഞുചേരുന്നു. "യേശു കണ്ണീർ പൊഴിച്ചു. അപ്പോൾ യഹൂദർ പറഞ്ഞു: അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു" (യോഹന്നാൻ 11:35-36). അവരോടുള്ള സ്നേഹത്തിന്റെ ശക്തിയാണ് ലാസറിന്റെ ഉയിർത്തെഴുന്നേല്പിനു ജീവൻപകർന്നത്.

യേശു അവിവാഹിതനായിരുന്നു എന്നാണ് ക്രൈസ്തവസഭയിൽ നിലകൊള്ളുന്ന പൊതുവിശ്വാസം. ആ വിശ്വാസം നിലനില്ക്കുമ്പോൾ തന്നെ, സ്ത്രീകളുമായുള്ള യേശുവിന്റെ ബന്ധം ദൃഢമായിരുന്നു എന്നതിനു സുവിശേഷങ്ങളിൽ പല സൂചനകളുണ്ട്. ഒത്തിരിയേറെ സ്ത്രീകളുമായുള്ള ഇടപെടലുകൾ സുവിശേഷത്തിൽ കാണാം. തന്റെ പീഡാസഹനവീഥിയിൽ ശിഷ്യന്മാർ ഓടിയകന്നപ്പോഴും സധൈര്യം യേശുപക്കലേയ്ക്കു കടന്നുചെന്നതു സ്ത്രീകളാണ്. യേശുവിന്റെ ഉയിർപ്പ് ആദ്യം വെളിപ്പെടുത്തപ്പെട്ടതും സ്ത്രീയോടാണ് - മറിയത്തോട്.

മാനവകുടുംബമെന്ന ദൈവരാജ്യദർശനം പറയുമ്പോൾ, അതിന്റെ പ്രായോഗിക മാധുര്യം നുകരുക വ്യക്തിബന്ധത്തിലൂടെയാണ് എന്നു യേശു വ്യക്തമാക്കുന്നുണ്ട്; അതും രക്തബന്ധത്തിനപ്പുറമുള്ള സുഹൃദ്ബന്ധത്തിലൂടെ.

# 18. യേശുവും സ്ത്രീകളും

ഏതാണ്ടു 33 വർഷങ്ങൾക്കു മുമ്പ് ഞാൻ ഇലവുംതിട്ട പള്ളിയുടെ ചുമതലയിലായിരുന്നപ്പോൾ രണ്ടു ദിവസം പൂർണ്ണമായും ഇരുന്ന് നാലു സുവിശേഷങ്ങളും വായിച്ചു. തുടർന്നു, ആ വായനയിൽ ഹൃദയത്തെ സ്പർശിച്ച ഏറ്റവും പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ എഴുതിയിട്ടതു ഇവയാണ്: യേശുവിന്റെ ദരിദ്രപക്ഷം, യേശുവിന്റെ സ്ത്രീകളോടുള്ള സമീപനം, അപരർക്കായുള്ള യേശുവിന്റെ ആത്മസമർപ്പണം. ഇവിടെ യേശുവിന്റെ സ്ത്രീസമീപനത്തെപ്പറ്റി അല്പംകൂടി മുന്നോട്ടുപോകാമെന്നു കരുതുന്നു.

സുവിശേഷങ്ങളിലെ പല വായനകളിലും യേശുവിന്റെ വ്യക്തിജീവിതത്തിൽ സ്ത്രീകളുമായി സുദൃഢബന്ധമുണ്ടായിരുന്ന സൂചനകളുണ്ട്. തന്റെ ജീവിതദൗത്യ കാലയളവിൽ യേശു നിരന്തരമായി സ്ത്രീകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതായി കാണുന്നു. കുടുംബബന്ധത്തെ ചോദ്യംചെയ്യുന്ന രണ്ടു സാഹചര്യത്തിൽ അമ്മയായ മറിയത്തെ യേശു അല്പം അവഗണിക്കുന്നതായി തോന്നാം. കുടുംബത്തിലെ അമ്മയും മറ്റ് അംഗങ്ങളും പൊതുസമൂഹത്തിന്റെ നൂതനസൃഷ്ടിക്കും നന്മയ്ക്കുമായി പ്രവർത്തിക്കുമ്പോൾ വിഘാതമായി നില്ക്കാൻ പാടില്ല എന്നതു യേശുദർശനത്തിന്റെ ഉൾക്കാമ്പാണ്. അവിടെയൊഴിച്ച് ബാക്കി എല്ലാ സ്ഥലത്തും യേശു സ്ത്രീകളെ സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. യേശുവിനോടൊപ്പം സ്ത്രീകൾ സജീവമായി ഉണ്ടായിരുന്നു എന്നതിന് ധാരാളം സൂചനകളുമുണ്ട്. മഗ്ദലനമറിയം, മാർത്ത തുടങ്ങിയ സ്ത്രീകളുമായി ഒരു മമതാപരമായ ബന്ധം യേശുവിനുണ്ടായിരുന്നു. യേശുവിന്റെ കരുണാമയമായ ഇടപെടലിന് പാത്രീഭൂതരായവരിൽ കൂടുതലും സ്ത്രീകളാണെന്നാണു സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ചില ഉദാഹരണങ്ങൾ - പത്രോസിന്റെ അമ്മായിയമ്മ, രക്തസ്രാവക്കാരി, സെബദിപുത്രന്മാരുടെ അമ്മ, വിധവയുടെ കാണിക്ക, ബഥാനിയായിലെ തൈലാഭിഷേകം ചെയ്ത പാപിനി, കാനാൻകാരിയുടെ വിശ്വാസം, പത്തു കന്യകമാരുടെ ഉപമ, ജായ്റോസിന്റെ മകളുടെ പുനർജീവനം, സമരിയാ

ക്കാരിയുടെ വിളി, മാർത്തായും മറിയവും, കൂനുള്ള സ്ത്രീയുടെ സൗഖ്യം, കാണാത്ത നാണയം തിരയുന്ന സ്ത്രീ, പിടിക്കപ്പെട്ട വ്യഭിചാരിണി, ഏകമകൻ നഷ്ടപ്പെട്ട വിധവ, ഒപ്പം ഇങ്ങനെ വേർപെടുത്തിപയാൻ പറ്റാത്ത അനേകം സ്ത്രീകൾ. ഇവരോടുള്ള യേശുവിന്റെ സമീപനത്തെപ്പറ്റി സുദീർഘം വിശകലനം ചെയ്യാവുന്നതാണ്. ഒന്നു രണ്ടു ഉദ്ധരണികൾ മാത്രം കുറിക്കട്ടെ.

യേശുവിനെ അനുഗമിച്ച സ്ത്രീകളെപ്പറ്റി ലൂക്കാ ഇങ്ങനെ പറയുന്നു. "യേശു പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ച് പ്രസംഗിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തു. പന്ത്രണ്ടു പേരും അവനോടുകൂടെ ഉണ്ടായിരുന്നു. അശുദ്ധാത്മാക്കളിൽ നിന്നും മറ്റു വ്യാധികളിൽ നിന്നും വിമുക്തരാക്കപ്പെട്ട ചില സ്ത്രീകളും ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവളും മഗ്ദലന എന്നു വിളിക്കപ്പെട്ടിരുന്ന മറിയവും ഹേറോദേസിന്റെ കാര്യസ്ഥനായ കൂസായുടെ ഭാര്യ യൊവാന്നയും സൂസന്നയും തങ്ങളുടെ സമ്പത്തു കൊണ്ട് അവരെ ശുശ്രൂഷിച്ചിരുന്ന മറ്റു പല സ്ത്രീകളും അവരോടൊപ്പമുണ്ടായിരുന്നു" (ലൂക്കാ 8:1-3).

യോഹന്നാന്റെ സുവിശേഷം എട്ടാം അദ്ധ്യായത്തിൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ വിധിക്കാനായി യേശുവിന്റെ അടുത്തു കൊണ്ടുവന്ന കഥ പറയുന്നു. യഹൂദനിയമമനുസരിച്ചു അവളെ കല്ലെറിയണം. യേശു അവളെ കൊണ്ടുവന്നവരുടെ കാപട്യം മനസ്സിലാക്കിക്കൊണ്ട്, വ്യഭിചാരത്തിൽ സ്ത്രീ ഒറ്റയ്ക്കല്ലെന്നും പുരുഷനും കൂടി അതിൽ പങ്കുണ്ടെന്നുള്ള ബോധ്യത്തിൽ "നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ" (യോഹ. 8:7) എന്നു പറഞ്ഞു. "ഇതു കേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലംവിട്ടു. ഒടുവിൽ യേശുവും ആ സ്ത്രീയും മാത്രം അവശേഷിച്ചു" (യോഹ. 8:9-10). യേശു പറഞ്ഞു: "ഞാനും നിന്നെ വിധിക്കുന്നില്ല. സമാധാനമായി പൊയ്ക്കൊള്ളുക. ഇനി മേൽ പാപം ചെയ്യരുത്" (യോഹ. 8:11). ശിമയോന്റെ വീട്ടിലെ യേശുവിനുള്ള സദ്യയും അവിടെ കടന്നുവന്ന പാപിനിയായ സ്ത്രീയും കുറേക്കൂടി ശ്രദ്ധയർഹിക്കുന്നു. അവൾ ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി വന്നു. യേശുവിന്റെ പാദങ്ങൾ കണ്ണുനീർ കൊണ്ടു കഴുകി, തലമുടി കൊണ്ടു തുടച്ച് ചുംബിച്ചു, സുഗന്ധതൈലം കൊണ്ടു പൂശി. ശിമയോനും കൂട്ടർക്കും ഇതിഷ്ടപ്പെടുന്നില്ല. പാപിനിയാണല്ലോ അദ്ദേഹത്തെ സ്പർശിക്കുക എന്നവർ ആത്മഗതം ചെയ്തു. യേശു ശിമയോന്റെ മനോവികാരത്തെ മനസ്സിലാക്കിയിട്ട് അദ്ദേഹത്തെ വിമർശിച്ചിട്ടു പറഞ്ഞു: "ഇവൾ അധികം സ്നേഹിച്ചു ...." (ലൂക്കാ 7:47). ലോകത്തിൽ എവിടെയെല്ലാം സുവിശേഷം പ്രസം

ഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾ ചെയ്ത കാര്യവും പ്രസ്താവിക്കപ്പെടുമെന്നും പറയുന്നു (മാർക്കോ 14: 39; യോഹ. 12: 1-8; മത്തായി 26: 6-13; ലൂക്കാ 7: 36-50). നാലു സുവിശേഷകന്മാരും ഇതിനെപ്പറ്റി പ്രതിപാദിക്കുന്നു; അല്പസ്വല്പ വ്യത്യാസങ്ങളോടെ. നമ്മുടെ ദൈവശാസ്ത്ര-ബൈബിൾ പണ്ഡിതരുടെ വാദങ്ങൾ പലപ്പോഴും ഈ പാപിനി മഗ്ദലനമറിയമാണോ അല്ലയോ എന്നതിൽ ഉടക്കിനില്ക്കുകയാണ്. യാദൃച്ഛികമായി പറയുന്ന, 'ദരിദ്രർ എപ്പോഴും നിങ്ങളോടു കൂടെയുണ്ട്' (മത്തായി 26:11) എന്ന വാചകത്തിന്റെ ദൈവശാസ്ത്ര ഊഹാപോഹങ്ങൾ കൊണ്ട് ഇവർ അന്തരീക്ഷം കലുഷമാക്കുകയാണ് ചെയ്യുന്നത്. അല്ലാതെ അതിലെ കാതലായ യേശുവിന്റെ സ്ത്രീപക്ഷ ദർശനത്തെയോ, വിശാലവും ആരോഗ്യപൂർണ്ണവുമായ സ്ത്രീ-പുരുഷ ബന്ധത്തെയോ പറ്റിയല്ല ഇവരുടെ പഠനങ്ങൾ വിരൽചൂണ്ടുന്നത്. പ്രാപഞ്ചികസത്തയിൽ അടിയുറച്ച ഒരു സ്ത്രൈണത യേശുദർശനത്തിന്റെ അടിസ്ഥാനമായിരുന്നു എന്നതാണ് കറയറ്റ വസ്തുത.

ഇവിടെ മറ്റൊരു പ്രശ്നം ഉദിക്കുന്നു. എല്ലാ സുവിശേഷങ്ങളിലും കർത്തൃപ്രാർത്ഥനയിൽ ദൈവത്തെ 'പിതാവേ' എന്നാണു അഭിസംബോധന ചെയ്യുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഈ അഭിസംബോധന ധാരാളം പ്രാവശ്യം നടക്കുന്നുണ്ടു താനും. അപ്പോൾ, എന്താണ് യേശുവിന്റെ ദൈവസങ്കല്പം എന്ന ചോദ്യം ഉയരുന്നു. പഴയനിയമത്തിൽ അശരീരിയായ, നിസ്സ്വരൂപനായ യഹോവയാണ് ദൈവം. ഈ ദൈവത്തിനു പുതിയനിയമത്തിൽ ഒരു ദൃശ്യരൂപം നല്കുകയാണ് 'സ്വർഗ്ഗസ്ഥനായ പിതാവ്' എന്ന അഭിസംബോധനയിലൂടെ. യേശുവിന്റെ പൊതുധാര കണക്കിലെടുക്കുമ്പോൾ, പുരുഷാധിപത്യം ശരിക്കും ശക്തമായി നിലനിന്നിരുന്ന ഒരു സമൂഹത്തിൽ, സുവിശേഷകർ ആൺകോയ്മാ പദങ്ങൾ യേശുവിന്റെ നാവിൽ ഘടിപ്പിച്ചതല്ലേ എന്നു ന്യായമായും ചിന്തിക്കാം. അതുപോലെതന്നെ പന്ത്രണ്ടു ശിഷ്യന്മാർ പുരുഷന്മാരായതു യേശുവിന്റെ ഹിതമനുസരിച്ചല്ലായിരിക്കണം. ഇതും കടന്നുകൂടിയതാവാം. സുവിശേഷകർ അവരുടെ പേരുകൾ രേഖപ്പെടുത്തിയപ്പോൾ, അവരുടെ ആൺകോയ്മാ മനോഭാവം, കൂടെയുണ്ടായിരുന്ന സ്ത്രീകളുടെ പേരുകൾ തമസ്കരിച്ചു എന്നുവേണം കരുതാൻ. ഇവിടെ ഞാൻ യേശുവിനെ ന്യായീകരിക്കുകയല്ല. മറിച്ച് യേശുവിന്റെ പൊതുധാരയ്ക്കു എതിരായ ധ്വനി വന്നതുകൊണ്ടു സൂചിപ്പിച്ചതാണ്. ഒരു കാര്യം വ്യക്തം. യേശു സ്ത്രൈണ മനോഭാവത്തിന്റെ ഉടമയായിരുന്നു. സ്ത്രീകളെ വളരെ വിലപ്പെട്ട വ്യക്തിത്വങ്ങളായാണ് കണ്ടിരുന്നത്. അങ്ങനെ മനുഷ്യചൈതന്യത്തിന്റെ നിതാന്ത വാഹിനിയായ സ്ത്രീ-പുരുഷ ബന്ധത്തിന്റെ ചരിത്ര അടയാളമാണ് യേശുവിന്റെ ജീവിതം.

# 19. ഉപമകളിലൂടെ സംസാരിക്കുന്ന യേശു

തന്റെ സന്ദേശം വെളിപ്പെടുത്തുന്ന ഉപമകൾ പറയുന്ന രീതി യേശുവിന്റെ പഠനരീതിയിൽ പ്രധാനപ്പെട്ട ഒന്നാണ്. ധാരാളം ഉപമ കൾ യേശു ഉപയോഗിച്ചു. ചെറിയൊരു പുസ്തകത്തിൽ അവ യൊക്കെ എടുത്തു പ്രതിപാദിക്കുക സാധ്യമല്ല. എന്നാൽ ചിലതി നെയെങ്കിലും സൂചിപ്പിച്ചില്ലെങ്കിൽ അതു അക്ഷന്തവ്യമായ കുറ്റമാ യിരിക്കും എന്നതുകൊണ്ടു ചില സൂചനകൾ മാത്രം കുറിക്കട്ടെ.

**1. നല്ല ഇടയൻ** (യോഹ. 10: 1-17): മാനവസമൂഹത്തിന്റെ ഏറ്റവും വസ്തുനിഷ്ഠഭാവമാണ് ഇവിടെ വെളിപ്പെടുന്നത്. അതിനെ ക്രൈസ്തവവൽക്കരിച്ചത് സാവകാശം സ്ഥാപിതസഭ ചെയ്ത അപ രാധമാണ്. ആട്ടിൻ തൊഴുത്തിലേയ്ക്കു വാതലിലൂടെയല്ലാതെ കട ക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്. കൂലിക്കാരനോ, ചെന്നായ് വരുന്നതു കാണുമ്പോൾ ആടിനെ ഉപേക്ഷിച്ചു ഓടിപ്പോകുന്നു. എന്നാൽ നല്ല ഇടയൻ ആടുകൾക്കു വേണ്ടി സ്വജീവൻ അർപ്പിക്കു ന്നു. തുടർന്നു യേശു പറയുന്നു: "ഞാൻ നല്ല ഇടയനാണ്. ഞാൻ വന്നിരിക്കുന്നതു ആടുകൾക്കു ജീവൻ ഉണ്ടാകാനും, അതു സമൃദ്ധ മായി ഉണ്ടാകാനുമാണ്"(യോഹ. 10:10-11). ഇത്ര വിശാലമായൊരു മാനവസംസ്കൃതിയെ വളച്ചൊടിച്ചു ആട്ടിൻപറ്റം ക്രൈസ്തവസഭ യാണെന്നും ആ ആട്ടിൻപറ്റത്തിലേയ്ക്ക് എല്ലാവരെയും കൊണ്ടുവ രേണ്ടിയിരിക്കുന്നുവെന്നും മറ്റുമുള്ള സഭാമയമായ (churchy) സമീ പനം യേശുപഠനത്തോടുള്ള അവഹേളനമാണ്. ഇവിടുത്തെ പ്രധാന ഊന്നൽ മറ്റുള്ളവർക്കു വേണ്ടി സ്വയം ജീവൻ കൊടുക്കാൻ, അർപ്പി ക്കാൻ തയ്യാറാണോ എന്നതാണ്. ആ സമർപ്പണം പുതിയ ജീവൻ നിറഞ്ഞ സമൂഹസൃഷ്ടി ഉറപ്പുവരുത്തും എന്നും ഓർമ്മിപ്പിക്കുന്നു.

**2. മുന്തിരിച്ചെടിയും ശാഖകളും** (യോഹ. 15:1-17): യേശു പറയു ന്നതിങ്ങനെ: "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശിഖരങ്ങളുമാണ്" (യോഹ. 15:5). ഫലം തരാത്ത ശിഖരങ്ങളെ നീക്കിക്കളയുന്നു; ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി വെട്ടിയൊരുക്കുന്നു. ഇതൊരു

കൂട്ടായ്മയുടെ ജൈവബന്ധത്തെയാണു പ്രകാശിപ്പിക്കുന്നത്. ഈ ജൈവികത നിലനിർത്തിയാൽ ധാരാളം ഫലം പുറപ്പെടുവിക്കാം.

എന്താണീ ജൈവികത? പരസ്പരമുള്ള സ്നേഹമാണത്. മുന്തിരിവള്ളിയും ശാഖകളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഈ ജൈവികതയുടെ ആകെത്തുകയായി യേശു പറയുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കു വേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 15:12,17).

ഇത്ര വ്യക്തതയോടെ ഏതു മനുഷ്യനും സ്വീകാര്യമായ വളരെ വിശാലമായൊരു പ്രതലത്തിലാണ് യേശു ഈ ഉപമ പഠിപ്പിച്ചത്. സഭ ഇതിനെ ചുരുക്കിച്ചുരുക്കി യേശുവിനു വിശ്വാസികളോടുള്ള ബന്ധമാക്കി തരംതാഴ്ത്തി. ഇതിന്റെ വിശാലതയിൽ കാണുമ്പോഴേ ആ ഉപമയുടെ വലിപ്പവും തനിമയും മനസ്സിലാക്കാൻ സാധിക്കൂ.

**3. നല്ല സമരിയാക്കാരൻ** (ലൂക്കാ 10: 25-37): നിയമജ്ഞരും യേശുവും തമ്മിലുള്ള സംസാരമാണ് പശ്ചാത്തലം. നിത്യജീവൻ അവകാശമാക്കാൻ എന്തുചെയ്യണം എന്നതാണ് ചോദ്യം. പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത് ദൈവത്തെയും അയൽക്കാരനെയും പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാനാണ്. പ്രശ്നം ആരാണ് അയൽക്കാരൻ എന്നതാണ്. അതിനോടുള്ള ഉത്തരമാണീ ഉപമ.

വഴിയാത്രയിൽ കവർച്ചക്കാരുടെ കയ്യിൽ അകപ്പെട്ട ഒരാളെ അർദ്ധപ്രാണനാക്കിയിട്ടു അവർ കടന്നു. ഒരു പുരോഹിതൻ ആവഴി കടന്നുവന്നു. അദ്ദേഹത്തെ കണ്ടു; നടന്നകന്നു. അതുപോലെ വൈദികശുശ്രൂഷയ്ക്കു പഠിക്കുന്ന ലേവായനും കടന്നുപോയി. പക്ഷേ, ഒരു സമരിയാക്കാരൻ (അതായത് തെരഞ്ഞെടുക്കപ്പെട്ട ജനത്തിൽ ഒരാളല്ല; പുറജാതിക്കാരൻ) അതിലേ കടന്നുവന്നു. അടികൊണ്ടു അർദ്ധപ്രാണനായി കിടക്കുന്നവന്റെ മുറിവുകൾ വൃത്തിയാക്കി വച്ചുകെട്ടി (പ്രഥമശുശ്രൂഷ ചെയ്തു) അടുത്തുള്ള സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു. ആവശ്യത്തിനുള്ള പൈസ സത്രക്കാരനു കൊടുത്തുകൊണ്ടു വേണ്ടതു ചെയ്യണമെന്നു ഏർപ്പാടാക്കി. തിരിച്ചുവരുമ്പോൾ പോരായ്മ തീർത്തുകൊള്ളാമെന്നു വാക്കും കൊടുത്തു. ഇതാണു കഥ.

അവശതയോടെ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നവർ ആരായാലും അതു ക്രിസ്ത്യാനിയോ മുസ്ലീമോ ഹിന്ദുവോ നിരീശ്വരവാദിയോ ദൈവനിഷേധിയോ ആരോ ആയിക്കൊള്ളട്ടെ, അവരാണു നമ്മുടെ അയൽക്കാരൻ എന്ന ഏറ്റവും മഹത്തായ പാഠം പഠിപ്പിക്കുന്ന ചെറിയൊരു ഉപമ.

**4. ധൂർത്തപുത്രൻ, കാണാതായ നാണയം, കാണാതായ ആട്** (ലൂക്ക 15: 1-32): ചുങ്കക്കാരും പാപികളും യേശുവിന്റെ അടുക്കൽ വരുന്നതും അവരോടൊപ്പം യേശു ഭക്ഷണം കഴിക്കുന്നതും മറ്റും ഫരിസേയർക്കും നിയമജ്ഞർക്കും പിടിക്കുന്നില്ല. അവർ പിറുപിറുക്കുന്നു. യേശുവിന്റെ ശൈലിയെ വിമർശിക്കുന്നു. അതിനോടുള്ള പ്രതികരണമായാണ് ഈ മൂന്നു ഉപമകൾ പറഞ്ഞത്.

100 ആടുകൾ ഉണ്ടായിട്ട് നഷ്ടപ്പെട്ട ഒന്നിനെത്തേടി, ബാക്കി 99 നേയും മരുഭൂമിയിൽ വിട്ടിട്ട്, കണ്ടുകിട്ടുവോളം അന്വേഷിക്കുന്ന ഇടയൻ. കണ്ടുകിട്ടിയാൽ ആനന്ദം എല്ലാവരുമായി പങ്കുവയ്ക്കുന്നു. അതുപോലെ നഷ്ടപ്പെട്ട നാണയം വീട് അരിച്ചുപെറുക്കി അന്വേഷിക്കുന്ന സ്ത്രീ, നാണയം കിട്ടിക്കഴിയുമ്പോൾ എല്ലാവരുമായി സന്തോഷം പങ്കുവയ്ക്കുന്നു. അതുപോലെ പിതാവിന്റെ രണ്ടു മക്കളിൽ ഇളയവൻ അവന്റെ ഓഹരി വാങ്ങി വീടുവിട്ടു ധൂർത്തടിച്ചു സുഖിച്ചു ജീവിച്ചു എല്ലാം നശിപ്പിച്ചു. ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ പറ്റാത്ത അവസ്ഥ വരെയായി. പട്ടിണി, അവഗണന. മൂത്ത മകൻ പിതാവിനോടൊപ്പവും. അവസാനം പിതാവിന്റെ അടുക്കലേയ്ക്കു തിരിച്ചുപോയി ദാസനായി ജീവിക്കാമെന്നു അവൻ ഉറച്ചു. നഷ്ടപ്പെട്ട മകനെ കണ്ട മാത്രയിൽ അപ്പൻ ഓടിവന്നു ആലിംഗനം ചെയ്തു സ്വീകരിച്ചു. കൊഴുത്ത കാളയെക്കൊന്നു ആഘോഷമായ വിരുന്നൊരുക്കുന്നു. മൂത്ത മകനതു ഇഷ്ടപ്പെടുന്നില്ല. പക്ഷേ, കണക്കുവയ്ക്കാത്ത അപ്പന്റെ സ്നേഹം രണ്ടു മക്കളെയും സ്വീകരിച്ചിട്ട്, ധൂർത്തപുത്രൻ കൂടുതൽ സ്നേഹത്തിനു അർഹൻ എന്നു വ്യക്തമാക്കുന്നു; കാരണം, അവൻ നമ്മുടെ സന്തോഷം ഇരട്ടിപ്പിക്കുന്നു. അങ്ങനെ, ഫരിസേയർക്കു യേശു ചുട്ട മറുപടി നല്കുന്നു.

**5. മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ** (മത്തായി 20:1-16): ദൈവരാജ്യത്തിന്റെ നീതിയും മനുഷ്യരുടെ നീതിയും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു വ്യക്തമാക്കുന്ന ഉപമ. മാത്രമല്ല, കൂലിയിൽ സാമൂഹ്യനീതി നടപ്പിലാക്കണം എന്നു വ്യക്തതയുള്ള ഒരു പഠനമാണ് യേശു ഇവിടെ നടത്തുന്നത്.

കഥ ഇതാണ്. വീട്ടുടമസ്ഥൻ തന്റെ തോട്ടത്തിലേക്കു ജോലിക്കാരെ അന്വേഷിച്ചിറങ്ങുന്നു. രാവിലെ കണ്ടവരുടെ അടുത്തു ന്യായമായ കൂലി സമ്മതിച്ചു 8 മണിക്കു ജോലിയിൽ പ്രവേശിപ്പിച്ചു. പിന്നീട് 9 മണിക്കു വന്നവരേയും തന്റെ തോട്ടത്തിലേക്കു അയച്ച്, ന്യായമായ കൂലി തരാമെന്ന വ്യവസ്ഥയിൽ. അങ്ങനെ 12 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കും അവസാനം 4 മണിക്കും ജോലിക്കാരെ തന്റെ തോട്ട

ത്തിലേക്ക് ജോലി ചെയ്യാൻ അയച്ചു. 5 മണിക്കു കൂലി കൊടുക്കാൻ സമയമായപ്പോൾ അവസാനം വന്നവർക്കും ദിവസക്കൂലിയായി നിശ്ച യിച്ചിരുന്ന മുഴുവൻ തുകയും കൊടുത്തു. പല നേരങ്ങളിൽ വന്ന വർക്ക് ഒരേ കൂലി! 8 മണിക്കൂർ ജോലിചെയ്ത വ്യക്തിക്കും ഒരു മണിക്കൂർ ജോലി ചെയ്ത വ്യക്തിക്കും ഒരേ കൂലി! നമ്മുടെ നോട്ട ത്തിൽ തീർത്തും അനീതി. പക്ഷേ, ദൈവനീതിയതല്ല. അവർ ജോലി ഇല്ലാതെ ഒരു ദിവസം മുഴുവൻ നില്ക്കുകയായിരുന്നു. അവർക്കും ജീവിക്കണം. ജീവിക്കാൻ വേണ്ടിവരുന്ന കൂലിയാണ് യഥാർത്ഥ കൂലി. അതു കിട്ടാൻ അവസാനം വന്നവർക്കും അർഹതയുണ്ട്. അതെ, സാമൂഹ്യനീതിയുടെ മനോഹരമായൊരു ഉപമയാണിത്.

**6. അവസാനവിധി** (മത്തായി 25:31-46): ഈ ഉപമ യേശുപഠന ത്തിന്റെ കാതലായ ഒരു വിഷയത്തിലേക്കാണ് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുക. ദൈവപുത്രൻ അവസാനദിവസം മഹത്വത്തിൽ എഴു ന്നെള്ളിവന്നു ശിഷ്ടരെയും ദുഷ്ടരെയും നിത്യമായി വിധിക്കുന്നതാണ് പ്രമേയം. നിത്യനരകമോ നിത്യസ്വർഗ്ഗമോ ലഭിക്കുന്നതിനുള്ള മാന ദണ്ഡം എങ്ങനെ നാം അവശത അനുഭവിക്കുന്നവരോടു പെരുമാറുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. കഥ ചുരുക്കത്തിൽ ഇതാണ്.

സിംഹാസനത്തിലിരിക്കുന്ന ദൈവപുത്രന്റെ ഇരുവശത്തായി നന്മ -തിന്മ ചെയ്തവരെ വേർതിരിച്ചു നിർത്തിയിട്ടു, തന്റെ വലതുവശ ത്തുള്ളവരോടും ഇങ്ങനെ പറയും: അനുഗ്രഹീതരേ, വന്നു സ്വർഗ്ഗ രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു നിങ്ങൾ എനിക്കു ആഹാരം നല്കി; എനിക്കു ദാഹിച്ചു, കുടിക്കാൻ നല്കി; ഞാൻ പരദേശിയായിരുന്നു, എന്നെ സ്വീകരിച്ചു; ഞാൻ നഗ്ന നായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ ശുശ്രൂഷിച്ചു; ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. അപ്പോൾ എപ്പോഴാണ് അങ്ങയെ വിശ ക്കുന്നവനായി, ദാഹിക്കുന്നവനായി, പരദേശിയായി, നഗ്നനായി, രോഗി യായി, കാരാഗൃഹവാസിയായി കണ്ട് ഞങ്ങൾ ശുശ്രൂഷ ചെയ്തത്? "സത്യാമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ ഏറ്റവും ഏളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ, എനിക്കുതന്നെയാണ് ചെയ്തത്" (മത്തായി 25:40). തുടർന്നു ഇടതു വശത്തുള്ളവരോടു ശപിക്കപ്പെട്ടവരെ, നിത്യാഗ്നിയിലേയ്ക്കു പോകു വിൻ; എന്തെന്നാൽ എനിക്കു വിശന്നു, ഭക്ഷിക്കാൻ തന്നില്ല; എനിക്കു ദാഹിച്ചു, കുടിക്കാൻ തന്നില്ല; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചില്ല; ഞാൻ നഗ്നനായിരുന്നു, നിങ്ങളെന്നെ ഉടുപ്പി

ച്ചില്ല; ഞാൻ രോഗിയായിരുന്നു, കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചില്ല. അവർ ഇതു കേട്ടു തിരിച്ചുചോദിക്കും കർത്താവേ എപ്പോഴാണ് അങ്ങയെ വിശക്കുന്നവനായോ ദാഹിക്കുന്നവനായോ, പരദേശിയായോ, നഗ്നനായോ, രോഗിയായോ, കാരഗൃഹവാസിയായോ ഞങ്ങൾ കണ്ടിട്ടു ശുശ്രൂഷിക്കാതിരുന്നത്. എന്റെ ഈ ഏറ്റവും എളിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണ് ചെയ്യാതിരുന്നത്.

വളരെ ലളിതം, പക്ഷേ, അർത്ഥഗർഭമായ ഉപമ. മനുഷ്യരുടെ അന്ത്യലക്ഷ്യമായി വിശ്വസിക്കപ്പെടുന്നതും പ്രചരിപ്പിക്കപ്പെടുന്നതും സ്വർഗ്ഗപ്രാപ്തിയാണല്ലോ! ആ ലക്ഷ്യപ്രാപ്തിക്കു അവശരെ ശുശ്രൂഷിക്കണം; യേശുവിനു വേണ്ടി ശുശ്രൂഷിക്കണമെന്നല്ല. അവരാണ് യഥാർത്ഥ, ജീവിക്കുന്ന യേശു എന്നുള്ള വ്യക്തതയിൽ അവർക്കു ചെയ്തപ്പോൾ യേശുവിനു തന്നെ ചെയ്തതെന്നു ഈ ഉപമയിൽ വ്യക്തമാകുന്നു. അങ്ങനെ ദരിദ്രരോടുള്ള സ്നേഹവും യേശുസ്നേഹവും ഒന്നായി മാറുന്നു.

ഇങ്ങനെ, ശക്തമായ സന്ദേശം ചെറിയ ഉപമകളിലൂടെ പഠിപ്പിക്കുന്ന യേശുവിന്റെ ബൈബിൾ കഥകൾ മനുഷ്യ-പ്രാപഞ്ചിക ജീവിതത്തിന്റെ സത്യങ്ങളിലേയ്ക്കാണ് നമ്മെ ആനയിക്കുന്നത്.

# 20 സാബത്തു മനുഷ്യനു വേണ്ടി

നിയമസംഹിതയോട് അമിതമായ കപട ആദരവാണ് ബൈബിളിൽ പരാമർശിക്കപ്പെടുന്ന ഫരിസേയർക്കും നിയമജ്ഞർക്കും ഉള്ളത്. അവരുടെ നിയമസംഹിതയെ അവർ വിളിച്ചിരുന്നത് 'തോറ' എന്നാണ്. അതായിരുന്നു അവരുടെ വഴികാട്ടി. യേശു ഇവരുടെ നിയമത്തോടുള്ള അമിത കപടാദരവിനെ ശരിക്കും ചോദ്യംചെയ്തു; തന്റെ പ്രവൃത്തിയിലൂടെ.

"സാബത്തു മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ സാബത്തിനു വേണ്ടിയല്ല" (മാർക്ക് 2: 27). നിയമസംഹിതയോടു അന്നു സഭാധികാരികളും പുരോഹിതഗണവും നിയമജ്ഞരും വച്ചുപുലർത്തിയിരുന്ന സമീപനത്തെ തകിടംമറിക്കുകയായിരുന്നു യേശു തന്റെ 'സാബത്തു മനുഷ്യനു വേണ്ടി' എന്ന ആപ്തവാക്യത്തിലൂടെ.

ആഴ്ചയിൽ ആറു ദിവസം പ്രവർത്തിച്ചിട്ടു ഏഴാം ദിവസം യഹോവ (ദൈവം) വിശ്രമിച്ചു വിശുദ്ധമാക്കി എന്നൊരു വിശദീകരണം ഉല്പത്തിപുസ്തക (ഉല്പത്തി 2:2) ത്തിൽ ഉണ്ട്. ആ വിശ്രമദിനം ശനിയാഴ്ചയാണ്. അതിനെയാണ് സാബത്തു എന്നു യഹൂദർ വിളിക്കുന്നത്. സാബത്തു വിശുദ്ധമായി ആചരിച്ചു വിശ്രമിക്കാൻ നൂറുകണക്കിനു നിയമങ്ങളാണു ഉണ്ടാക്കപ്പെട്ടത്. അങ്ങനെ നിയമവും സാബത്തും ഒരേ അർത്ഥത്തിൽ വ്യവഹരിക്കപ്പെട്ടു. അപ്പോൾ യേശു പറഞ്ഞതിന്റെ പൊരുൾ നിയമം മനുഷ്യനു വേണ്ടിയാണ് എന്നാണ്.

ചരിത്രപരമായി നോക്കുമ്പോൾ, യഹൂദരുടെ ഇടയിലെ സാബത്താചരണത്തിന്റെ ആധാരം യഹോവയുടെ വിശ്രമമല്ല. കഠിനമായി ജോലിചെയ്യാൻ നിഷ്ക്കർഷിക്കപ്പെട്ടിരുന്ന അടിമകൾക്ക് ഒരു ദിവസമെങ്കിലും വിശ്രമം ഉറപ്പുവരുത്താനുള്ളതായിരുന്നു സാബത്താചരണം. അതു നടപ്പിലാക്കുന്നതിനു ഒരു ദൈവികപരിവേഷം കൂടിയുണ്ടെങ്കിൽ കാര്യങ്ങൾ സുഗമമാവുമല്ലോ!

അങ്ങനെ അടിമകൾക്കു ഒരു ദിവസത്തെ സ്വാതന്ത്ര്യമെങ്കിലും ഉറപ്പുവരുത്തുന്ന നിയമമാണ് പിൽക്കാലത്ത് മനുഷ്യനെ തീർത്തും കൂച്ചുവിലങ്ങിട്ട് സാബത്തായി രൂപാന്തരപ്പെട്ടത്. സാബത്തു നിയമവും അതിന്റെ നൂറുകണക്കിനുള്ള അനുച്ഛേദങ്ങളും മനുഷ്യനെ വീർപ്പു

മുട്ടിച്ചു. എന്തിനു വേണ്ടിയാണു ആ നിയമം ഉണ്ടാക്കിയതെന്നു പൂർണ്ണമായും മറന്നുകൊണ്ട്, വാച്യാർത്ഥത്തിൽ നിയമങ്ങളുടെ എല്ലാ നൂലാമാലകളും അനുസരിക്കുന്നതിലായി സാബത്താചരണം. തറയിൽ വീണ സൂചി സാബത്തു ദിവസം എടുത്താൽ പോലും അതു നിയമലംഘനമായി നിയമജ്ഞർ ആരോപിച്ചു. അങ്ങനെ സാമാന്യ ജനത്തിന്റെ ജീവിതം നിയമങ്ങൾ കൊണ്ടു വരിഞ്ഞുമുറുക്കപ്പെട്ടു.

ഈയൊരു സാഹചര്യത്തിലാണ് യേശു സാബത്താചരണത്തെ വിമർശിക്കുന്നത്. സാബത്ത് ദിനത്തിൽ നന്മ ചെയ്യാമോ എന്നു യേശു ചോദിച്ചിട്ട്, യേശു സാബത്തു ദിവസം രോഗികളെ സുഖപ്പെടുത്തുന്നു. ഇവിടെ രോഗീസൗഖ്യം എന്ന അത്ഭുതമല്ല ശ്രദ്ധാകേന്ദ്രം. സാബത്തു ദിനത്തിൽ നന്മ ചെയ്യുന്നതു ശരിയാണ് എന്നു വ്യക്തമാക്കാനാണ് യേശുവിന്റെ ഇടപെടൽ ഉന്നംവയ്ക്കുന്നത്.

സാബത്താചരണത്തെപ്പറ്റിയുള്ള വിവാദത്തിൽ, യേശു പലരീതിയിൽ നിയമം മനുഷ്യനു വേണ്ടി എന്നുള്ള തന്റെ നിലപാടു വ്യക്തമാക്കുന്നു. ഒരിക്കൽ ദാവീദ് രാജാവും അനുചരന്മാരും കൈവശം ഒന്നും ഇല്ലാതിരിക്കെ, ദേവാലയത്തിൽ പുരോഹിതർക്കല്ലാതെ മറ്റാർക്കും ഭക്ഷിക്കാനനുവാദമില്ലാതിരുന്ന കാഴ്ചയപ്പം എടുത്തു ഭക്ഷിച്ച കാര്യം യേശു ഓർമ്മപ്പെടുത്തുന്നു. വീണ്ടും യേശു ചോദിച്ചു: "നിങ്ങളിലാരാണ്, തന്റെ ആട് സാബത്തിൽ കുഴിയിൽ വീണാൽ പിടിച്ചുകയറ്റാത്തത്? ആടിനേക്കാൾ എത്രയേറെ വിലപ്പെട്ടവനാണ് മനുഷ്യൻ! അതിനാൽ സാബത്തിൽ നന്മചെയ്യുന്നതു അനുവദനീയമാണ്" (മത്തായി 12:11-12).

യേശുവിന്റെ പഠനത്തിൽ നിയമത്തിനപ്പുറമാണു മനുഷ്യൻ എന്നതു ഇത്ര വ്യക്തമായിട്ടു ബോധ്യപ്പെടുത്തിയ മറ്റൊരു പഠനമില്ല. പക്ഷേ ഇന്നത്തെ ക്രൈസ്തവ സഭാനേതൃത്വം, യഹൂദമതപുരോഹിതഗണം കാണിച്ചതുപോലെയാണ് പെരുമാറുന്നത്. ക്രൈസ്തവജനതയുടെ സ്വാതന്ത്ര്യത്തെയും വളർച്ചയെയും കൂച്ചുവിലങ്ങുകളിട്ടു വീർപ്പുമുട്ടിക്കുന്നതിനു ആയിരക്കണക്കിനു ചട്ടങ്ങളുള്ള 'കാനോൻ നിയമ' സംഹിതയാണ് മതാദ്ധ്യക്ഷന്മാർ ഉപയോഗിക്കുന്നത്. മനുഷ്യർ അവർക്കു അപ്രധാനമാണ്; നിയമങ്ങളാണ് സുപ്രധാനം. ഇന്നു, യേശു കടന്നുവന്നാൽ, യഹൂദരുടെ സാബത്താചരണത്തെ വിമർശിച്ചതിനേക്കാൾ പതിന്മടങ്ങു ശക്തിയോടെയും കാർക്കശ്യത്തോടെയും ഇന്നത്തെ കാനോൻ നിയമസംവിധാനത്തെ എതിർക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

അതെ, ഏതു നിയമത്തിന്റെയും സാധുത തീരുമാനിക്കേണ്ടത് മനുഷ്യനന്മയെ ആധാരമാക്കിയാണ്. സാബത്തു മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ സാബത്തിനു വേണ്ടിയല്ല. ഈയൊരു വ്യക്തത സമൂഹത്തിൽ വിപ്ലവം തന്നെ സൃഷ്ടിക്കും.

# 21. സമ്പന്നരും ദരിദ്രരും

യേശുവിന്റെ ജീവിതത്തെ സഗൗരവം നോക്കിക്കാണാൻ ശ്രമിക്കുന്ന ഏതൊരു വ്യക്തിക്കും സമൂഹത്തിലെ രണ്ടു തട്ടിലുള്ള ജനവിഭാഗങ്ങളായ സമ്പന്നരോടും ദരിദ്രരോടുമുള്ള യേശുവിന്റെ കാഴ്ചപ്പാടും നിലപാടും വിലയിരുത്താതെ മുന്നോട്ടുപോകാൻ പറ്റുകയില്ല. യേശുവിന്റെ സംസാരത്തിലും ഇടപെടലിലുമൊക്കെ ഈ രണ്ടു വർഗ്ഗങ്ങളുമായുള്ള തന്റെ ബന്ധത്തിലുള്ള വ്യതിരിക്തത കാത്തുസൂക്ഷിക്കുന്നുണ്ട്.

സമ്പന്നരോടും ദരിദ്രരോടുമുള്ള യേശുവിന്റെ സമീപനം മനസ്സിലാക്കാൻ ഞാൻ ഒരു ഗൃഹപാഠം ചെയ്തു. ഒരു നോട്ടുബുക്ക് എടുത്ത് ഒരുവശത്ത് ദരിദ്രർ, മറുവശത്ത് സമ്പന്നർ എന്നും എഴുതിയിട്ടു മൂന്നു സുവിശേഷങ്ങളും വായിച്ചു. 'ദരിദ്രരെ' (പാപികൾ, ചുങ്കക്കാർ, വേശ്യകൾ, പുറജാതിക്കാർ, സമരിയാക്കാർ, സ്ത്രീകൾ, അംഗവൈകല്യമുള്ളവർ, രോഗികൾ തുടങ്ങി തഴയപ്പെട്ട എല്ലാവരും) ബാധിക്കുന്നിടത്തു യേശു എങ്ങനെ പെരുമാറിയെന്നു കുറിച്ചു. അതുപോലെ 'സമ്പന്നരെ' (ചുങ്കക്കാരിൽ പ്രധാനി, ഫരിസേയർ, നിയമജ്ഞർ, പുരോഹിതർ, മഹാപുരോഹിതർ, രാജാവ് തുടങ്ങി അധികാരവും പണവും സ്ഥാനവുമുള്ള എല്ലാവരും)പ്പറ്റി പറയുന്നിടത്തു യേശുവിന്റെ പെരുമാറ്റം എങ്ങനെയെന്നും കുറിച്ചു. അത്ഭുതകരമായ തിരിച്ചറിവാണ് എനിക്കുണ്ടായത്.

നൂറുകണക്കിനു സ്ഥലത്തു ദരിദ്രരെപ്പറ്റി പരാമർശിക്കുമ്പോൾ, ഏതാണ്ടു 25 ൽ താഴെ സ്ഥലത്തേ സമ്പന്നരെക്കുറിച്ചു പ്രതിപാദിക്കുന്നുള്ളു. ദരിദ്രരെപ്പറ്റി പരാമർശിക്കുന്ന ഒരു സ്ഥലത്തും യേശു കുപിതനായോ അസ്വസ്ഥനായോ കർശനക്കാരനായോ കാണുന്നില്ല. അവരോടൊക്കെ കരുതലോടെയും സ്നേഹത്തോടെയുമാണ് ഇടപെടുന്നത്. അവരെ തന്റെ അടുക്കലേക്കു ഒരു വ്യവസ്ഥയുമില്ലാതെ അടുപ്പിക്കുകയാണ്; അംഗീകരിക്കുകയാണ്. ദരിദ്രരുടെ കണ്ണുനീർ ഒപ്പുക യേശുവിനു കർമ്മസായൂജ്യമായിരുന്നു. സമയത്തും അസ

മയത്തും യാതൊരുവിധമായ വിശ്രമവുമില്ലാതെ അവരുടെ കാര്യങ്ങളിൽ ഇടപെടുന്നു, അവരോടൊപ്പം വസിക്കുന്നു.

അതേസമയം വളരെ കുറച്ചു സ്ഥലത്തേ സമ്പന്നരെപ്പറ്റി പറയുന്നുള്ളു. അവിടെയെല്ലാം യേശു വ്യവസ്ഥ വച്ചേ സംസാരിക്കുന്നുള്ളു. തന്നെ അനുഗമിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച ധനികനോടു തനിക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തിട്ടു അനുഗമിക്കുക എന്നാണ് ആവശ്യപ്പെട്ടത്. വഞ്ചിച്ചെടുത്തത് ഒന്നിനു നാലിരട്ടി തിരികെ കൊടുക്കുകയും സമ്പത്തിന്റെ പകുതി ദരിദ്രർക്കു ദാനം കൊടുക്കുകയും ചെയ്തപ്പോഴാണ് ചുങ്കക്കാരിൽ പ്രമുഖൻ രക്ഷപ്രാപിച്ചത്. വീണ്ടും ധനികവർഗ്ഗത്തോടുള്ള തന്റെ സംസാരം കർശനമാണ്; സ്വരം രൂക്ഷമാണ്; വ്യവസ്ഥകളിൽ വിട്ടുവീഴ്ച ഒട്ടുമേയില്ല. അണലിസന്തതികളേ, വെള്ളയടിച്ച കുഴിമാടങ്ങളേ, കപടഭക്തരേ, വഞ്ചകരേ, കുറുക്കൻ എന്നൊക്കെയാണ് യേശു അവരെ അഭിസംബോധന ചെയ്യുന്നത്. ഇവരോടു ഇത്ര കർക്കശമായി പെരുമാറിയതിൽ എവിടെയെങ്കിലും അല്പംപോലും യേശു പശ്ചാത്തപിച്ചതായി കാണുന്നില്ല. തന്റെ നിലപാടിനെപ്പറ്റി യേശുവിനു നല്ല വ്യക്തതയുണ്ടായിരുന്നു. ധനികന്റെ പക്ഷമല്ല താനെന്നു ധാരാളം ഉപമകളിലൂടെയും കഥകളിലൂടെയും നേരായ പഠനങ്ങളിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്. സൂചിക്കുഴിയിലൂടെ ഒട്ടകം കടക്കുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് ധനികനു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്നു അസന്ദിഗ്ധമായി യേശു പഠിപ്പിച്ചു. ദൈവത്തെയും മൂലധനത്തെയും ഒന്നിച്ചു സേവിക്കുക അസാധ്യമെന്നും യേശു പഠിപ്പിച്ചു. ദരിദ്രരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്ന സമ്പന്നർക്കു ദുരിതം എന്നു യേശു പ്രഖ്യാപിച്ചു. എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും സുവിശേഷങ്ങളിൽ നിന്നു നിരത്തിവയ്ക്കാൻ സാധിക്കും യേശുവിന്റെ ദരിദ്രപക്ഷ-സമ്പന്നവിരുദ്ധ മനോഭാവവും നിലപാടും വ്യക്തമാക്കാൻ.

ചുരുക്കത്തിൽ, സമ്പന്നരോടു വ്യവസ്ഥ വച്ച് ഇടപെട്ടപ്പോൾ, ഒരു വ്യവസ്ഥയുമില്ലാതെ ദരിദ്രരെ ആഞ്ഞുപുൽകുന്ന യേശുവിന്റെ ദരിദ്രപക്ഷം സാമാന്യമനുഷ്യനന്മയെ കാംക്ഷിക്കുന്ന ഏതൊരു വ്യക്തിക്കും എന്നും പ്രചോദനവും ശക്തിയുമാണ്.

# 22. ജെറുസലേം ദേവാലയത്തിൽ ചുഴറ്റിയ ചാട്ടവാർ

ഈജിപ്തിലെ ഫറവോന്റെ അടിമത്തത്തിൽ നിന്നും യഹോവ മോചിപ്പിച്ചതിന്റെ നന്ദി സൂചകമായി ഇസ്രയേൽ ജനത വർഷത്തിലൊരിക്കൽ ജെറുസലേമിൽ പെസഹാതിരുന്നാൾ ആചരിക്കുക പതിവായിരുന്നു. അങ്ങനെ ഒരുനാൾ യേശു ജെറുസലേമിലേയ്ക്കു പോയി. അവിടെ കണ്ട അനീതിയും അനാചാരങ്ങളും യേശുവിനെ രോഷാകുലനാക്കുന്നു.

കാഴ്ച സമർപ്പിക്കുന്നതിനായി ഓരോരുത്തരുടെയും സാമ്പത്തികശേഷി അനുസരിച്ച് കാള, ആട്, പ്രാവ് എന്നിവയെ സമർപ്പിക്കണമായിരുന്നു. അവയ്ക്കു പ്രത്യേക സവിശേഷതകൾ ഉണ്ടായിരിക്കണം. പക്ഷേ, ജനം കൊണ്ടുവരുന്നവയ്ക്കു എന്തെങ്കിലും കുറവുള്ളതായി ബോദ്ധ്യപ്പെടുത്തിയിട്ടു, കുറഞ്ഞവിലയ്ക്ക് അവർ കൊണ്ടുവന്ന ബലിമൃഗങ്ങളെ വാങ്ങി, ബലിക്കനുയോജ്യമെന്നു അവർ ചൂണ്ടിക്കാട്ടുന്ന ബലിവസ്തുവിനെ വലിയ വിലയ്ക്കു ഭക്തർക്കു വില്ക്കുക പതിവായിരുന്നു. കുറഞ്ഞ വിലയ്ക്കു വാങ്ങിയവയെ വേഷങ്ങളിട്ടു ഒരുക്കി, പിന്നീടു വരുന്നവർക്കു വലിയ വിലയ്ക്കു കൊടുക്കുകയും ചെയ്യും. ഭീകരമായ ചൂഷണം! അതുപോലെതന്നെയാണു നാണയമാറ്റവും. വലിയ വിലകൊടുത്തു അർപ്പണത്തിനുള്ള നാണയത്തുട്ടുകൾ മതാധികാരികൾ നിയമിച്ച നാണയവ്യാപാരികളിൽ നിന്നും വിശ്വാസികൾ വാങ്ങണമായിരുന്നു. അങ്ങനെ കൊടുവഞ്ചനയും കള്ളത്തരവും ചൂഷണവുമാണ് അവിടെ നടന്നിരുന്നത്.

യേശുവിലെ നീതിബോധം ഉണർന്നു. "അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടും കൂടെ ദേവാലയത്തിൽ നിന്നും ആട്ടിപ്പുറത്താക്കി; നാണയ മാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്തു. പ്രാവുകളെ വില്ക്കുന്നവരോടു അവൻ കല്പിച്ചു: ഇവയെ ഇവിടെനിന്നു എടുത്തുകൊണ്ടു പോകുവിൻ. എന്റെ പിതാവിന്റെ സ്ഥലം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്" (യോഹന്നാൻ 2:15-16).

"എന്റെ ആലയം നിങ്ങൾ കവർച്ചക്കാരുടെ ഗുഹയാക്കി മാറ്റിയിരിക്കുന്നു" (ലൂക്ക 19:48). അങ്ങനെ അനീതിക്കും ചൂഷണത്തിനും ആസൂത്രിത കവർച്ചയ്ക്കുമെതിരെ യേശു ചാട്ടവാറെടുക്കുന്നു.

യേശുവിലെ നീതിയുടെ തികവാണ് ചൂഷകരെ ആട്ടിയോടിക്കാൻ ശക്തിപകർന്നത്. ഹൃദയത്തിന്റെ വിശുദ്ധിയെയും ബോദ്ധ്യത്തിന്റെ തീർപ്പിനെയും നേരിടുക അത്ര എളുപ്പമല്ല. എങ്കിലും "പുരോഹിത പ്രമുഖന്മാരും നിയമജ്ഞരും ജനപ്രമാണികളും അവനെ നശിപ്പിക്കാൻ മാർഗ്ഗം അന്വേഷിച്ചുകൊണ്ടിരുന്നു" (ലൂക്ക 19:47). യേശുവിന്റെ ഈ ധീരതയോടെയുള്ള പ്രവൃത്തി നീതിക്കുവേണ്ടി നിലപാടെടുക്കുന്നവർക്കു പ്രചോദനമാണ്. എതിർപ്പുകളുള്ളവർക്ക്, കാര്യമായി ഒന്നും ചെയ്യാൻ പറ്റാതെ നിസഹായരായി നില്ക്കുന്നവർക്ക്, ബോദ്ധ്യവും വ്യക്തതയുമുണ്ടെങ്കിൽ, ഒറ്റയ്ക്കു നിന്നും നീതിക്കു വേണ്ടി പോരാടാം എന്ന് ഓർമ്മിപ്പിക്കുന്നതാണ് ഈ സംഭവം.

ഇന്നത്തെ സഭാധികാരികൾ ഒത്തിരിയേറെ വളച്ചൊടിച്ചാണ് ഈ സംഭവത്തെ ജനസമക്ഷം അവതരിപ്പിക്കുന്നത്. പള്ളിയിൽ കച്ചവടവും കവർച്ചയും നടത്തിയവരെ വാസ്തവത്തിൽ അടിച്ചു പുറത്താക്കുകയാണ് യേശു ചെയ്തത്. ഇവിടെ തീർത്തും ഒരു ശാരീരിക (ബാഹ്യ) ബലപ്രയോഗം തന്നെ നടന്നു എന്നതാണു സത്യം. ഈ പച്ചയായ സത്യത്തെ മറച്ചുകൊണ്ട് ഈ സംഭവത്തെ ആദ്ധ്യാത്മീകരിച്ചു ആന്തരീക കോപത്തിന്റെ തീഷ്ണത കാട്ടുന്നതിനുള്ള ഒരു ഉപമയാണിതെന്നുവരെ വിശദീകരിക്കാൻ സഭാധികാരികൾ തയ്യാറായിരിക്കുന്നു. എന്താണിതിനു കാരണം? സത്യവും നീതിയും ആവശ്യപ്പെടുന്ന വിലകൊടുക്കാൻ തയ്യാറാകാതെ, ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറണമെങ്കിൽ, നമ്മെ ശരിക്കും വെല്ലുവിളിക്കുന്ന സംഭവങ്ങളെ ആത്മീകരിക്കേണ്ടതുണ്ട്. ആ തന്ത്രമാണ് സഭ ഇവിടെ സ്വീകരിക്കുന്നത്.

നീതിക്കുവേണ്ടിയുള്ള തീക്ഷ്ണതയാൽ അനീതിയുടെ മുമ്പിൽ തലകുനിക്കാത്ത യേശു, നമ്മുടെ മനുഷ്യത്വത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ ഹൃദയാവേശവും ശക്തിയുമാണ്.

# 23. ഒന്നാമൻ എല്ലാവരുടെയും ദാസൻ

യേശുവിന്റെ ജീവിതദൗത്യനിർവഹണം സേവനത്തിലൂടെയാണ് പ്രവർത്തനനിരതമായത്. ശുശ്രൂഷയാണ് തന്റെ ദൗത്യനിർവ്വഹണത്തിന്റെ അളവുകോൽ. യേശുപഠനത്തിൽ അധികാരി ശുശ്രൂഷകനാണ്. വളരെ വ്യക്തമായി ഇതു പഠിപ്പിക്കാൻ യേശുവിനു അവസരമുണ്ടായി. ഒരു ദിവസം യേശു ഏറെ സ്നേഹമുള്ള യോഹന്നാനും തന്റെ സഹോദരൻ യാക്കോബും യേശുവിനോടു ഇങ്ങനെ ആവശ്യപ്പെട്ടു: യേശുവിന്റെ മഹത്വത്തിൽ, ഒരാൾ യേശുവിന്റെ വലതുവശത്തും മറ്റേയാൾ ഇടതുവശത്തും ഇരിക്കാനുള്ള അനുഗ്രഹം നല്കണം. തുടർന്നുള്ള സംഭാഷണം മറ്റു 10 പേരിൽ അസ്വസ്ഥതയുണ്ടാക്കുന്നു; ഈ രണ്ടുപേരോടും അവർക്ക് അമർഷം തോന്നുന്നു. അവിടെയാണ് തന്റെ നിലപാട് യേശു വ്യക്തമാക്കുന്നത്.

"യേശു ശിഷ്യന്മാരുടെ അടുത്തു പറഞ്ഞു: വിജാതിയരുടെ ഭരണകർത്താക്കൾ അവരുടെ മേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെ മേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാവരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമൻ ആകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോസ് 10:42-45). അങ്ങനെ യഥാർത്ഥ അധികാരപ്രയോഗം സേവനവും ശുശ്രൂഷയുമാണെന്നു യേശു വ്യക്തമാക്കുന്നു.

പ്രായോഗികമാക്കാൻ പ്രയാസം ഏറെയാണെങ്കിലും യേശുദർശനത്തിന്റെ പ്രായോഗികതയിൽ സേവനത്തിനും ശുശ്രൂഷയ്ക്കുമുള്ള സ്ഥാനം ഒട്ടും കുറയുന്നില്ല. യേശു അതിൽ വെള്ളം ചേർത്തു അതിന്റെ അർത്ഥവലിപ്പം കുറയ്ക്കാനും തയ്യാറല്ല. പക്ഷേ, ഇന്നത്തെ ക്രൈസ്തവസഭാ മേലദ്ധ്യക്ഷന്മാർ അവരുടെ അധികാരം പ്രകടമാക്കുന്നതു യേശു പഠിപ്പിച്ചതിനു നേരേ വിപരീതമായിട്ടാണ്. യേശു

വിന്റെ പഠനത്തിൽ നിന്നുള്ള ഈ വഴിപിരിയലിന്റെ കാഠിന്യം വ്യക്തമാകുന്നത് ഇന്നത്തെ സ്ഥാപനവത്ക്കൃത സഭയുടെ അധികാരപ്രയോഗം കാണുമ്പോഴാണ്. എന്തു വാശിയോടും വീറോടും കൂടിയാണ് തങ്ങളുടെ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരെ തങ്ങളുടെ ഇംഗിതങ്ങൾക്കു വിധേയപ്പെട്ടു പോകാൻ സഭാധികാരം ഉപയോഗിക്കുന്നത്. വിജാതിയർ തങ്ങളുടെ യജമാനത്വം അടിച്ചേല്പിക്കുന്നതിനേക്കാൾ അതിക്രൂരമായിട്ടാണിന്നു സഭാധികാരികൾ തങ്ങളുടെ അധികാരക്കോയ്മ ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്നത്. അവരുടെ ഈ രീതിക്കു യേശുവിന്റെ സേവനപാഠവുമായി പുലബന്ധം പോലുമില്ല.

# 24. ജെറുസലേമിലേയ്ക്കുള്ള ജനകീയ പ്രതിരോധയാത്ര

പാവപ്പെട്ടവർക്കു സുവിശേഷം, ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം എന്ന് യേശു തന്റെ ജീവിതമാനിഫെസ്റ്റോ പ്രഖ്യാപിച്ചപ്പോൾ തന്നെ, അദ്ദേഹത്തെ ദേവാലയത്തിൽ നിന്നു പുറത്താക്കിയ കഥ നേരത്തെ വിവരിച്ചല്ലോ. യേശു നിരാശനായി ഇറങ്ങിപ്പോയി തന്നിലേയ്ക്ക് ഒതുങ്ങി ജീവിക്കുകയല്ല ചെയ്തത്; സമൂഹത്തിലെ ഏറ്റവും തഴയപ്പെട്ട ജനവിഭാഗമായ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരങ്ങളിലേയ്ക്ക് ഇറങ്ങിത്തിരിക്കുകയായിരുന്നു. അവിടെ യേശു സാമാന്യജനവുമായി ഇടകലർന്നു, അവരിൽ ഒരാളായി ജീവിച്ചു. അവരെ തന്റെ പഠനങ്ങളും ദർശനങ്ങളും ബോദ്ധ്യപ്പെടുത്തി ഊർജ്ജസ്വലരാക്കി. ജെറുസലേം ദേവാലയം ഒരു പ്രതീകമാണ് - തിന്മയുടെയും അധികാരദുഷ്പ്രഭുത്വത്തിന്റെയും മതാന്ധതയുടെയും അന്ധവിശ്വാസത്തിന്റെയും അനീതിയുടെയും ചൂഷണത്തിന്റെയും ഒക്കെ പ്രതീകം; എല്ലാ തിന്മകളുടെയും മൂർത്തഭാവം. അവിടത്തെ തിന്മയ്ക്കെതിരെ യേശു ഒറ്റയ്ക്കു പൊരുതിയ/ചാട്ടവാറെടുത്ത കഥ നാം വായിച്ചുകഴിഞ്ഞു. സംഘടിത തിന്മയ്ക്കെതിരെ സംഘാത്മകമായിത്തന്നെ പൊരുതേണ്ടതുണ്ട്. അതിനായി യേശു ബോധപൂർവ്വം ജനത്തെ ഒരുക്കുകയായിരുന്നു തന്റെ രണ്ടര വർഷത്തെ പൊതു ശുശ്രൂഷാവേളയിൽ ചെയ്തത്. അങ്ങനെ അവർ ശക്തമായൊരു ജനകീയ മുന്നേറ്റത്തിനുള്ള തയ്യാറെടുപ്പിലാണ് - തിന്മയ്ക്കെതിരെയുള്ള പോരാട്ടം. അതിനുള്ള ഉചിതമായ സമയം എപ്പോൾ എന്നു യേശു ജാഗ്രവാനായിരുന്നു. പെസഹാതിരുന്നാളിന്റെ മുഹൂർത്തമാണ് യേശു അതിനായി തെരഞ്ഞെടുത്തത്. തിരുനാളിനു വലിയൊരു ജനാവലി ജെറുസലേമിൽ വരും. അന്നുതന്നെ ജെറുസലേമിന്റെ പൊള്ളത്തരവും തിന്മയുടെ മൂർത്തഭാവവും എടുത്തുകാട്ടുന്ന ഒരു ജനകീയ സമരത്തിനു യേശു കളമൊരുക്കി.

മുഖ്യധാരാ ശൈലിയിലായിരുന്നില്ല യേശുവിന്റെ സമരമുറകൾ. അന്ന് എല്ലാവരും മോശമായി കണ്ടിരുന്ന, അതേസമയം എല്ലാവരു

ടെയും ഭാണ്ഡം ചുമക്കുകയും ഹേറോദേസ് രാജാവിന്റെ വധകല്പ നയിൽ നിന്നും മോചനം നേടാൻ ഈജിപ്തിലേയ്ക്കുള്ള പലായന ത്തിൽ യേശുവിനെയും അദ്ദേഹത്തിന്റെ മാതാപിതാക്കളായ ജോസ ഫിനെയും മറിയത്തെയും വഹിച്ചതുമായ കഴുതയെയാണ് തന്റെ ആവേശകരമായ ജെറുസലേം പ്രവേശനത്തിനു വാഹനമായി തെര ഞ്ഞെടുത്തത്. അത് ഒരു വലിയ അടയാളം കൂടിയായിരുന്നു. ജനം ആവേശഭരിതരായിരിക്കുന്നു. ജെറുസലേമിലേയ്ക്കു ആരവത്തോടു കൂടി നീങ്ങുകയാണ്. പുതിയൊരു യുഗപ്പിറവി ഉദ്ഘോഷിച്ചുകൊ ണ്ടുള്ള ജനമുന്നേറ്റം. 'ഹോസാന! കർത്താവിന്റെ നാമത്തിൽ വരു ന്നവനു ഹോസാന!' കർത്താവിന്റെ നാമത്തിൽ വരുന്നവൻ മഹാപു രോഹിതനാണെന്നാണ് മുഖ്യധാരാവിശ്വാസം. അതിനു വിപരീത മായി ഒരു ബദൽ ജനകീയ നേതാവായ യേശു ഇന്നിതാ ജനത്തോ ടൊപ്പം, അവിടെ നടമാടുന്ന തിന്മയ്ക്കെതിരെ പോരാട്ടത്തിന്റെ സമ രഭൂമിയിലേക്ക് ഇറങ്ങുകയാണ്. ജനക്കൂട്ടത്തിലുണ്ടായിരുന്ന ചില ഫരി സേയർ ജനത്തെ ഒന്നു ശാസിച്ചുനിർത്താൻ യേശുവിനോടു ആവ ശ്യപ്പെട്ടു. അതിനു യേശുവിന്റെ മറുപടി: "ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കും" (ലൂക്കാ 19:40). അത്ര ശക്തമായി ട്ടായിരുന്നു ജനകീയ മുന്നേറ്റം. "അപ്പോൾ ഫരിസേയർ പരസ്പരം പറഞ്ഞു: നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ ലോകം അവന്റെ പിന്നാലെ പോയിക്കഴിഞ്ഞു" (യോഹന്നാൻ 12:19). അങ്ങനെ യേശുവിന്റെ ജെറുസലേം രാജകീയപ്രവേശനം എന്നു പൊതുവേ വിശേഷിപ്പിക്കുന്ന സംഭവം ഒരു ജനകീയ പ്രക്ഷോ ഭമായിരുന്നു. തന്റെ ദൗത്യനിർവ്വഹണത്തിനുള്ള തന്റെ സന്ദേശത്തെ നിഷ്പ്രഭമാക്കുന്ന തിന്മയുടെയും അധികാരത്തിന്റെയും ശക്തി കൾക്കെതിരെയുള്ള അതിശക്തമായ ജനങ്ങളുടേതായ മുന്നേറ്റം.

ഇത്ര ശക്തമായ, മഹത്തായ, സമരവീര്യം തുളുമ്പുന്ന ഒരു ജന കീയ പ്രക്ഷോഭത്തെയാണിന്ന്, കുറച്ചു കുരുത്തോലയും പേറി ക്കൊണ്ടു ഭക്തപാരവശ്യത്തിൽ 'ഹോസാന, കർത്താവിന്റെ നാമ ത്തിൽ വരുന്നവനു ഹോസാന' എന്നു നിർജ്ജീവമായി പാടിക്കൊണ്ടു വഴിയോരങ്ങളിലൂടെ ആരിലും ഒരു ചോദ്യവും ഉണർത്താതെ നിരർത്ഥ കമായി നടന്നുനീങ്ങുന്ന ഹോസാന ഞായർ! നോക്കുക, എത്ര വ്യതി രിക്തവും വിശിഷ്ടവുമായ യാഥാർത്ഥ്യത്തെ തീർത്തും ഉപരിപ്ലവവും പൊള്ളയുമായ ആചാരാനുഷ്ഠാനമാക്കി തരംതാഴ്ത്തിയിരിക്കുന്നു എന്ന്. ഇന്നു സഭ ആചരിക്കുന്ന ഹോസാന ഞായറിന് യേശുവിന്റെ ജെറുസലേം പ്രവേശനത്തിന്റെ ചൈതന്യം ലവലേശമില്ല എന്നതാണ ഇന്നത്തെ ആഘോഷത്തിന്റെ പാപ്പരത്തം.

എക്കാലത്തേയും പോലെ അന്നും ജനകീയശക്തിയെയും ജനകീയമുന്നേറ്റത്തെയും തുരങ്കംവയ്ക്കാൻ ദുഷ്ടശക്തികൾ ഒന്നിച്ചിരുന്നു. അതു ജനകീയപ്രക്ഷോഭത്തിന്റെ ആവശ്യകതയോ സാധുതയോ വീര്യമോ കുറയ്ക്കുന്നില്ല. ഇന്നും യേശുവിന്റെ ജെറുസലേം പ്രവേശനം നന്മയ്ക്കുവേണ്ടി നിലപാടെടുത്തു പൊരുതുന്നവർക്കു ആവേശവും ജീവനുമാണ്.

# 25. യേശുവിന്റെ അന്ത്യ അത്താഴം

ജെറുസലേമിലേയ്ക്കുള്ള യേശുവിന്റെ ജനത്തോടൊപ്പമുള്ള പ്രവേശനം കോളിളക്കങ്ങൾ തന്നെ സൃഷ്ടിച്ചു. ജനം അധികാരികളുടെ കയ്യിൽ നിന്നു പിടിവിട്ടുപോയെന്നൊരു തോന്നൽ അതുളവാക്കി. എല്ലാ അധീശശക്തികളും - മഹാപുരോഹിതനും പുരോഹിതഗണവും ദേശീയവും വൈദേശീകവുമായ ഭരണാധികാരികൾ, നിയമജ്ഞരും ഫരിസേയരും തുടങ്ങിയ എല്ലാ അധികാരശക്തികളും- യേശുവിനും അവന്റെ നീക്കത്തിനും എതിരെ ഒന്നിക്കുകയാണ്. യേശുവിനെ ഏതുവിധേനയും കൊല്ലുവാൻ അവർ തീരുമാനിച്ചു. അതിനു ജനപിന്തുണ കിട്ടണം. രാജാവിന്റെ വിധിവാചകം വേണം. അതിന്, മറ്റു ഭൗതികസാഹചര്യങ്ങൾ ഉണ്ടാകണം. അതിനായി അണിയറനീക്കങ്ങൾ തകൃതിയിൽ നടക്കുകയാണ്.

ദുഷ്ടശക്തികൾ യേശുവിനെ വകവരുത്താനുള്ള എല്ലാ ചിട്ടവട്ടങ്ങളും എടുത്തുകഴിഞ്ഞതായി യേശു മനസ്സിലാക്കുന്നു. താൻ വധിക്കപ്പെടും എന്നു യേശുവിനു ഉറപ്പായിക്കഴിഞ്ഞു. ഏതു ശിഷ്യനും നേതാവിലുള്ള അചഞ്ചലവിശ്വാസം നേതാവിനു പരാജയം സംഭവിക്കുമെന്നുള്ള കാര്യം ഏറ്റുപറയാൻ അനുവദിക്കില്ല. യേശു പല സൂചനകൾ നല്കിയെങ്കിലും, യേശു മരണത്തിനു വിധിക്കപ്പെടുമെന്നു അവർക്ക് യാതൊരു ധാരണയുമില്ല. അതു ജനങ്ങൾക്കും ശിഷ്യന്മാർക്കും ഏറെ ബുദ്ധിമുട്ടു വരുത്താത്ത രീതിയിൽ യേശു വെളിപ്പെടുത്തുന്നുമുണ്ട്. അങ്ങനെ വികാരതീവ്രതയോടെ ഇക്കാര്യങ്ങൾ അനുഭവിപ്പിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ഒരു സംഭവമാണ് അന്ത്യഅത്താഴം എന്നു വിശേഷിപ്പിക്കുന്ന കൂട്ടായ പന്തിഭോജനം.

ഈയൊരു മാനസികപശ്ചാത്തലത്തിലാണ് യേശു താൻ സ്നേഹിച്ച ശിഷ്യന്മാർക്കും സ്നേഹിതർക്കും ഒപ്പമിരുന്നു അന്ത്യ അത്താഴം കഴിക്കുന്നത്. ഇവിടെ വികാരതീവ്രത മുറ്റിനില്ക്കുന്നു. വേർപാടിന്റെ വേദന എല്ലാവരെയും അലോസരപ്പെടുത്തുന്നു. പെസഹായുടെ ഒരുക്കങ്ങളൊക്കെ പൂർത്തിയാക്കി. അവർ എല്ലാവരും ഭക്ഷിക്കുവാൻ ഇരുന്നു. യേശു അപ്പമെടുത്തിട്ട് പെസഹായുടെ ഓർമ്മകൾ പുതുക്കിയിട്ട് പറഞ്ഞു: "ഇതു എന്റെ ശരീരമാണ്; സ്വീകരിക്കുവിൻ. തുടർന്ന് പാനപാത്രമെടുത്തിട്ടു ഇതു എന്റെ രക്തം, അനേ

കർക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തം, വാങ്ങിക്കുടിക്കുവിൻ. എന്റെ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്യുവിൻ" (ലൂക്കാ 22:14-23, മത്തായി 26:26-30, മാർക്കോസ് 14: 22-26, 1 കോറി. 11:23-25). യേശു നിരന്തരമായി ജീവിതത്തിൽ ചെയ്തുകൊണ്ടിരുന്ന പന്തിഭോജനത്തിന്റെ മുറ്റിയ ഒരു രൂപമാണിത്. കൂട്ടായ്മയുടെ ഏറ്റവും മോഹന ഭാവമാണിവിടെ പ്രകാശനം ചെയ്യപ്പെടുന്നത്. ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവർ, ആ നീക്കത്തിൽ ശക്തിയോടെ മുന്നേറാൻ ഒത്തുകൂടുകയും ഒത്തു ഭക്ഷിക്കുകയും ചെയ്യുക സാധാരണമാണല്ലോ. അതുതന്നെയാണ് അന്ത്യഅത്താഴം എന്നു വിശേഷിപ്പിക്കുന്ന പന്തിഭോജനത്തിൽ നടന്നത് - കൊല്ലപ്പെടും എന്ന കാര്യം കൂടുതൽ വ്യക്തമായിരുന്നതിനാൽ വികാരതീവ്രത നിറഞ്ഞുനിന്ന നിമിഷങ്ങളിലൂടെയാണ് അന്ത്യഅത്താഴകർമ്മം പൂർത്തിയായത്.

ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് ആദിമക്രൈസ്തവസഭയിൽ വിശ്വാസികൾ എല്ലാവരും ഒരേ മാനസ്സരായി വീടുകളിൽ ഒന്നിച്ചുകൂടുകയും അപ്പംമുറിക്കൽ ശുശ്രൂഷയിൽ പങ്കുപറ്റുകയും ചെയ്തതെന്നു അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ പറയുന്നു (നടപിട 2:42). തീർത്തും മാനുഷികവും സ്വാഭാവികവുമായ അപ്പം മുറിക്കൽ സംഭവത്തെ, പില്ക്കാലസഭ അനുഷ്ഠാനത്തിന്റെ കേന്ദ്ര ബിന്ദുവാക്കി മാറ്റിയിരിക്കുന്നതു വിചിത്രം തന്നെ. ഇന്നു പൊതുവേ യേശുവിന്റെ അന്ത്യഅത്താഴത്തെ സ്മരിക്കുന്നതാണ് കുർബ്ബാന. കുർബ്ബാന ഇന്നൊരു ഭക്തകൃത്യമായി മാറിയിരിക്കുന്നു. യഥാർത്ഥത്തിലുള്ള അപ്പം പങ്കുവയ്ക്കലായിരുന്നു അന്നു നടന്നതെങ്കിൽ, ഇന്നിതാ അതു വെറും പ്രതീകമായി മാറിയിരിക്കുന്നു. അപ്പം പങ്കുവയ്ക്കലിനു പകരം വെറും ചെറിയ ഓസ്തിയാണ് ഭക്ഷിക്കാൻ കൊടുക്കുക; അതും തീർത്തും വിചിത്രമായ വിശ്വാസത്തോടെയും. അതായത് അന്ത്യഅത്താഴവേളയിൽ യേശു പറഞ്ഞ വാക്കുകൾ വൈദികൻ ഉച്ചരിക്കുമ്പോൾ, വെറും ഗോതമ്പുകൊണ്ടുണ്ടാക്കിയ ചെറിയ ഓസ്തിയിൽ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടാകുമെന്നും പിന്നെ അതു വെറും ഓസ്തിയല്ല യേശുവിന്റെ ശരീരമാണെന്നുമാണ് വിശ്വാസം. ഈ വിശ്വാസം പല ഭക്താനുഷ്ഠാനങ്ങൾക്കും പ്രാർത്ഥനാപൂജയ്ക്കും രൂപംകൊടുത്തു. അങ്ങനെ യഥാർത്ഥത്തിൽ സംഭവിച്ചതോ, യേശുവിന്റെ പന്തിഭോജനത്തിന്റെ എല്ലാ മോഹനഭാവങ്ങളും നശിപ്പിച്ചിട്ട്, കുർബ്ബാന വെറുമൊരു അനുഷ്ഠാനമായും ഭക്താഭ്യാസമായും മാറ്റിക്കഴിഞ്ഞു. ഇനി കുർബ്ബാനയുടെ അഥവാ അപ്പംമുറിക്കൽ ശുശ്രൂഷയുടെ തനിമയിലേയ്ക്കു തിരിച്ചുവരിക ഏതായാലും അത്ര എളുപ്പമല്ല. എങ്കിലും, യേശുവിന്റെ ജീവിതത്തിൽ ഈ പന്തിഭോജനം ഏറെ നിർണ്ണായകമായ സാമൂഹ്യപ്രക്രിയയും രാഷ്ട്രീയ ഒരുക്കവുമായിരുന്നെന്നു കാണാം. സമഗ്രപരിവർത്തനത്തിനായി ചരിത്രത്തിൽ പ്രവർത്തിക്കുന്നവർക്കു എന്നും പ്രചോദനവുമാണ്.

# 26. സത്യത്തിനു സാക്ഷ്യം നല്കിയ ഒരു രാഷ്ട്രീയ കൊലപാതകം

താൻ വധിക്കപ്പെടും എന്ന സത്യം യേശു മുമ്പേ മനസ്സിലാക്കിയിരുന്നു. അപ്പസ്തോലന്മാർക്കാകട്ടെ അന്ത്യനിമിഷങ്ങൾ വരെ അത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതിന്റെ വൈരുദ്ധ്യവും നാം നിരന്തരം കാണുന്നു.

ഫരിസേയരും യഹൂദപ്രമാണികളും മഹാപുരോഹിതനും പുരോഹിതഗണവുമൊക്കെ യേശുവിനെ വധിക്കാനുള്ള അവസരമുണ്ടാക്കാൻ ആസൂത്രിതശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. യേശു അതു മനസ്സിലാക്കിയിട്ടു അതിനായി സ്വയം ഒരുങ്ങുന്നതായി തോന്നിപ്പോകുന്നു. അന്ത്യഅത്താഴം കഴിഞ്ഞു, സാധാരണ അവർ ചെയ്യുന്ന രീതിയിൽ ഗദ്സമൻ തോട്ടത്തിൽ പ്രാർത്ഥിക്കാൻ പോവുകയാണ്. വരാൻ പോകുന്ന അപകടം മണത്തറിഞ്ഞ യേശു ഹൃദയവ്യഥയോടെ പ്രാർത്ഥിക്കുകയാണ്; ശിഷ്യന്മാരോ സ്വസ്ഥമായി ഉറങ്ങുകയും.

ഇതിനിടയിൽ യഹൂദപ്രമാണികളും പ്രധാന പുരോഹിതഗണവും 12 ശിഷ്യന്മാരിൽ ഒരാളായ യൂദാസ് സ്കറിയോത്തായെ ചാക്കിട്ടുപിടിച്ചിരുന്നു. യേശുവിനെ ശരിക്കും ചൂണ്ടിക്കാണിച്ചാൽ 30 വെള്ളിനാണയം അവർ വാഗ്ദാനം ചെയ്തിരുന്നു. യൂദാസിനെ ഇന്നു പൊതുവേ വിശേഷിപ്പിക്കുന്നതു ഒറ്റുകാരൻ എന്നാണ്. അതുപോലെ യൂദാസ് ഏതോ വലിയ അപരാധം ചെയ്തു എന്നുമാണു പൊതുധാരണ. പക്ഷേ, സുവിശേഷങ്ങളിലെ സംഭവങ്ങൾ ഒക്കെത്തന്നെ കൂട്ടിവായിച്ചാൽ യൂദാസ് അത്ര കുഴപ്പക്കാരനല്ല എന്നു വ്യക്തമാകും. അപ്പസ്തോലസംഘത്തിന്റെ പണംസൂക്ഷിപ്പുകാരനും സംഘത്തിന്റെ കാര്യങ്ങൾ നടത്തുന്നവനും യൂദാസ് ആയിരുന്നു. യേശുവിന്റെ ബഹുമുഖ പ്രവർത്തനങ്ങളും ഇടപെടലുകളും പഠനവുമൊക്കെ സശ്രദ്ധം കേൾക്കുകയും കാണുകയും ചെയ്തുവന്ന ഒരു നല്ല വ്യക്തി എന്ന നിലയിൽ, ദൈവരാജ്യം സംസ്ഥാപിതമാക്കാൻ വന്ന വ്യക്തിയാണു യേശു എന്നു വിശ്വസിക്കുന്നതിൽ തെറ്റൊന്നുമില്ല. അങ്ങനത്തെ ഒരാളെ ആർക്കും ഒന്നും ചെയ്യാൻ പറ്റുകയില്ല എന്നു തീർത്തും

ന്യായമായി യൂദാസ് വിശ്വസിച്ചിരിക്കണം. അപ്പോൾ യേശുവിനെ മഹാപുരോഹിതന്മാർക്കും മറ്റും കാട്ടിക്കൊടുത്താൽ, അവർക്ക് യേശുവിനെ ഒന്നും ചെയ്യാൻ പറ്റുകയില്ലെന്നും യൂദാസ് യുക്തിപൂർവ്വം കരുതിയിരിക്കണം. അല്ലാതെ യേശുവിനെ അവർ വധിക്കുമെന്നും അവിടെ യേശു നിസ്സഹായനായി പോകുമെന്നും യൂദാസ് സ്വപ്നംപോലും കണ്ടുകാണുകയില്ല. അങ്ങനെ നോക്കുമ്പോൾ യൂദാസിന്റെ ഈ ഇടപെടൽ ക്ഷമിക്കാനാവാത്ത മഹാ പാപമൊന്നുമല്ല. അതുകൊണ്ടു തന്നെ തന്റെ പ്രതീക്ഷയ്ക്കൊത്തു യേശു ഉയരാതെ, ബന്ധിതനായി പീഡിപ്പിക്കപ്പെടുന്നതു കണ്ടപ്പോൾ യൂദാസിന്, ഏത് നല്ലൊരു മനുഷ്യനും ഉണ്ടാകുന്നതുപോലെ, നിരാശ തോന്നി. ചുരുക്കത്തിൽ യേശുവിനെ കാട്ടിക്കൊടുത്തെങ്കിലും ചരിത്രം പറയുന്നതുപോലെ അത്ര മോശക്കാരനല്ല യൂദാസ്. മാത്രമല്ല, ബൈബിൾ വാക്യത്തിനു അർത്ഥവും വിശ്വാസ്യതയുമുണ്ടെങ്കിൽ യേശു ഇങ്ങനെ ഒറ്റിക്കൊടുക്കുമെന്നും പീഡകൾ സഹിക്കേണ്ടിവരുമെന്നും മറ്റും നേരത്തെ തന്നെ പ്രവചിച്ചിട്ടുമുണ്ട്. അപ്പോൾ, യൂദാസ് യേശുവിന്റെ രക്ഷാകര പ്രവൃത്തി നിർവഹിക്കാൻ വേണ്ടി പ്രവാചകൻ പറഞ്ഞതു നിറവേറ്റിയ വ്യക്തിയാണ്. അങ്ങനെ നോക്കുമ്പോൾ യൂദാസ് രക്ഷാകരചരിത്രത്തിലെ ഒരു അവിഭാജ്യ കണ്ണിയായി മാറുന്നു. നല്ലൊരു മനുഷ്യനായി നിലകൊള്ളുന്നു. ഇത്രയും എഴുതാൻ കാരണം യൂദാസിനെപ്പറ്റിയുള്ള പൊതുധാരണയെ പുനഃവായിക്കാൻ നാം ബാദ്ധ്യസ്ഥരാണെന്നു ഓർമ്മിപ്പിക്കുവാനാണ്.

ഗദ്സേമനിയിലെ പ്രാർത്ഥനയിൽ പ്രതിഫലിച്ചത് യേശുവിന്റെ ആത്മാവിന്റെ കലക്കവും മരണത്തോളം എത്തുന്ന തീവ്രദുഃഖവുമായിരുന്നു. രാത്രിയിലാണു യേശു പൊതുവേ പ്രാർത്ഥനയിൽ മുഴുകുന്നത് എന്നറിയാവുന്ന യൂദാസ് കടന്നുവരുകയാണ്. “അവനോടുകൂടെ പ്രധാന പുരോഹിതന്മാരുടെയും ജനപ്രമാണികളുടെയും അടുക്കൽ നിന്നും വാളും വടികളുമായി ഒരു ജനക്കൂട്ടവും വന്നിരുന്നു” (മത്തായി 26:47). യൂദാസ് യേശുവിനെ ചുംബിച്ചുകൊണ്ട് അവർക്ക് കാട്ടിക്കൊടുത്തു. അവർ മുന്നോട്ടുവന്നു യേശുവിനെ പിടിച്ചു. യേശു അവരോട് “കവർച്ചക്കാരനെതിരെ എന്ന പോലെ വാളുകളും വടികളുമായി നിങ്ങൾ എന്നെ ബന്ധിക്കുവാൻ വന്നിരിക്കുന്നുവോ? ഞാൻ ദിവസവും ദേവാലയത്തിലിരുന്നു നിങ്ങളെ പഠിപ്പിച്ചിരിക്കുന്നു; നിങ്ങൾ എന്നെ ബന്ധിച്ചില്ല. പ്രവാചകന്മാരുടെ ലിഖിതങ്ങൾ പൂർത്തിയാകാൻ വേണ്ടിയാണ് ഇതൊക്കെയും സംഭവിച്ചത്. അപ്പോൾ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ടു ഓടിപ്പോയി” (മത്തായി 26:55-56). ഈ വാക്യം ശരിയെങ്കിൽ, യൂദാസിനെ എങ്ങനെ കുറ്റപ്പെടുത്താനാകും?

അദ്ദേഹം ദൈവഹിതം നിറവേറ്റാനുള്ള ദൈവത്തിന്റെ ഉപകരണമല്ലേയാകുന്നുള്ളു? മാത്രമല്ല മറ്റു ശിഷ്യർ എങ്ങനെയാണ് യൂദാസിനേക്കാൾ മെച്ചമാണെന്നു പറയാൻ പറ്റുക? യേശുവിനു ഒരു പ്രതിസന്ധി ഉണ്ടായപ്പോൾ 'ശിഷ്യന്മാർ എല്ലാവരും അവനെ വിട്ടു ഓടിപ്പോയി' എന്നാണല്ലോ ബൈബിൾ വാക്യം. ഇതൊരു സംവാദത്തിനുവേണ്ടി മാത്രം ഉയർത്തുന്നതല്ല. യൂദാസിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഒരു പുനർവായന ആവശ്യമാണെന്നു വീണ്ടും വ്യക്തമാക്കാനാണ്.

യേശുവിനെ അവർ ബന്ധിച്ചു പ്രധാനപുരോഹിതനായ കയ്യാഫാസിന്റെ അടുത്തെത്തിച്ചു. അവിടെ നിയമജ്ഞരും ശ്രേഷ്ഠന്മാരും സമ്മേളിച്ചിരുന്നു. പ്രധാനപുരോഹിതന്മാരും ന്യായാധിപസംഘം മുഴുവനും യേശു ദൈവപുത്രനാണെന്നു പറഞ്ഞതു ദൈവദൂഷണമാണെന്നും അതുകൊണ്ടവൻ മരണശിക്ഷയ്ക്കു അർഹനാണെന്നും പറഞ്ഞു. ഇതൊക്കെ കണ്ടു ദൂരെ നിന്ന പത്രോസിനോടു പ്രധാന പുരോഹിതന്റെ പരിചാരിക 'നീയും ആ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരാളല്ലേ?' എന്നു ചോദിച്ചതിനു 'അല്ല' എന്നു ഉത്തരം നല്കി. പത്രോസ് പിന്നെയും രണ്ടു പ്രാവശ്യം കൂടി യേശുവിനെ തള്ളിപ്പറഞ്ഞു.

പ്രധാനപുരോഹിതൻ യേശുവിന്റെ ശിഷ്യരെയും പ്രബോധനത്തെയുംകുറിച്ചു ചോദിച്ചപ്പോൾ യേശു പറഞ്ഞു: "ഞാൻ പരസ്യമായിട്ടാണു ലോകത്തോടു സംസാരിച്ചത്. എല്ലാ യഹൂദരും ഒരുമിച്ചു കൂടുന്ന സിനഗോഗിലും ദേവാലയത്തിലുമാണ് എപ്പോഴും പഠിപ്പിച്ചിട്ടുള്ളത്. രഹസ്യമായി ഞാൻ ഒന്നും സംസാരിച്ചിട്ടില്ല. എന്നോടു ചോദിക്കുന്നതെന്തിന്? എന്തെന്നു കേട്ടവരോടു ചോദിക്കുക. ഞാൻ എന്താണ് പറഞ്ഞതെന്ന് അവർക്കറിയാം" (യോഹ. 18:20-21). ഇങ്ങനെയാണോ പ്രധാനപുരോഹിതനോടു മറുപടി പറയുന്നത് എന്നു ചോദിച്ചിട്ട് അവരുടെ സേവകന്മാരിലൊരാൾ യേശുവിനെ അടിച്ചു. അതിനു യേശു അവനോട്: "ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ അതു തെളിയിക്കുക. ശരിയാണു പറഞ്ഞതെങ്കിൽ എന്തിനു നീ എന്നെ അടിക്കുന്നു?" (യോഹ. 18:23).

ഈ ചെറിയൊരു കാര്യം വിശദമായി കുറിച്ചത് ഒരു കാര്യം വ്യക്തമാക്കാനാണ്. തന്റെ സുഹൃത്തുക്കളും ശിഷ്യരും ഓടിയകന്നു. താൻ അന്യായമായി പീഡിപ്പിക്കപ്പെടുന്നു. അവിടെയും അധികാരിയുടെ മുമ്പിൽ വെറുതെ തലകുനിയാൻ തയ്യാറല്ല. നേരേ നിന്നു തന്റെ നിലപാടിൽ ഉറച്ചുനില്ക്കുന്ന യേശു നമുക്ക് ആവേശമല്ലേ.

യഹൂദനിയമമനുസരിച്ചു മഹാപുരോഹിതനു ആരെയും വധിക്കാൻ അനുവാദമില്ല. റോമാചക്രവർത്തിയുടെ ഗവർണറായ പിലാ

ത്തോസിന്റെ മുമ്പിൽ യേശുവിനെ വിധിക്കാൻ കൊണ്ടുവന്നു. പലതും ചോദിച്ചിട്ടു മൂന്നു പ്രാവശ്യം വിധിക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. പക്ഷേ, യഹൂദർ യേശുവിനെ കൊല്ലാൻ വിധിക്കണമെന്നു പല രീതിയിൽ നിർബന്ധിച്ചപ്പോൾ, "ഇതാ നിങ്ങളുടെ രാജാവ്! ... അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കാനായി വിട്ടുകൊടുത്തു" (യോഹ. 19:15-16).

പിലാത്തോസിന്റെ മുമ്പിൽ യഹൂദപ്രമാണികളുമായി നടന്ന വാദങ്ങളും സംസാരങ്ങളും പിലാത്തോസിന്റെയും യേശുവിന്റെയും സംഭാഷണങ്ങളും എല്ലാം ശ്രദ്ധയോടെ വിശകലനം ചെയ്യേണ്ടതാണ്. അതിൽ ഒരെണ്ണം മാത്രം ഇവിടെ എടുത്തുപറയട്ടെ. യേശുവും പിലാത്തോസുമായുള്ള സംസാരത്തിൽ യേശു യഹൂദരുടെ രാജാവാണോ എന്ന ചോദ്യത്തിന്, അവസാനം യേശു ഇങ്ങനെ പറഞ്ഞു: "ഞാൻ ഈ ലോകത്തിലേയ്ക്കു വന്നതു സത്യത്തിനു സാക്ഷ്യം നല്കാൻ വേണ്ടിയാണ്" (യോഹ. 18:37). അതിനു പിലാത്തോസ് 'എന്താണു സത്യം' എന്നു ചോദിച്ചു. തുടർന്ന് യേശുവിന്റെ മറുപടിക്കു കാക്കാതെ യേശുവിനെ ചമ്മട്ടികൊണ്ടു അടിപ്പിച്ചു. അതുകഴിഞ്ഞു പിലാത്തോസിന്റെ ചോദ്യങ്ങളോടു യേശുവിന്റെ സമീപനം കൂടുതൽ നിഷേധാത്മകമായിരുന്നു. മരണത്തിന്റെ വക്കിലും തന്റെ ജീവിത ദൗത്യത്തെക്കുറിച്ചു വ്യക്തതയുള്ള യേശുവിനെയാണു നാം ഇവിടെ ദർശിക്കുക - സത്യത്തിനു സാക്ഷ്യം നല്കുന്ന യേശു.

ക്രൂശിക്കാനായി പിലാത്തോസ് വിട്ടുകൊടുത്ത യേശുവിനെ അവർ ഏറ്റുവാങ്ങി. അവനെ അവർ ഏറെ പീഡിപ്പിച്ചു. അവൻ കുരിശും ചുമന്നുകൊണ്ടു ഗൊൽഗോഥാ എന്ന സ്ഥലത്തേക്കു നീങ്ങി. കുരിശുംപേറി മുന്നേറാൻ ബുദ്ധിമുട്ടുന്നതു കണ്ട്, ഗൊൽഗോഥായിൽ എത്തിയില്ലെങ്കിൽ എന്നു ഭയന്ന്, വഴിയാത്രക്കാരൻ ശിമയോനെ കുരിശു ചുമക്കാൻ സഹായിക്കാൻ പട്ടാളക്കാർ നിർബന്ധിച്ചു. "ഒരു വലിയ ജനക്കൂട്ടവും കരയുകയും മുറവിളികൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും യേശുവിന്റെ പിന്നാലെ പോയിരുന്നു" (ലൂക്ക 23:27). ഗൊൽഗോഥായിൽ എത്തി. അവർ യേശുവിനെ കുരിശിൽ തറച്ചു. ഒപ്പം ഇരുവശത്തും രണ്ടു കള്ളന്മാരെയും കുരിശിലേറ്റി. കുരിശിൽ കിടന്നുകൊണ്ട് "യേശു പറഞ്ഞു: പിതാവേ, അവരോടു ക്ഷമിക്കണമേ. അവർ ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല" (ലൂക്കാ 23:34). ഈയൊരു സമീപനം പരാജയത്തിന്റെയോ നിസാഹയതയുടെയോ ബലഹീനതയുടെയോ സ്വരമല്ല. മറിച്ച് വിജയത്തിന്റെയും സാഹസികതയുടെയും ശക്തിയുടെയും മുദ്രാവാക്യമാണ്.

കുടുംബബന്ധത്തിനും രക്തബന്ധത്തിനും അപ്പുറം നിലനില്ക്കുന്ന സമ്പന്നമായ ബന്ധമുണ്ടെന്നു പഠിപ്പിക്കുന്ന തന്റെ

സ്ത്രൈണഭാവത്തിന്റെ പ്രകാശനം അവസാന നിമിഷത്തിലും പ്രകടമാക്കുകയാണ്. "യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലേയോപ്പാസിന്റെ ഭാര്യ മറിയയും മഗ്ദലേന മറിയവും നില്ക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും (യോഹന്നാൻ) അടുത്തു നില്ക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ" (യോഹ. 19:25-27). രക്തബന്ധത്തിനപ്പുറം വിശ്വകുടുംബത്തിലേക്കും വിശ്വസാഹോദര്യത്തിലേക്കും ക്ഷണിക്കുന്ന ഇത്ര മനോഹരമായൊരു സന്ദർഭം കിട്ടാൻ പ്രയാസമാണ്.

തന്റെ ജീവിതദൗത്യം നിർവഹിച്ചു എന്ന വ്യക്തതയോടെയാണ് യേശുവിന്റെ മരണം. "എല്ലാം പൂർത്തിയായിരിക്കുന്നു" (യോഹ. 19:30) എന്നു പറഞ്ഞുകൊണ്ട് യേശു മരിച്ചു. സമയം ഏതാണ്ടു വെള്ളിയാഴ്ച മൂന്നുമണി എന്നാണ് പൊതുധാരണ. പിറ്റേന്നു ശനിയാഴ്ച. അതായത് യഹൂദരുടെ ഒരുക്കദിവസമായ സാബത്ത്ദിനം. അതുകൊണ്ടു ഒട്ടും താമസിയാതെ അടുത്തു തോട്ടത്തിലുണ്ടായിരുന്ന ഒരു കല്ലറയിൽ യേശുവിനെ സംസ്കരിച്ചു.

യേശുവിന്റെ മരണത്തെപ്പറ്റി സുവിശേഷകർ പറയുന്നതു ശ്രദ്ധയോടെ വായിച്ചാൽ, പഴയനിയമത്തിലെ ചില പ്രവചനങ്ങൾ നടപ്പിലാകുന്നു എന്ന ധ്വനി വല്ലപ്പോഴുമൊക്കെ ഉണ്ടെങ്കിലും, കഥയുടെ പൊതു ഒഴുക്ക് യേശുവിന്റെ അന്ത്യം വെറുമൊരു സ്വാഭാവിക മരണമല്ല; തീർത്തും ആസൂത്രിതമായ രാഷ്ട്രീയ കൊലപാതകമാണ്. ഇന്നു പൊതുവെ പറയുന്നതും വിശുദ്ധവാര ശുശ്രൂഷയിൽ പ്രത്യേകിച്ചു നാടകീയമായി എടുത്തുകാട്ടുന്നതുമായ മനുഷ്യകുലത്തിന്റെ പാപത്തിനുള്ള പരിഹാരബലിയാണു യേശുവിന്റെ ക്രൂശിലെ മരണം എന്ന ധ്വനി എങ്ങുമേ കാണുന്നില്ല എന്നതാണു വാസ്തവം. അതുപോലെ തന്റെ മരണം പിതാവിന്റെ ഹിതമാണെന്നു പറഞ്ഞു ഓടിച്ചെന്നു ഏറ്റുപിടിക്കുന്നതുമല്ല ക്രൂശിലെ മരണം. പിന്നെയോ യേശു തന്റെ ജീവിതകാലത്തു അന്നത്തെ സാമൂഹ്യ-രാഷ്ട്രീയ-മതപരമായ വ്യവസ്ഥയെ അപഗ്രഥിച്ചിട്ട്, ദരിദ്രപക്ഷം പിടിച്ചതിന്റെ, വലിയവന്റെ പക്ഷത്തെ കർശനമായി എതിർത്തതിന്റെ പ്രതിഫലനമാണ് ഈ അന്ത്യം. അന്നു നിലവിലുണ്ടായിരുന്ന എല്ലാ അധീശസംവിധാനങ്ങളെയും വിട്ടുവീഴ്ചയില്ലാതെ വിമർശിച്ചതിന്റെയും അധഃസ്ഥിതവർഗ്ഗത്തോടു കൂട്ടുകൂടിയതിന്റെയും പരിണതഫലമാണീ അന്ത്യം. ഒറ്റവാക്കിൽ ഈ അന്ത്യം വെറുമൊരു മരണമല്ല; ബോധപൂർവ്വം ആസൂത്രിതമായി നടത്തപ്പെട്ട ഒരു കൊലപാതകമാണ്, ഒരു രാഷ്ട്രീയ

കൊലപാതകം. അന്നത്തെ ഭരണകൂടത്തിനും ദുഷ്പ്രഭുത്വത്തിനും പൗരോഹിത്യ കോട്ടകൾക്കുമെതിരെ ജനകീയപോരാട്ടം നടത്തിയ, ഭൗതികജീവിതത്തെയും ആത്മീയജീവിതത്തെയും എന്തിനു ദൈവത്തെപ്പോലും പുനർനിർവ്വചിച്ച, സർവ്വോപരി ദരിദ്രജനതയ്ക്ക് പോരാട്ടത്തിന്റെ മാനിഫെസ്റ്റോ രചിച്ചുകൊടുത്ത ഒരു പ്രക്ഷോഭകാരിയുടെ, ഒരു അതീവ പ്രതിഭാശാലിയുടെ, വീറുറ്റ മനുഷ്യസ്നേഹിയുടെ മരണം ഉറപ്പുവരുത്തേണ്ടത് അന്നത്തെപ്പോലെ എക്കാലത്തേയും അധികാരമൂർത്തികളുടെ ആവശ്യമാണ്. അതിന്റെ ഫലമാണ് യേശുവിന്റെ കുരിശിലെ കൊലപാതകം. മനുഷ്യൻ വധിക്കപ്പെട്ടാം, എന്നാൽ ഒരായിരം പേർ ഉയർത്തെഴുന്നേല്ക്കും എന്ന സത്യം അധികാരികൾ മറന്നുപോകുന്നു.

# 27. യേശുവിന്റെ ഉയിർപ്പ്, മനുഷ്യ കുലത്തിന്റെ ഉയർപ്പിന്റെ പ്രതീകം

ക്രൈസ്തവരെ സംബന്ധിച്ച് ഏറ്റവും ആനന്ദദായകമായ അനുഭവം ഉയിർപ്പാണ്. ആനന്ദകരമായ മറ്റൊരു ദിനം ക്രിസ്തുമസ്സാണ്. ഈ രണ്ടു വലിയ അനുഭവങ്ങളും 365 ദിവസങ്ങളിൽ വെറും രണ്ടു ദിവസത്തെ ആഘോഷമായി മാത്രം ഇന്നു ചുരുക്കിയിട്ട്, ബാക്കി 363 ദിവസങ്ങളിലും യേശുവിന്റെ പീഡാസഹനവും മരണവും നോമ്പും പാപപരിഹാരവും പശ്ചാത്താപവും എന്നിങ്ങനെയുള്ള യാതനാബന്ധിത ചടങ്ങുകളുടെ ഒരു ഘോഷയാത്രയാണ് ക്രിസ്ത്യാനിയുടെ മതജീവിതത്തെ പൊതുവെ അടക്കിഭരിക്കുന്നത്. ദൈവത്തിന്റെ മനുഷ്യാവതാരത്തിലൂടെ മനുഷ്യർ ദൈവങ്ങളാകുന്ന അനുഭവം നിരന്തരമുണ്ടാകേണ്ടതാണ്. അതുപോലെ ഉത്ഥാനമെന്ന അനുഭവം ഒരു നിമിഷത്തേയ്ക്കുള്ളതോ ഒരു ദിവസത്തേയ്ക്കുള്ളതോ അല്ല; ഒരു നിരന്തര രക്ഷാകര അനുഭൂതിയാണ്.

ഇന്നത്തെ പൊതുധാരണ യേശു വെള്ളിയാഴ്ച മരിച്ചു; മൂന്നാം ദിവസമായ ഞായറാഴ്ച ഉത്ഥാനം ചെയ്തു എന്നതാണ്. പക്ഷേ, ദൈവശാസ്ത്രജ്ഞർ, യേശു ദൈവമായിരിക്കെ യേശുവിന്റെ മരണവും ഉത്ഥാനവും ഒത്തു നടക്കണമെന്നും, മൂന്നാം ദിവസമെന്നു പറയുന്നതു ആരാധനാക്രമങ്ങൾ നടപ്പിലാക്കാനുള്ള സൗകര്യത്തിനാണെന്നും പറയുന്നു. കാര്യത്തിന്റെ നിജസ്ഥിതി എന്തായാലും യേശു മൂന്നാം ദിവസം ഉത്ഥിതനായി എന്നും ആദ്യം മഗ്ദലനമറിയത്തിനും പിന്നെ ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെട്ടു എന്നും നാല്പതു ദിവസം വരെ പലപ്രാവശ്യം പലർക്കും വെളിപ്പെട്ടെന്നും നാല്പതാം ദിവസം സ്വർഗ്ഗാരോഹണം ചെയ്തുവെന്നുമാണ് ക്രൈസ്തവസഭയിലെ പാരമ്പര്യവിശ്വാസം. ഈയൊരു ശൈലിയിൽ ഇവയെ കാണുന്നതു ആരാധനാക്രമ നടത്തിപ്പിനും ഭക്തകൃത്യാനുഷ്ഠാനങ്ങൾക്കും ഉപകരിക്കാനാണ്. അത്രയും വിലയേ അവയ്ക്കുള്ളു എന്നു സാരം.

ഇവിടെ യേശുവിന്റെ ഉയിർപ്പിനെപ്പറ്റി മാത്രം അല്പംകൂടി മുന്നോട്ടു നമ്മുടെ ചിന്ത കൊണ്ടുപോകാമെന്നു കരുതുന്നു. യേശുവിനെ കല്ലറയിൽ സംസ്കരിച്ചിട്ടു ശവകുടീരം കല്ലുവച്ചു അടച്ചു സീൽ ചെയ്തു. ശിഷ്യന്മാർ യേശുവിന്റെ ശരീരം എടുത്തുമാറ്റിയിട്ട് അവൻ

മൂന്നാം ദിവസം ഉയർത്തു എന്നു പറഞ്ഞേക്കുമെന്നു ഭയന്ന് കാവൽക്കാരെയും നിറുത്തി കല്ലറ ഭദ്രമാക്കി (മത്തായി 27:62-66). അത്ഭുതമെന്നു പറയട്ടെ, മൂന്നാംദിവസം യേശു ഉയിർത്തെഴുന്നേറ്റു. കാവൽക്കാർ ഭയവിഹ്വലരായി; കല്ലു നീക്കപ്പെട്ടു. അങ്ങനെ വലിയ അത്ഭുതം ജനിപ്പിക്കുന്ന ഒരു സംഭവമായാണ് യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയും ചിത്രീകരിച്ചുപോരുന്നത്.

യേശുവിന്റെ ജീവിതദർശനത്തെയും പഠനങ്ങളെയും ആഴത്തിൽ പരിശോധിക്കുന്ന ഒരാൾക്ക് ഉത്ഥാനത്തെ ഇത്ര ബാലിശമായി കാണാൻ കഴിയില്ല. കാരണം ഇത്തരം ചെപ്പടിവിദ്യകൾ ഉത്ഥാനവുമായി ബന്ധിപ്പിക്കുന്നതു തന്നെ തെറ്റാണ്.

ഒരിക്കൽ യേശു പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ, അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും. നിന്റെ ജീവനെ സ്നേഹിക്കുന്നവൻ, അതു നഷ്ടപ്പെടുത്തുന്നു. തന്റെ ജീവനെ കൊടുക്കുന്നവൻ നിത്യജീവനിലേയ്ക്കു കടക്കുന്നു" (യോഹ. 12: 24-25). ഇങ്ങനെ ബൈബിളിലെ പല ഭാഗങ്ങളിലും സ്വയം വ്യയം ചെയ്താൽ സമൃദ്ധിയിൽ ലഭിക്കും എന്നുള്ള ധ്വനികളുണ്ട്.

യേശു, തനിക്കായി ഒരു നിമിഷവും മാറ്റിവയ്ക്കുന്നതായി കാണുന്നില്ല. എപ്പോഴും മറ്റുള്ളവർക്കു നന്മചെയ്യുന്നതിൽ വ്യാപൃതനായിരിക്കുന്നു. മറ്റുള്ളവർ എന്നുപറയുമ്പോൾ പ്രത്യേകിച്ചു സമൂഹത്തിൽ അവശതയും വേദനയും യാതനയും അനുഭവിക്കുന്ന പാപികൾ, ചുങ്കക്കാർ, വേശ്യകൾ, രോഗികൾ, ഭ്രഷ്ട് കല്പിക്കപ്പെട്ടവർ, അന്ധർ, കുഷ്ഠരോഗികൾ എന്നുവേണ്ട എല്ലാ രീതിയിലും ഓരങ്ങളിലേയ്ക്കു തള്ളിനീക്കപ്പെട്ടവർ. അവർക്കായി രാവും പകലും സമയത്തും അസമയത്തും സ്വയം വ്യയം ചെയ്യുന്ന യേശുവിനെയാണു നാം സുവിശേഷങ്ങളിൽ ദർശിക്കുന്നത്. ഇങ്ങനെ മറ്റുള്ളവർക്കായി പൂർണ്ണമായും സ്വയം വലിച്ചെറിഞ്ഞ ഒരു വ്യക്തി എങ്ങനെയാണു മരിക്കുക. അസാധ്യം! യേശു മറ്റുള്ളവർക്കായി ജീവിച്ച്, സ്വയം ബലിവസ്തുവായി, മറ്റുള്ളവർക്കു ആഹാരമായും പാനീയമായും സ്വയം കൊടുത്തു. അങ്ങനെ തന്നെത്തന്നെ അപരർക്കായി കൊടുത്ത യേശുവിനു മരിക്കാൻ സാധിക്കുകയില്ല. എത്ര കല്ലുരുട്ടിവെച്ചാലും സീൽ ചെയ്താലും ഭടന്മാർ കാവൽ നിന്നാലും അജയ്യശക്തിയായി ഉയർത്തെഴുന്നേല്ക്കും ... എന്നും ചരിത്രത്തിൽ ജീവിക്കും.

ഇതു യേശുവിന്റെ കഥ മാത്രമല്ല. ആരാണ് ചരിത്രത്തിൽ ജീവിക്കുക? അവനവനു വേണ്ടി ജീവിക്കുന്നവർ, മരണത്തോടെ തീർത്തും

8622



ഇല്ലാതാകുന്നു. പക്ഷേ, അപരർക്കായി, സമൂഹത്തിനായി ജീവാർപ്പണം ചെയ്തവരോ, നിത്യം ജീവിക്കും. അപ്പോൾ യേശുവിനോടൊപ്പം നമ്മുടെയും ഉയിർപ്പ് സുനിശ്ചിതമാക്കുന്നതിനുള്ള മാർഗ്ഗം മറ്റുള്ളവർക്കായി, നല്ലൊരു നാളെയ്ക്കായി, പുതിയൊരു സമൂഹസൃഷ്ടിക്കായി നമ്മെത്തന്നെ വലിച്ചെറിയുകയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നമ്മുടെ ഓരോരുത്തരുടെയും ഉയിർപ്പിന്റെ മാനദണ്ഡം നാം എത്രമാത്രം മറ്റുള്ളവർക്കായി സ്വജീവിതം ബലിയർപ്പിക്കുന്നുവോ അത്രയും നമ്മുടെ ഉയിർപ്പു സുനിശ്ചിതം എന്നാണ്.

അങ്ങനെ യേശുവിന്റെ ഉയിർപ്പ് നമ്മുടെ ഓരോരുത്തരുടെയും ഉയിർപ്പിന്റെ പ്രതീകവും ഉറപ്പുമാണ്.

PC Library & Research Center

# ഇവൻ യേശു

## ഒരു മനുഷ്യപുത്രന്റെ ജീവിതകഥ



യേശുവിന്റെ ജീവിതകഥയെഴുതാൻ ഞാനാളല്ല. പിന്നെ ഈ സാഹസത്തിനു എന്നെ പ്രേരിപ്പിച്ചതിന്റെ പിന്നിൽ നീണ്ടൊരു അനുഭവകഥയുണ്ട്. കഴിഞ്ഞ 39 വർഷത്തെ ഒദ്യോഗികവും അനൗദ്യോഗികവുമായ വൈദികജീവിതസരണിയിൽ കേൾക്കേണ്ടിവന്ന തീർത്തും അരോചകവും വേദനാജനകവുമായ സ്ഥിരം പല്ലവിയുണ്ട്: യേശു എല്ലാ പ്രശ്നത്തിനും ഉത്തരം, യേശു ക്രൈസ്തവരുടെ കുത്തക, യേശു ഏക രക്ഷകൻ തുടങ്ങിയവ. അങ്ങനെ യേശുവും ക്രിസ്ത്യാനികളും രക്ഷിക്കപ്പെട്ടവരും തമ്മിൽ ഏതോ നിഗൂഢബന്ധമുള്ളതുപോലെ. ഇവിടെ നിക്ഷിപ്തതാല്പര്യം ഉണ്ടെന്നാണ് എന്റെ നിരീക്ഷണം.

യേശു ആരുടെയും കുത്തകയല്ല. മനുഷ്യവംശത്തിന്റെ സമ്പത്താണ്. ലോകത്തെ ഓരോ വ്യക്തിക്കും ഈ സമ്പത്തിൽ അവകാശവും അധികാരവുമുണ്ട്. യേശുവിനെ കുത്തകയാക്കി ക്രിസ്തീയ കാരാഗൃഹത്തിൽ വച്ചിരിക്കുന്നവരിൽ നിന്നു വിമോചിപ്പിക്കുക എന്ന ഉത്തരവാദിത്വം ഏതു മാനവന്റെയും ധർമ്മമാണ്. ഈ വസ്തുതയെ എങ്ങനെ കാര്യക്ഷമമായി ജനസമക്ഷം അവതരിപ്പിക്കാമെന്ന ചിന്തയുടെ പ്രതിഫലനമാണീ ലഘുഗ്രന്ഥം. അതുകൊണ്ടുതന്നെ അതിനൊരു അവതാരിക ആവശ്യമില്ല. യേശുവിനെപ്പറ്റിയുള്ള എന്റെ ഹൃദയത്തുടിപ്പുകൾ ജനസമക്ഷം അവതരിപ്പിക്കുക മാത്രം ചെയ്യട്ടെ. സദയം സ്വീകരിച്ചാലും.

അലോഷ്യസ് ഡി. ഫെർണാന്റസ്

ജനജാഗൃതി പ്രസാധകസംഘം
പുന്നപ്ര നോർത്ത് പി. ഒ.
ആലപ്പുഴ - 688 014

978-81-7495-235-6

Price Rs. 60

Indic Digital Archive Foundation

# ഇവൻ യേശു

## ഒരു മനുഷ്യപുത്രന്റെ ജീവിതകഥ



242.

അലോഷ്യസ് ഡി. ഫെർണാന്റസ്

ജനജാഗൃതി പ്രസാധകസംഘം

gpura.org